


ഒൻപതാം പദ്ധതി നമ്മുടെ പദ്ധതി

അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത്

വികസന രേഖ 1996

ഒൻപതാം പദ്ധതി
നമ്മുടെ പദ്ധതി




അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത്
വികസന രേഖ 1996

" 1996 ഡിസംബർ 18 ന് ചേർന്ന അഞ്ചുതെങ്ങ് ഗ്രാമ പഞ്ചായത്ത് കമ്മിറ്റി ഒന്നാം നമ്പർ തീരുമാനപ്രകാരം വായിച്ചംഗീകരിച്ച സമഗ്രവികസന രേഖ"

അഞ്ചുതെങ്ങ് ഗ്രാമ പഞ്ചായത്ത്
ഒറ്റ നോട്ടത്തിൽ

ജില്ല	തിരുവനന്തപുരം
താലൂക്ക്	ചിറയിൻകീഴ്
വില്ലേജ്	വക്കം, കടയ്ക്കാവൂർ
ബ്ലോക്ക് പഞ്ചായത്ത്	ചിറയിൻകീഴ്
അസംബ്ലി മണ്ഡലം	ആറ്റിങ്ങൽ
വിസ്തീർണ്ണം	3.36 ചതുരശ്രകിലോ മീറ്റർ
വാർഡുകൾ	9
അതിരുകൾ :	
കിഴക്ക്	മീരാൻകടവ് പാലം - കടയ്ക്കാവൂർ പഞ്ചായത്ത്
വടക്ക്	പൂത്തുറ - ചിറയിൻ കീഴ് പഞ്ചായത്ത്
പടിഞ്ഞാറ്	അറബിക്കടൽ
തെക്ക്	വിളബ്ഭാഗം, വെട്ടൂർ പഞ്ചായത്ത്
പ്രസിഡന്റ്	ശ്രീമതി സി. ലീലടീച്ചർ
വൈസ് പ്രസിഡന്റ്	ശ്രീ. എ. ആന്റണി
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ	ശ്രീ. എസ്. സുരേന്ദ്രൻ



എസ്. ശശാങ്കാൻ
മുൻ പഞ്ചായത്ത് പ്രസിഡന്റ്




എ. നസീമാ ബീവി
ജില്ലാ പഞ്ചായത്ത് അംഗം




ക്രിസ്റ്റീന ജൂലിയാൻ
ബ്ലോക്ക് മെമ്പർ



ശ്രീമതി സി. ലീല
പ്രസിഡന്റ്
ഗ്രാമ പഞ്ചായത്ത് അഞ്ചുതെങ്ങ്




ശ്രീ. എ. ആന്റണി
വൈസ്. പ്രസിഡന്റ്




ശ്രീ. എസ്. സുരേന്ദ്രൻ
ചെയർമാൻ
സ്റ്റാൻന്റിംഗ് കമ്മിറ്റി

പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ



ശ്രീ. z. ആന്റണി




ശ്രീ. എ. ആന്റണി




ശ്രീമതി. സാഞ്ചിലി പോൾ




ശ്രീമതി. മേരി മാർട്ടിൻ




ശ്രീ.സജിൻ സെബാസ്റ്റ്യൻ



ശ്രീമതി. ഷീലാ ഭാസ്ക്കരൻ



ശ്രീ. എസ്. സുരേന്ദ്രൻ



ശ്രീ. ചന്ദ്രഹാസൻ



ശ്രീമതി സി.ലീല ടീച്ചർ

ഉള്ളടക്കം

i. ആമുഖം

ii. ചരിത്രപശ്ചാത്തലം

iii. ഭൂപ്രകൃതിയും വിഭവങ്ങളും

IV. വികസനമേഖലകൾ

1. കൃഷി, ജലസേചനം
2. മൃഗസംരക്ഷണം
3. മത്സ്യബന്ധനം
4. വ്യവസായം, മാർക്കറ്റ്
5. ഊർജ്ജം
6. ഗതാഗതം
7. പാർപ്പിടം
8. ആരോഗ്യം
9. കുടിവെള്ളം, പരിസരശുചിത്വം
10. വിദ്യാഭ്യാസം
11. സംസ്ക്കാരം
12. വനിത
13. പട്ടികജാതിക്ഷേമം
14. സാമൂഹ്യക്ഷേമം
15. സഹകരണ മേഖല
16. വിഭവസമാഹരണം

ഉപസംഹാരം

" നാടിന്റെ വികസനത്തിൽ അണി ചേരുക"

. സി. ലീല
പഞ്ചായത്തു പ്രസിഡന്റ്

വികേന്ദ്രീകരണ ഭരണ സമ്പ്രദായത്തോടുകൂടിയ ത്രിതല പഞ്ചായത്തു സംവിധാനത്തിൽ ഗ്രാമ പഞ്ചായത്ത് തലത്തിലുള്ള വികസന ആസൂത്രണം സംസ്ഥാന ആസൂത്രണ പ്രക്രിയയുടെ അവിഭാജ്യഘടകമായിരിക്കണം അതുകൊണ്ട് തന്നെ ഗ്രാമ പഞ്ചായത്ത് തലത്തിലുള്ള ആസൂത്രണ രീതികളും സങ്കേതങ്ങളും ഉന്നതതല ആസൂത്രണ രീതികളുമായി പൊരുത്തപ്പെടുന്നവയായിരിക്കേണ്ടതുണ്ട്. സംസ്ഥാന,ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് തലങ്ങളിൽ ചുമതലകളും ഉത്തരവാദിത്വങ്ങളും വ്യക്തമായി വേർതിരിച്ചിട്ടുള്ളതിനാൽ ഓരോതലങ്ങൾക്കും ഉപയുക്തമാകുന്ന ആസൂത്രണ രീതികളാണ് അവലംബിക്കേണ്ടത്. പ്രാദേശിക ആവശ്യങ്ങളും സ്പന്ദനങ്ങളും, സാദ്ധ്യതകളും,വിഭവങ്ങളും,സാഹചര്യങ്ങളും, വികസനതോതും, നിക്ഷേപ സാദ്ധ്യതകളും വിവിധതലങ്ങളിൽ തീരുമാനിക്കപ്പെടുന്ന വികേന്ദ്രീകരണ ആസൂത്രണ പ്രക്രിയയിൽ സൂക്ഷ്മതല പദ്ധതിയാവിഷ്കരണ സിദ്ധാന്തങ്ങൾ വിലപ്പെട്ടതാണ്.

ഒരു ഗ്രാമ പഞ്ചായത്തിന്റെ അധികാരപരിധിക്കുള്ളിലുള്ള ഭൂപ്രദേശത്ത് പഞ്ചായത്തുകൾക്ക് നൽകിയിട്ടുള്ള അധികാരങ്ങളും ചുമതലകളും, ഉത്തരവാദിത്വങ്ങൾക്കനുസൃതമായി പ്രകൃതി മനുഷ്യവിഭവങ്ങളെ പ്രയോജനപ്പെടുത്തി പരിസ്ഥിതിക്ക് ഇണങ്ങുന്നതും സ്ഥായിയുമായ വികസനപദ്ധതികൾ ആവിഷ്കരിച്ചു ജനങ്ങളെ സാമൂഹ്യസാമ്പത്തിക അഭിവൃദ്ധിയിലേക്കു നയിക്കുകയെന്നു ള്ളതാണ് പഞ്ചായത്തുകളിൽ അർപ്പിതമായിരിക്കുന്ന ചുമതല. പ്രാദേശികമായ അസംതുലിതാവസ്ഥ ഇല്ലാതാക്കുകയും വികസന നേട്ടങ്ങളെ നീതി പൂർവ്വമായി വിതരണം ചെയ്യുകയും വേണം, വിവിധ മേഖലകളെ സമഗ്രമായി അപഗ്രഥിക്കുകയും, മണ്ണും, ജലവും, ജൈവസമ്പത്തും മനുഷ്യ ശക്തിയും ബുദ്ധിയും സമന്വയിപ്പിച്ചു പുതിയൊരു ഉൽപാദന സംസ്ക്കാരം വളർത്തിയെടുക്കുകയെന്നതാണ് നമ്മുടെ മുന്നിലുള്ള വെല്ലുവിളി.

രണ്ടാം ഘട്ട ജില്ലാതല പരിശീലനം കഴിഞ്ഞശേഷമാണ് വികസന റിപ്പോർട്ട് തയ്യാറാക്കാനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയത്. ജില്ലാതല പരിശീലനം സെപ്റ്റംബർ 26,27,28 തീയതികളിൽ നടന്നു. പഞ്ചായത്തുതല രണ്ടാം ഘട്ട പരിശീലനം നവംബർ 3കായിക്കര ആശാൻ മെമ്മോറിയൽ LPS ൽ നടന്നു. ഈ ചുരുങ്ങിയ കാലയളവിനുള്ളിൽ ഇങ്ങിനെയൊരു റിപ്പോർട്ട് തയ്യാറാക്കാൻ കഴിഞ്ഞത് ഒരു സംഘം ആൾക്കാരുടെ അഹോരാത്രമുള്ള അദ്ധ്വാനംകൊണ്ടു മാത്രമാണ്.

വിവര ശേഖരണത്തിന്റെ പ്രാധാന്യവും വിദഗ്ദ്ധരുടെ ആവശ്യകതയും വികസനറിപ്പോർട്ട് തയ്യാറാക്കുന്ന വേളയിലാണ് മനസ്സിലായത്. വിവരങ്ങളെ അപഗ്രഥിച്ചു വിവിധ വികസന മേഖലകളെ പരസ്പരബന്ധിതമായി പഠിക്കാനും പദ്ധതികൾ ആവിഷ്കരിക്കാനും ജനങ്ങളും ഉദ്യോഗസ്ഥന്മാരും, വിദ്ഗദ്ധരുമടങ്ങുന്ന സംഘങ്ങളുടെ കൂട്ടായ പ്രവർത്തനം കൊണ്ടേ കഴിയൂ. ഇത് പ്രഥമ റിപ്പോർട്ടാണ്. എല്ലാ വിവരങ്ങളും ശേഖരിച്ച് പഠിച്ച് സമഗ്രമായൊരു വികസന റിപ്പോർട്ട് തയ്യാറാക്കുകയാണ് ലക്ഷ്യം. അതിനു വികസന സെമിനാറിൽ പ്രോത്സാഹജനകമായ ചർച്ചകളുണ്ടാകുമെന്നതു തീർച്ച.

ആമുഖം

ഇന്ത്യയിലെ ആസൂത്രണം അമ്പതുകളിൽ തുടങ്ങിയതാണ്. പദ്ധതിയുടെ രൂപീകരണവും നിർവ്വഹണവും ജനങ്ങൾ അറിഞ്ഞതേയില്ല. ആസൂത്രണം മുകളിൽ നിന്ന് അടിച്ചേല്പിക്കുന്നതായിരുന്നു. ജനങ്ങളുടെ ആവശ്യമോ, ആഗ്രഹമോ പരിഗണനാവിഷയമായിരുന്നില്ല.

ജനം തീരുമാനമെടുക്കേണ്ടവരല്ല; തീരുമാനം അംഗീകരിക്കേണ്ടവരാണെന്ന ധാരണ മാറ്റുന്നതിന് സഹായകമായ നിയമനിർമ്മാണമായിരുന്നു ഭരണഘടനയുടെ 73-74 -ാം ഭേദഗതി

ജനാധിപത്യത്തിന് പുതിയ മാനം, നല്കുന്ന ഒന്നാണ് പഞ്ചായത്ത് രാജ് നിയമത്തിലെ "ഗ്രാമ സഭ" എന്ന സംവിധാനം. പങ്കാളിത്ത ജനാധിപത്യത്തിന്റെ അംശം കൂട്ടുച്ചേർക്കുന്നതിന് ഇതിലൂടെ സാധ്യമായി. പദ്ധതി രൂപീകരണമെന്നത് പഞ്ചായത്തിന്റെ ചുമതലയായി മാറി. ഇന പ്രവർത്തനങ്ങളിൽ ജനങ്ങളെ പങ്കാളികളാക്കുന്നതിനുള്ള സാധ്യതയും പഞ്ചായത്ത് രാജ് നിയമത്തിലുണ്ട്.

പദ്ധതിരൂപീകരണത്തിലും നിർവ്വഹണത്തിലും ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള ചാലകശക്തിയാണ് ജനകീയാസൂത്രണ പ്രസ്ഥാനം. 1997 ൽ ആരംഭിക്കുന്ന 9-ാം പദ്ധതി ജനകീയ പദ്ധതിയായി രൂപപ്പെടുത്തുന്നതിന് സർക്കാർ തീരുമാനമെടുത്തു പദ്ധതിച്ചെലവിന്റെ 35- 40% പഞ്ചായത്തുകൾക്ക് തൊട്ടാവും. ഇതിനായുള്ള പദ്ധതികൾ രൂപപ്പെടുത്തുന്നത് ഗ്രാമീണജനങ്ങളാണ്.

ആസൂത്രണ പ്രക്രിയയിൽ ജനങ്ങളെ പങ്കാളികളാക്കുന്നതിന് അനുകരിക്കാവുന്ന മാതൃകകൾ ഒന്നുമില്ല. ആദ്യപരീക്ഷണമാണ്

പദ്ധതിയാസൂത്രണത്തിനായുള്ള വിശേഷാൽ ഗ്രാമസഭകൾ ചേർന്ന് ഒരോ വാർഡിലേയും വിവിധ മേഖലകളിലെ വികസന പ്രശ്നങ്ങൾ വിശദമായി ചർച്ച നടത്തി. അങ്ങിനെ ആദ്യമായി ജനങ്ങൾ ഒത്തുചേർന്ന് നാട്ടിലെ വികസന പ്രശ്നങ്ങൾ ചർച്ച ചെയ്തു. ഇതൊരു പുതിയ അനുഭവമായിരുന്നു പുതിയ ആവേശവും ജനങ്ങളുടെ അറിവും, ആവശ്യവും ഈ ചർച്ചകളിലൂടെ പ്രകടിപ്പിച്ചു. ഇവയെ പദ്ധതിയാക്കി മാറ്റുന്നതിന് പഞ്ചായത്തു തലത്തിൽ രൂപീകരിച്ച നിരവധി പ്രവർത്തനങ്ങൾ ആവശ്യമാണ്.

" ചരിത്ര പ്രസിദ്ധമായ അമ്പുതെങ്ങ് കോട്ടയും, മഹാകവി കുമാരനാശാന്റെ ജന്മസ്ഥലവുമായ കായിക്കരയിലെ സ്മാരകവും, പ്രകൃതിരമണീയമായ പൊന്നിൻ തുരുത്തിന്റെയും സവിശേഷതകളെങ്കിലെടുത്ത് അമ്പുതെങ്ങ് ടൂറിസ്റ്റ് കേന്ദ്രമായി പ്രഖ്യാപിക്കണം."

നമ്മുടെ നാടിന്റെ ചരിത്ര പശ്ചാത്തലം

ചരിത്രത്തിന്റെ ഏടുകളിലേക്ക് കണ്ണോടിക്കുമ്പോൾ ഐതിഹാസികങ്ങളായ ഒരായിരം വീരഗാഥകളുമായി ഒരു കടലോര ഗ്രാമം അഞ്ചുതെങ്ങ്

യുഗാന്തരങ്ങളിലൂടെ ആയിരം സ്മരണകൾ അയവിറക്കികൊണ്ട് തലയുയർത്തി നില്ക്കുന്ന അഞ്ചുതെങ്ങ് കോട്ടയ്ക്കുമുണ്ട് ഒരുകൂട്ടം യൂറോപ്യന്മാരുടെ സാഹസികത ജ്വലിക്കുന്ന കഥ പറയാൻ

കടലിന്റെ ആരവവും കായലിന്റെ കളകള സംഗീതവും കേട്ടുണരുന്ന മത്സ്യതൊഴിലാളികളും, കയർതൊഴിലാളികളും തിങ്ങിപ്പാർക്കുന്ന ഈ ഗ്രാമത്തിന്റെ നിറം മങ്ങാത്ത ഭൂതകാലത്തിലേക്കുതിരിഞ്ഞു നോക്കുമ്പോൾ ഓർമ്മകളുടെ മണി ചെപ്പുകൾ സൂക്ഷിക്കുവാൻ ഒത്തിരി ഒത്തിരി സംഭവങ്ങൾ

കേരളത്തിലെന്നല്ല, ഭാരതത്തിന്റെ തന്നെ ചരിത്രങ്ങൾ മാറ്റി മറിക്കാനും തങ്ങളുടെ ആധിപത്യം അരക്കിട്ടുറപ്പിച്ച് അധികാര കൊടിപാറിക്കാനും ലക്ഷ്യമിട്ടെത്തിയ പോർച്ചുഗീസ്,ഡച്ചു,ഇംഗ്ലീഷ് തുടങ്ങിയ യുറോപ്യൻ ശക്തികൾക്ക് ഒരുകാലത്ത് അഞ്ചുതെങ്ങ് ഒരിടത്താവളമായിരുന്നു.

ഏകദേശം 15-ാം നൂറ്റാണ്ടിന്റെ അന്ത്യത്തോടുകൂടിയാണ് പോർച്ചുഗീസുകാർ അഞ്ചുതെങ്ങിൽ കാലുകുത്തിയത്. 1498 ൽ കോഴിക്കോട് കാപ്പാടിൽ കപ്പലിറങ്ങിയ പോർച്ചുഗീസുകാർ സാമൂതിരിയുടെ അനുമതിയോടെ മതപ്രചരണാർത്ഥം അഞ്ചുതെങ്ങിലും എത്തിച്ചേർന്നു.

മദ്രാസ് ലജിസ്ലേറ്റീവ് അസംബ്ലി.

1945-ാമതുവർഷത്തെ തിരുനെൽവേലി ഇന്ത്യൻ ക്രിസ്ത്യൻ കാൺസ്റ്റിറ്റുവെൻസിയിൽ ചേർന്ന ലജിസ്ലേറ്റീവ് അസംബ്ലിയിൽ അവസാന എലക്ട്രോറൽ ലിസ്റ്റ്.

തിരുനെൽവേലി ജില്ല - തിരുനെൽവേലി റവന്യൂഡിവിഷൻ

അഞ്ചങ്കൊ - സബ്താലൂക്ക്

കുറിപ്പ്:-(1) ബ്രാക്കറ്റിനുള്ളിൽ കാണിച്ചിരിക്കുന്നത് അച്ഛന്റേയോ ഭർത്താവിന്റെയോ അല്ലെങ്കിൽ കാരണവന്റെയോ പേര്.

(2) യോഗ്യതാംശം കാണിക്കാത്ത പേരുകളിൽ യോഗ്യതാംശം

(S) എന്നത് സ്ത്രീ

റജിസ്ട്രേഷൻ ഏറിയ തിരുനെൽവേലി റവന്യൂ ഡിവിഷൻ

പോളിംഗ്സ്റ്റേഷൻ അഞ്ചങ്കോ - പോളിംഗ് ഏറിയ നമ്പർ 1.

മദ്രാസ് ലജിസ്ലേറ്റീവ് അസംബ്ലി.

1945-ാമതുവർഷത്തെ തിരുനെൽവേലി ഇന്ത്യൻക്രിസ്ത്യൻ കാൺസ്റ്റിറ്റുവെൻസിയിൽ ചേർന്ന ലജിസ്ലേറ്റീവ് അസംബ്ലിയിൽ അവസാന ഔദ്യോഗിക ലിസ്റ്റ്.

തിരുനെൽവേലി ജില്ല — തിരുനെൽവേലി റവന്യൂഡിവിഷൻ.

അഞ്ചൊ — സബ്താലൂക്ക്.

കുറിപ്പ്:—(1) ഗ്രാക്കറിന്നുള്ളിൽ കാണിച്ചിരിക്കുന്നതു് അപ്പന്റേറയോ തന്തവിന്റേറയോ അല്ലെങ്കിൽ കാരണവന്റേറയോ പേരു്.

(2) യോഗ്യതാംശം കാണിക്കാത്ത പേരുകളിൽ യോഗ്യതാംശം.


(S) ഒന്നാണ്ടു് സ്ത്രീ.


രജിസ്ട്രേഷൻ ഏറിയ തിരുനെൽവേലി റവന്യൂഡിവിഷൻ


പോളിംഗ്സ്റ്റേഷൻ അഞ്ചൊ — പോളിംഗ് ഏറിയ നമ്പർ 1.

അഞ്ചിയൽ ഗ്രാമം

വഴിക്രമ വഴി നമ്പർ.	പേരു്.	യോഗ്യത
1	അശ്ശീൻ പുന്നാറിളാകം (അഹമ്മദു)	
2	അശ്ശീൻപെരയിര കൊച്ചുപുത്തൻവീടു് (കരിയാൻപെരയിര)	L
3	അശ്ശീൻപെരയിര കുന്നംപുറം (മറിയാൻകുഞ്ഞു)	L
4	അവനാസിക്കുട്ടി കുട്ടപ്പിള്ളിമഠം (രാമൻ)	2 ഡി
5	അബ്ദുല്ലൻ ചായക്കടി (അഹമ്മദു)	,,
6	അബ്ദുല്ലൻ മീരാന്തിക്കുട്ടു് (അഹമ്മദു)	,,
7	അഹമ്മദുവിന്റിളു പുന്നാവിളാകം (വിൽസൻ)	,,
8	അഡപ്പൂസ് ബൻ സൻറോം (എം. ഡ്വബാബസ്സു്)	
9	അഡയ്യോസ് പുത്തൂർ (ബ്ലൂക്കലം)	
10	അൽഫാന്തിയ വെരിക്കാകം (S) (ഫസ്. ശോമസ്സു്)	
11	അന്നാത വീരിക്കാകം (S) (ജോബു)	2 ഡി
12	അന്നാത വീരിക്കാകം (S) ശോമസ്സു്	
13	അൽഫ്രഡ് പ്രസന്നകുമാരപിള്ള വീടു (രാമൻ)	L
14	അബ്ദുൽഖാദിർ വെട്ടുകാട്ടു് (മിരിയൽ)	L
15	കേശവപ്പു ഗുണ്ടുവിടു (ചിന്നു)	L
16	അപ്പുവൻസുബ്ബസ്സു് പ്രമുഖവിടു് (തരിയാൻസുസ്സു്)	L
17	അപ്പുണ്ടാശാരിസ്സു് വെരിക്കകം പുത്തൂർ വടക്കുംശാരിസ്സു്	L
18	അന്നി ഡി. സിൽവ ഫാർട്ടറൊസ്സു് (ഇന്നെ ഫെർണ്ണാണ്ടസ് ഡി. സിൽവ)	L
19	അർ. ബ്രൂദർ (അർ. ബ്രദർ) കുന്നംപുറം	L
20	അയ്യാഴിനെ വയൽവീടു് (S) (രാമസ്സു്)	
21	അയ്യാഴിനെപ്പുണ്ടാരിയു് പുരയിടു് (S) (പി. ശമൊസ്സു്)	L
22	ഇമ്മാനിൽ പി. ശാമുവു് (പീറർശാമുവു്) അമ്പലവിടു്	
23	ഇസ്സാറിപ്പെയിര കുന്നംപുറം (S) ഫ്രാങ്കിര	2 ഡി
24	ഇസ്സാക്കി വണ്ടിവിളാകം (തമ്പിസുകുട്ടി)	,,
25	ഇസ്സാക്കി കുന്നംപുറം (ജോസഫു്)	,,
26	ഇസഭാർക്കുമുസ്സു് (അഗസ്തിനിമുത്തുസ്സു്) പണ്ടാരിവീടു്	L
27	ഈശനേശൻവേലാണ്ടി (വലാണ്ടി) മേക്കുവരട്ടഇ	L
28	ഉൽവിൻ പുത്തൂർ കുന്നംപുറയിടം (വിറ്റു)	L
29	ഉലവിദാസ്കുട്ടി വെട്ടുകാട്ടു് (രാമൻ)	2 ഡി
30	എബ്രിസ ഫ്രാൻ വെട്ടുകാട്ടു് (S) (വിറ്റു	,,
31	എബ്രഹാമ വണ്ടിവിളാകം (S) (കുഞ്ഞിര)	,,
32	എഴിസബത്ത്രാമസ്സു് ഗബർവുവാസസ്സു് (S) (ഗർഷോമുശാമസ്സു്)	
33	എം. ഡി. തിരാന്ത (ഡി. അർ. തിരാന്ത) വടശേരിവീട്ടണ്ണാവു്	L
34	എം. വിൻസെന്റ് (വിൻസന്റു്) വയൽപ്പുരയിടം	L
35	എലിസബത്ത് ഫ്രാൻസിസ് (S) (അലക്സു് ഫ്രാൻസിസ്) ബൻസൻറോം	L
36	ക്രൂശപ്പെരിര (S) ഫ്രാശ്ശീൻപ്പെയിര) കുന്നംപുറം	L
37	ക്രൂശീനാപ്പാര (S) (പാറ)	
38	ഗരേനിയാൻ വെട്ടുകാട്ടു് (വിറ്റു)	
39	ഗ്രേഗറിയാൻപുരയിര വെട്ടുകാട്ടു്	
40	ഗ്രാമ്പുവെയ്സസ് കുന്നംപുറം	L
41	ഗ്രാൻഡ്മേഡിസ്പുരയിര വടശേരിവീടി (ഗ്രാൻപുരയിര)	L
42	ഗ്രാബിപ്രകാശൻസ് വണ്ണാർകിടന്നു് (ബ്രബാഹസ്സു്)	2 ഡി
43	ഗ്രാൻഡ്രാസ്സു് മീലാന്തിവീടു് (ഗ്രാമുസ്സു്)	,,
44	ഗ്രാഹരസ്സുന്തിര താമിരപ്രകാശറോഡുവഴി (പീറർപുരയിര)	L
45	ഗ്രാക്കബ് പുരയിര (പീറർപുരയിര) വടക്കുഭാഗം	L
46	ഗ്രേഗറിയാൻ (പീറർപുരയിര) വാടി	L
47	ഗ്രേറിയനതിരാന്ത താമിരവീടു് (S) ഗ്രഗോൺതിരാന്ത	
48	ഇ. സി പുരയിര മാരിക്കുളിറ്റി (ക്ലാരസിയപുരയിര)	
49	ഇമ്മെയിൽ ഡി. പ്രയിര സ്റ്റീഫൻസ്റ്റാവു് (S) ഫ്രാൻസിസ്കിൻ ടി പുരയിര)	L
50	ഇമ്മെയിൽ എം. തിരാന്ത ക്രഹവ് ഗിഡ്രസ്സു് ഡെസൻറ്ജോസഫ് എലിമെൻറിസ്കൂൾ (S) (സിംഗാരതിരാന്ത)	
51	ഇ. ഇ. പോൾ (ഇ. പോൾ) കായൽപാരം	L
52	ഇ. തിരാന്ത (S) (ഇമ്മാനുവൽതിരാന്ത) മാനുവൽവിളാകം	L
53	ഇ. എസ്. ശമൊസ്സു് (ഇ. എം. ശോമസ്സു്) വള്ളിനായകിയിടം	L
54	ഇ. എം. പ്രയിര വെന്തക്കാരിളാകം (തെക്കൻപുരയിര)	L
55	ഇമ്മാനുവൽ പ്രയിര (വടക്കിനുപുരയിര) കുടുപ്പുറം	L
56	ഇമ്മാനുവൽ പുത്തൂർ തെട്ടാൻതൊട്ടു് (വിറ്റു)	,,
57	ഇമ്മാനുവൽ പ്രകാശൻസ് തെക്കുഭാഗത്തെയിടം (ഫ്രാൻസിസ്കാനുസ്സു്)	,,
58	ഇമ്മാനുവിന ഒട്ടസ്സാനുട്ടു് (S) (സിസ്റ്റാസ്സിസ്സാസ)	,,
59	ഇമ്മാനുവൽ പ്രകാശ്സു് പാടിക്കുന്ന പുരയിടവും ബങ്കളാവു് (മതിൽ)	,,
60	ഇമ്മാനുവൽസ് വണിയവീടു് (അന്തോണിസ്സു്)	,,
61	ഇമ്മാനു വെരിയുണ്ണിവീടു് (ആരോക്കി)	,,
62	ഇമ്മാനുവിനുമുതിരവഴുട് (രാമനാഥസ്സു)	,,
63	ഇമ്മാനുവൽ ഇ. പ്രകാശ്സു ശാമുവീടു് (ഇമ്മാനുവൽ പ്രകാശ്സു)	,,
64	ഇമ്മാനുവൽജോൺ പോൾ (S) (പോൾ)	
65	ഇമ്മാനുവൽ പുത്തൂർ (പ്രകാശ്സു)	
66	ഇമ്മാനുവൽ ഫാബ്രിക്കരം (ഫാ. പുരയിര)	2 ഡി
67	ഇമ്മാനുവൽ കുന്നംപുറം (പ്രയിര)	,,
68	ഇമ്മാനുവൽ കുന്നംപുറം (മിരിയൽ)	,,
69	ഇമ്മാനുവൽ വണ്ടിക്കിടന്നു (വിറ്റു)	,,
70	ഇമ്മാനുവൽ മീലാന്തിവീടു് (രാമൻ)	,,
71	ഇമ്മാനുവൽ വണ്ടിവിളാകം (ഫ്രാൻസു)	,,
72	ഇമ്മാനുവൽ വെരിക്കാകം (ഇമ്മാനുവൽ)	,,
73	ഇമ്മാനുവലുസ്സു് പരമേശ്വരനും (അമ്പുകുട്ടി)	
74	ഇമ്മാനുവിനുമിരാന്ത വടശേരിവീടു (S) (ഡി. അർ. തിരാന്ത)	
75	ഇമ്മാനുവലുസ്സു് കുടുപ്പുറം (ഫ്രാങ്കി)	
76	ഇമ്മാനു റവി പ്രകാശസ്സു കുടയിൽവീടു (റവി. ഫ്രാൻസിസ്സു)	
77	ഇസബെല്ല വെരിക്കാവിളാകം (ഫാ. പുരയിര)	2 ഡി
78	ഇസബിനുമുതിരവീടു (S) ഡബ്ലി	
80	ഇഡാമിനി പുരയബഹ്മാവു (S) (ശാമസ്സു)	







അമ്മൻ കോവിൽ ക്ഷേത്രം

1684-കാലഘട്ടങ്ങളിൽ ആറ്റിങ്ങൽ റാണിയുടെ ഭരണത്തിൻകീഴിലായിരുന്നു. അഞ്ചുതെങ്ങ്. പോർച്ചുഗീസുകാരും ഡച്ചുകാരും ഇവിടെയെത്തി കുരുമുളക് വ്യാപാരം നടത്തിവന്നു. 1636-ൽ ആദ്യമായി കൊച്ചിയിൽ നിന്നും ഇംഗ്ലണ്ടിലേക്കു കുരുമുളക് കയറ്റി അയച്ചു. 1644-ൽ വിഴിഞ്ഞത്ത് വ്യവസായശാല സ്ഥാപിക്കാൻ വേങ്ങോട് രാജാവിൽനിന്നും ഇംഗ്ലീഷുകാർക്കു അനുവാദം കിട്ടി. 1684-ൽ ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാകമ്പനി ആറ്റിങ്ങൽ റാണിയുടെ അനുവാദത്തോടെ അഞ്ചുതെങ്ങിൽ ഒരു കച്ചവടകേന്ദ്രം തുടങ്ങി. തുടർന്ന് ജോൺബ്രാബോൺ എന്ന കമ്പനിഉദ്യോഗസ്ഥന്റെ അപേക്ഷപ്രകാരം 1690-ൽ അഞ്ചുതെങ്ങിൽ ഒരു കോട്ട കെട്ടാനും കുത്തക അവകാശത്തോടുകൂടി കച്ചവടം നടത്താനും റാണി കമ്പനിയ്ക്കു അനുവാദം നല്കി. 1695-ൽ കോട്ടയുടെ പണി പൂർത്തിയായി. 75 വെനീഷ്യൻ നാണയം പ്രതിവർഷം കോട്ടയ്ക്കു വാടക നല്കിക്കൊണ്ട് 251 ഏക്കർ സ്ഥലം കമ്പനി അവകാശം സ്ഥാപിച്ചെടുത്തു. അഞ്ചുതെങ്ങു കിട്ടിയത് ബ്രിട്ടീഷുകാർക്ക് വലിയനേട്ടമായിരുന്നു. വടക്കോട്ടുള്ള ജലഗതാഗതത്തിനു സഹായകമായി, സൈനികസാമഗ്രഹികൾ സംഭരിക്കുന്ന കേന്ദ്രവും ഇവിടെതുടങ്ങി. 1697- ൽ അഞ്ചുതെങ്ങ് കോട്ടയ്ക്കുനേരെ ഒരാക്രമണം ഉണ്ടായിപക്ഷേ അത് പരാജയപ്പെട്ടു. എങ്കിലും തുടർന്ന് നാട്ടുകാരും ഇംഗ്ലീഷുകാരും തമ്മിൽ സംഘട്ടനങ്ങൾ പതിവായിരുന്നു. ഗിഫോർഡ് (ഈസ്റ്റ് ഇൻഡ്യാ കമ്പനി അധിപൻ) ആറ്റിങ്ങൽ പോകുംവഴി നാട്ടുകാർ ആക്രമിച്ചു. ഗിഫോർഡിന്റെ സഹായി മാർഹിറോസിന്റെ അവയവം നാട്ടുകാർ ഛേദിച്ചു ഗിഫോർഡിന്റെ ശരീരം തടിയോട് ചേർത്ത് ആണിയടിച്ച് വെള്ളത്തിലൊഴുക്കി കൂട്ടരെ മുഴുവൻ കൊന്നൊടുക്കി. കോട്ട ആക്രമിച്ചു. റാണിയുടെ അറിവുകൂടാതെ ഇതെല്ലാം നടത്തിയ കാരണത്താൽ തലശ്ശേരിയിൽനിന്നും മിസ്സ്ഫോർഡും മുന്നൂറുഭടന്മാരും റാണിയുടെ സമ്മതത്തോടെ നാട്ടുകാരെ ആക്രമിച്ചു. 1723-ൽ കോട്ടയുടെ ഭരണം മിസ്സ്ഫോർഡ് ഏറ്റെടുത്തു. റാണിയും കമ്പനിയും തിരുവിതാംകൂർ രാജാവും ചേർന്ന് ഒരു ഉടമ്പടി ഒപ്പുവച്ചു.

പശ്ചിമതീരത്തു ബോംബെ കഴിഞ്ഞാൽ ബ്രിട്ടീഷുകാരുടെ ഏറ്റവും പ്രധാനപ്പെട്ട ആയുധസങ്കേതമായിരുന്നു അഞ്ചുതെങ്ങ്.

ഇംഗ്ലീഷ് വ്യാപാരികൾ നേതാവായ ഗിഫോർഡിന്റെ കീഴിൽ നടത്തിയ കലുഷ പ്രവൃത്തികൾ നാട്ടുകാരെ ശത്രുക്കളാക്കി. ഗിഫോർഡും 140 ഇംഗ്ലീഷുകാരുടെ സംഘവുമായി ആറ്റിങ്ങൽ റാണിയെ കാണുവാനായി പുറപ്പെട്ടത് സ്ഥലവാസികളെ രോഷാകുലരാക്കി. അവർ സംഘത്തെ ആക്രമിച്ചു. മുഴുവൻ ആൾക്കാരെയും കൊന്ന് 1721 ഏപ്രിൽ 15-ന് കോട്ട വളഞ്ഞു. ഈ ഉപരോധം 6 മാസം നീണ്ടുനിന്നു. തലശ്ശേരിയിൽനിന്ന് സേന വന്ന് മോചിപ്പിച്ചു. ബ്രിട്ടീഷ് ആധിപത്യത്തിന് എതിരായ ആദ്യത്തെ സംഘടിത മുന്നേറ്റമായിരുന്നു ഇത്.

1809 ൽ അഞ്ചുതെങ്ങ് തിരുവിതാംകൂർ റസിഡൻസിന്റെ അധീനതയിലായി. കോട്ടയുടെ മുകളിൽ അതീവ മനോഹരമായയ നാല് ബാംഗ്ലാവുകളും കൂറ്റൻ കൊടിമരവും ഉണ്ടായിരുന്നു.

ബ്രിട്ടീഷ് ഭരണകാലത്ത് തന്നെ 1928മുതൽ അഞ്ചുതെങ്ങിൽ യൂണിയൻ പഞ്ചായത്ത് നിലവിലുണ്ടായിരുന്നു. 1928ൽ ഇലക്ഷനിൽ എല്ലാപേരും വോട്ടു രേഖപ്പെടുത്തിയിരുന്നില്ല. കരം കൊടുക്കുന്നവർക്കു മാത്രമേ വോട്ടവകാശം ഉണ്ടായിരുന്നുള്ളൂ അന്നുമുതൽ അഞ്ചുതെങ്ങ് പഞ്ചായത്തിന്റെ പ്രസിഡന്റ് മാരായി വാമദേവൻ, J.C. പെരേര (ഈസ്റ്റ് ഇൻഡ്യൻ ക്രിസ്റ്റ്യൻസ്) ബ്രാണ്ടൻബർക്ക് (ആംഗ്ലോ ഇന്ത്യൻസ്) കെ.പി. വേലായുധൻ എന്നിവർ സേവനമനുഷ്ഠിക്കുകയും 1940 മുതൽ രണ്ടുവർഷക്കാലം പഞ്ചായത്ത് ഇല്ലാതാവുകയും കടയ്ക്കാവൂർ പഞ്ചായത്തിനോട് ചേർക്കുകയും ചെയ്തു. പിന്നീടാണ് പഞ്ചായത്ത് റീ ഓർഗനൈസ് ചെയ്തത് കായിക്കരയുടെ (ഹാച്ചിവാളാകം) ഒരു ഭാഗം ചേർത്ത് 4 വാർഡാക്കി അഞ്ചുതെങ്ങിൽ ഒരു പഞ്ചായത്ത് വീണ്ടും (1952) ഉണ്ടാക്കി. അപ്പോഴത്തെ പ്രസിഡന്റ് ചന്ദ്രശേഖരൻ തുടർന്ന് ജനാർദ്ദനൻ, ആന്റൊ വക്കീൽ എസ്. ശശാങ്കൻ എന്നിവരുടെ ഭരണ നേതൃത്വമായിരുന്നു. തുടർന്ന് ഈ കടലോര ഗ്രാമത്തിന്റെ അമരക്കാരായിരുന്നത് അഞ്ചുതെങ്ങിന്റെ കോട്ടനിർമ്മിക്കുവാൻ തിരുനെൽവേലിയിൽ നിന്നും ജോലിക്കാരായി വന്നവർക്ക് (ചെട്ടിമാർ) ജംഗ്ഷനു സമീപം ആരാധനയ്ക്ക് വേണ്ടി അമ്മൻ കോവിൽ ക്ഷേത്രം പണി തീർത്തു. അവരോടൊപ്പം തട്ടാന്മാർ എന്ന ആൾക്കാരും വന്നിരുന്നു അവരുടെ ആരാധനയ്ക്ക് മുത്തുമാരിയമ്മൻ കോവിൽ പണിതീർക്കുകയും ചെയ്തു.

അഞ്ചുതെങ്ങിന്റെ മദ്ധ്യഭാഗത്ത് സ്ഥിതിചെയ്യുന്ന ശ്രീ ജ്ഞാനേശ്വര ക്ഷേത്രം (പുത്തൻ നട) സ്വാമിമഠം, ഇവ രണ്ടിലും പ്രതിഷ്ഠനടത്തിയത് ശ്രീ നാരായണഗുരുദേവനാണ് ഏകദേശം 75 കൊല്ലത്തെ പഴക്കമുണ്ട്.

സ്ക്കൂളുകളുടെ ആരംഭം തിരുനെൽ വേലി ഡിസ്ട്രിക്ട് ബോർഡ് ആരംഭിച്ച ബോർഡ് ബോയിസ് എൽ. പി. എസ് കൊന്നയിലാണ് ആരംഭം കുറിച്ചത് 42 കൊല്ലമാകും. അതിനുശേഷം ടി സ്ക്കൂൾ മണ്ണാക്കുളം ഭാഗത്ത് സ്ഥാപിക്കുകയും തെരുവത്ത് 1960-ാം മാണ്ടിൽസ്ഥലം സർക്കാർ ഏറ്റെടുത്തു കൊടുക്കു

കയും ചെയ്തു. കുടിപ്പള്ളിക്കൂടം ഇടവിളാകം, ഗോവിന്ദൻ ഓടുതയ്യിൽ കൃഷ്ണൻ വൈദ്യൻ എന്നിവരുടെ മേൽ നോട്ടത്തിൽ നടന്നു. ഈസ്റ്റ് ഇൻഡ്യാ കമ്പനി സ്ഥാപിച്ചതാണ് സെന്റ് ജോസഫ്സ് ഹൈസ്ക്കൂൾ.

അഞ്ചുതെങ്ങിൽ 1948 ൽ ബെന്നി എറ്റിഷ സണ്ണി എന്നിവരുടെ നേതൃത്വത്തിൽ പള്ളി ഗ്രൗണ്ടിനു സമീപം വോൾഗാ തീയേറ്റർ എന്ന പേരിൽ സിനിമാശാല നിർമ്മിച്ചു. ഒരു കൊല്ലം മാത്രമേ പ്രവർത്തിച്ചുള്ളൂ.

1928 മുതൽ യൂണിയൻ പഞ്ചായത്തിനോടൊപ്പം തന്നെ കോട്ടയ്ക്കു സമീപം മജിസ്ട്രേട്ട് കോടതിയുണ്ടായിരുന്നു. ആ കോടതിയിലെ മജിസ്ട്രേട്ടിന് തഹസീൽദാർ, സബ് രജിസ്ട്രാർ മുൻസീഫ്, സെക്കന്റ് ക്ലാസ്സ് മജിസ്ട്രേട്ട് എന്നിവരുടെ അധികാരങ്ങളുണ്ടായിരുന്നു. (ആ കോടതി സ്ഥലമാണ് കച്ചേരി ആശുപത്രിയായി അറിയുന്നത്)

"മതം ഏതായാലും മനുഷ്യൻ നന്നായാൽ മതി" യെന്ന് ഉരുവിട്ട ശ്രീ നാരായണഗുരുവിന്റെ സാന്നിദ്ധ്യ പ്രവർത്തനങ്ങൾ ഈ കൊച്ചു കടലോരഗ്രാമത്തിനു കിട്ടിയിട്ടുണ്ട്.

ശ്രീ നാരായണഗുരു സ്ഥാപിച്ച സ്കൂളാണ് 1924 ൽ ഉണ്ടാക്കിയ നെടുങ്ങണ്ട H.S. എന്നും ചിലർ അഭിപ്രായപ്പെടുന്നു. കോവിൽത്തോട്ടം ഗവ: പ്രൈമറി LPS, ആശാൻ LPS, പെൺകുട്ടികൾക്ക് കോൺവെന്റ് സ്കൂൾ, കപാലീശ്വരത്ത് പെൺകുട്ടികൾക്ക് മാത്രമായി LP സ്കൂൾ എന്നിവയുണ്ടായിരുന്നു.

അഞ്ചുതെങ്ങിൽ പണ്ട് അലിയാർ ഫയൽമാൻ മാധവൻകുട്ടി ആശാൻ, കുഞ്ഞുകൃഷ്ണൻ ആശാൻ കുളങ്ങര ഗോവിന്ദനാശാൻ തുടങ്ങിയവരുടെ നേതൃത്വത്തിൽ ഗുസ്തി മത്സരവും നടന്നു എന്നത് എടുത്തു പറയേണ്ടതു തന്നെ.

ചെക്കുംമൂട്ടിൽ(വാർഡ്-6)കഥകളിയുടെ പ്രധാന സങ്കേതമായിരുന്നു, കുഞ്ഞുമാടനാശൻ മുതൽ നീലകണ്ഠൻ മുതലാളി വരെ നേതൃത്വം നല്കിയ കഥകളിയുടെ ചുവട് വയ്പ് നടന്നതും ഈ ഗ്രാമത്തിലാണ്.

അഞ്ചിങ്കൽ ആണ് അഞ്ചുതെങ്ങായി മാറ്റിയത് യഥാർത്ഥ പൊതുവഴിയിൽ നിന്ന് കടൽ കാണണമെങ്കിലും കടലിൽ നിന്ന് പുറം വഴി പൊതുവഴിയിൽ എത്തണമെങ്കിലും ഒരു പാട് ദൂരം നടന്നുവരണം. ഇങ്ങനെ ചുമടുമായി നടക്കുമ്പോൾ ക്ഷീണം അനുഭവിക്കാതിരിക്കാൻ ഓരോഭാഗത്തും അഞ്ചോളം ചുമട് താങ്ങികൾ ഉണ്ടായിരുന്നു. ഇങ്ങനെ ഈ ചുമടുതാങ്ങികൾഅഞ്ചുതാങ്ങായി പറയുമായിരുന്നു. അങ്ങനെ അഞ്ചുതാങ്ങാണ് അഞ്ചുതെങ്ങ് ആയി എന്നും പറയപ്പെടുന്നു.

അഞ്ചുശിഖരങ്ങളുടെ തെങ്ങുണ്ടായിരുന്നുവെന്നും ആ ഒരുതെങ്ങിൽ നിന്നും ആവശ്യമുള്ള കായ്ഫലം കിട്ടിയിരുന്നുവെന്നും അങ്ങനെ "അഞ്ചു തെങ്ങ്"ആയി എന്നും ഒരു കൂട്ടർ പറയുന്നു.

ഇത്രയും പറയുമ്പോൾ മഹാകാവ്യം എഴുതാതെ മഹാകവി പട്ടം കിട്ടിയ കുമാരനാശാനെയും, വക്കം ഖാദറിനെയും മറക്കുന്നത് ശരിയല്ല.

മഹാകവി കുമാരനാശാൻ

സ്വന്തം ഹൃദയരക്തംകൊണ്ടു ഭാഷാ കവിതയെ തളിർപ്പിക്കയും ഭാവനകൊണ്ടു പുഷ്പിപ്പിക്കയും ആത്മലാവണ്യംകൊണ്ടു തേജോമയമാക്കുകയും ചെയ്ത മഹാകവിയാണ് ആശാൻ. വസന്തത്തിൽ പാടിയ കവിയല്ല. വസന്തത്തെകൊണ്ടുവന്ന ദിവ്യകോകിലം. ആ പ്രതിഭാശാലിയുടെ ജന്മദേശമായ കായിക്കരയിൽ ഒരു സാഹിത്യ തീർത്ഥചാരിയായി എത്തുമ്പോൾ ആശാന് ഏറ്റവും പ്രിയപ്പെട്ടതായിരുന്ന ചെമ്പകമരം ഇന്നും ഒളിമങ്ങാതെ നിൽക്കുന്നു.

ആശാന്റെ ജീവിതത്തോടു ബന്ധപ്പെട്ട സംഭവങ്ങളെ വർഷാനുക്രമരീതിയിൽ അടുക്കുമ്പോൾ

കൊല്ലവർഷം	
1048 മേടം2 :	ജനനം 1873 ഏപ്രിൽ 12ന് (ചിത്രാ പൗർണ്ണമി ദിവസം)
1055	വിദ്യാരംഭം – നെടുങ്ങണ്ട തുണ്ടത്തിൽ ആശാന്റെ കീഴിൽ
1056	സംസ്കൃതപഠനം – ഉടയാൻകുഴി കൊച്ചുരാൻ വൈദ്യരുടെ അടുക്കൽ
1059	കായിക്കര ഗവൺമെന്റു സ്കൂൾ സ്ഥാപിക്കപ്പെട്ടു.
1060	വെമ്പായം പപ്പുപിള്ള ഇംഗ്ലീഷ് പഠിപ്പിച്ചു.
1059–1062	കായിക്കര സ്കൂളിൽ അദ്ധ്യായനകാലം
1062	പ്രശസ്തമായ നിലയിൽ നാലാംക്ലാസ്സിൽ ജയിച്ചു
1062	പതിനാലാമത്തെ വയസ്സിൽ കായിക്കര സ്കൂളിൽ അദ്ധ്യാപകനായി
1062–1064	പെരുന്തറ കൊച്ചായ്യൻ മുതലാളിയുടെ കണക്കെഴുത്തു ജോലിയിൽ കഴിഞ്ഞു.
1064	മണമ്പൂർ ഗോവിന്ദനാശാന്റെ കീഴിൽ സംസ്കൃതം പഠിക്കുന്നു. കായിക്കര

തമുക്കുവിളാകത്ത് നാരായണൻ വൈദ്യൻ എന്ന ഭക്തനും വേദാന്തിയുമായ മാന്യനുമായുള്ള സമ്പർക്കത്താൽ ആശാൻ ഒരു വിരാഗിയായി. വക്കത്തു വേലായുധൻ നടയിൽ ചെന്നിരുന്ന് അവിടെ വരുന്ന ഭക്തജനങ്ങളെ പഠിപ്പിച്ച് ആശാൻ എന്ന പേരു സമ്പാദിച്ചു.

1067 ശ്രീനാരായണ ഗുരുദേവനുമായി കണ്ടുമുട്ടുന്നു.

1068 ഗുരുദേവന്റെ അന്തേവാസിയായി അരുവിപ്പുറത്തുതാമസം

1070 സംസ്കൃതത്തിൽ ഉപരിപഠനത്തിന് ബാംഗ്ലൂരിൽ പോകുന്നു.

1071 പിതാവിന്റെ മരണം.

1073 വിദ്യാഭ്യാസം തുടരാൻ കൽക്കട്ടായിൽ പോകുന്നു

1073–1075 തർക്കതീർത്ഥ പരീക്ഷയ്ക്കു പഠിച്ചു കൊണ്ട് കൽക്കട്ടായിൽ താമസിക്കുന്നു.

1077 വിചിത്ര വിജയം നാടകരചന

1078 എസ്. എൻ. ഡി. പി. യോഗം സ്ഥാപിച്ചു.

1079 "വിവേകോദയം" ആരംഭിച്ചു

1083 "വീണപൂവ്" എഴുതി

1086 "നളിനി" എഴുതി അമ്മയുടെ മരണവും ഈ വർഷത്തിലായിരുന്നു.

1087 ശിവഗിരി ശാരദാപ്രതിഷ്ഠ

1088 തോന്നയ്ക്കൽ ശാരദാ ബുക്കുഡിപ്പോ സ്ഥാപിച്ചു.

1091 ശ്രീ ബുദ്ധചരിതം എഴുതി

1092 ബാലരാമായണം രചിച്ചു.

1093 ആശാന്റെ വിവാഹം

1094 സീത, കുയിൽ, പ്രരോദനം ഇവ രചിച്ചു.

1094 എസ്. എൻ. ഡി. പി. യോഗം സെക്രട്ടറി സ്ഥാനം ഒഴിഞ്ഞു.

1095 നിയമസഭാംഗമായി നോമിനേറ്റു ചെയ്യപ്പെട്ടു.

1096 കുടുംബസമേതം തോന്നയ്ക്കൽ താമസമായി

1097 വെയിൽസ് രാജകുമാരനിൽനിന്ന് കവിത്വത്തിനു ബഹുമതി മുദ്ര – പട്ടും വളയും നേടി.

1098 : ലീല, ദുരവസ്ഥ, ചണ്ഡാലഭിക്ഷുകി എന്നീ കൃതികൾ രചിച്ചു.

1099 കരുണ എഴുതി

1099 മരണം: മകരം 3-ാം തീയതി രാത്രി 3 മണിക്ക് 1924 ജനുവരി 16-ാം തീയതി രാത്രി 3 മണിക്ക് പല്ലനത്തോട്ടിൽവച്ചുണ്ടായ റഡീമർ ബോട്ടപകടത്തിൽ ആ സ്നേഹഗായകന്റെ നാവിൻതുമ്പിലെ ശീലുകൾ നമുക്കു നഷ്ടപ്പെട്ടു.

(കൊല്ലവർഷത്തോട് 825 കൂട്ടിയാൽ ഇംഗ്ലീഷ് വർഷം കണ്ടുപിടിക്കാം)

"ഇന്ത്യയിലെ ഹിന്ദു-മുസ്ലീം മൈത്രിയുടെ പ്രതീകമായി എന്നേയും എന്റെ ഹിന്ദു സഹോദരൻ അനന്തൻ നായരേയും ഒരുമിച്ചു തൂക്കിലേറ്റണമെന്നാണ് എന്റെ അന്തിമാഭിലാഷം"

വക്കം ഖാദർ

ആശാന്റെ ജനനഗ്രാമത്തിനപ്പുറം അഞ്ചുതെങ്ങ് കായലിന്റെ കളകള ശബ്ദമാധുരിയ്ക്ക് കൂട്ടായി വക്കം ഖാദർ 1917 മെയ് 25ന് വക്കം ഗ്രാമത്തിൽ ജനിച്ചു. തന്റെ നാടിന്റെ മാനവസംസ്കാരത്തിന്റെ പുരോഗതിക്കു തടസ്സം സൃഷ്ടിക്കുന്ന വർഗ്ഗീയവിഘടനശക്തികളെ പരാജയപ്പെടുത്തി. മാതൃഭൂമിയെ പുരോഗതിയിലേക്കു നയിക്കുവാൻ ധീരദേശാഭിമാനിയായ വക്കം ഖാദർ നമുക്ക് മാർഗ്ഗദർശനം തരുന്നു. 1943 സെപ്റ്റംബർ 10ന് പുലർച്ചെ സന്തോഷപൂർവ്വം ദേശഭക്തിഗാനം ആലപിച്ചുകൊണ്ട് ഖാദർ തന്റെ മഹത്തായ ജീവൻ മാതൃഭൂമിയുടെ മോചനത്തിനും ഐക്യത്തിനുംവേണ്ടി ബലി അർപ്പിച്ചു.

"സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം മാതൃഭൂമിയുടെ ഐക്യത്തിനും, ഭദ്രതയ്ക്കും മതമൈത്രിക്കുവേണ്ടി ജീവൻ അർപ്പിയ്ക്കുക.

അഞ്ചുതെങ്ങ് മനോഹരമായിരുന്നു. ഒരുപക്ഷേ അന്നത്തെമുഖം ഇന്നില്ല. വിശ്രമവേളകൾ പങ്കുവെയ്ക്കും കടപ്പുറം ഇന്നില്ലാ.....

വിശാലമായിരുന്നു അഞ്ചിങ്കൽ. റോഡിനിരുവശങ്ങൾ ചീലാന്തിയും കടൽകാണാൻ ഒരു പാടലെയും..... ഇപ്പോൾ?

ഭൂപ്രകൃതി

തിരുവനന്തപുരം ജില്ലയിലെ തീരദേശ പഞ്ചായത്തുകളിൽ ഒന്നാണ് അഞ്ചുതെങ്ങ്. കടൽതീരത്തിന് സമാന്തരമായി ഇടവിട്ടുകിടക്കുന്ന ഉയർന്ന മണൽപ്പരപ്പുകളാണ് ഇവിടുത്തെ പ്രത്യേകത ഒരു ഉയർന്ന കുന്നിൻ ചരിവ് മാത്രമാണ് ഈ പഞ്ചായത്തിലുള്ളത് നെടുംങ്ങണ്ട പ്രദേശം. ബാക്കി വാർഡുകൾ എല്ലാം തന്നെ തീരസമതലങ്ങളാണ്. പടിഞ്ഞാറ് അറബിക്കടലും കിഴക്ക് അഞ്ചുതെങ്ങ് കായലും ഇതിനുമദ്ധ്യത്തായി സ്ഥിതിചെയ്യുന്ന ഒരു കൊച്ചുഗ്രാമമാണ് അഞ്ചുതെങ്ങ്.

കേരളത്തിലെ വ്യത്യസ്ഥകാർഷിക കാലാവസ്ഥാമേഖല(Agroclimate zones)കളിൽ തീരദേശമണൽമേഖല (cost santy zone)യിലാണ് നമ്മുടെ പഞ്ചായത്ത് ഉൾപ്പെടുന്നത്.ഈ മേഖയിലെ മുഖ്യവിളതേങ്ങയാണ്.

കാലാവസ്ഥ:- ഈർഷം കൂടിയ ഉഷ്ണമേഖലാ മഴവനകാലാവസ്ഥയാണ് നമ്മുടേത്. മൺസൂൺ കാലങ്ങളിൽ കനത്തമഴയും സുഖകരമായ മഞ്ഞുകാലവും വരണ്ട വേനലും നമുക്ക് ലഭിക്കുന്നു.

മണ്ണ്:- പൊതുവേ മണൽ തരികളും പൊടി മണലും ചേർന്നതാണ് നമ്മുടെ മണ്ണ്. നെടുംങ്ങണ്ട പ്രദേശത്ത് എക്കൽ മണ്ണ് കലർന്ന മണൽ കാണുന്നു. നീർവാർച്ച യുള്ളതാണ് മണ്ണിന്റെ സ്വഭാവം പടിഞ്ഞാറ് ഭാഗത്തെ മണ്ണിന്റെ നീർവാർച്ച കൂടുതലാണ് മഴവെള്ളം കൂടുതലായതിനാൽ മണ്ണ് പൊതുവേ അമ്ലതയുള്ളതാണ്.

മഴയുടെ അളവ്

സംസ്ഥാന ശരാശരി	2819 മില്ലീമീറ്റർ
ജില്ല ശരാശരി	2200 മില്ലീമീറ്റർ
ആവറേജ് ശരാശരി	17. 46 മില്ലി"

അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിൽ

ജനുവരി	ഫെബുവരി	മാർച്ച്	ഏപ്രിൽ	മെയ്
0മി. .മീ	2.9 മി.മീ	27.3മി. മീ	11.38മി.മീ	190മി.മീ
ജൂൺ	ജൂലായ്	സെപ്തംബർ	ഒക്ടോബർ	ഓഗസ്റ്റ്
416.9 മി. മീ	330.2 മി.മീ	558.മി. മീ	324.0 മി.മീ	61.2 മി. മീ
നവംബർ	ഡിസംബർ			
466.2 മീമീ	103.8 മീ.മീ			

കൃഷി,ജലസേചനം

മഴയെ ആശ്രയിച്ചുള്ള ഒരു കാർഷിക വ്യവസ്ഥയാണ് അഞ്ചുതെങ്ങ് പഞ്ചായത്തിൽ നിലനിൽക്കുന്നത്. തുലാവർഷവും ഇടവപ്പാതിയും തിമിർത്ത് പെയ്തിരുന്ന പണ്ട് കാലം തെങ്ങ് കൃഷിയെ മാത്രം ആശ്രയിച്ച് ജീവിക്കുന്നവർക്ക് ഒരനുഗ്രഹമായിരുന്നു. ഇന്ന് ഈ രണ്ടു വർഷകാലങ്ങളും കൃഷിക്കാരെ ഒരളവിൽ ചതിക്കുകയാണ്. ഇക്കാരണത്താൽ പഞ്ചായത്തിന്റെ ഒൻപതാം വാർഡിൽ ഉയർന്ന പ്രദേശങ്ങളിൽ ശരിക്കും ജലക്ഷാമം അനുഭവപ്പെടുന്നു. പഞ്ചായത്തിന്റെ ഒരു ഭാഗം കടലും ഒരു ഭാഗം കായലുമാണ് പഞ്ചായത്തിലെ ഹൈറേഞ്ച് എന്ന് അറിയപ്പെടുന്ന അരിയിട്ടക്കുന്ന് മലവിള ലക്ഷ്മം വീട് കോളനി ഈ പ്രദേശത്ത് വർഷകാലത്തും വേനൽകാലത്തും ജലലഭ്യത വളരെ കുറവാണ്. കയർതൊഴിലാളികൾ ക്കൂടുതലായുള്ള ഈ പ്രദേശത്ത് താഴ്വാരങ്ങളിൽ നിന്ന് മുക്കാൽ കിലോമീറ്റർ ദൂരം വെള്ളം ചുമന്ന് കൊണ്ടു വരുന്ന അവസ്ഥയാണുള്ളത് ഈ പ്രദേശത്ത് കിണർ കുഴിക്കുക എന്നത് വളരെ ദുഷ്ക്കരമാണ് അവിടെ നിന്ന് താഴ്വാരത്തിലേക്ക് വരുമ്പോൾ കിണറിന്റെ ആഴം 24 മീറ്റർ ആണ് പഞ്ചായത്തിന്റെ തീര സമതലം താഴ്വര എന്നീ ഭുവിഭാഗങ്ങളിൽ ഭൂനിരപ്പിൽ നിന്ന് യഥാക്രമം 3 കിലോമീറ്റർ താഴേ ശുദ്ധജലം ലഭിക്കുന്നു. കുറച്ചു കൂടി മുകളിലോട്ട് 8 മീറ്റർ 10 മീറ്റർ താഴെ കുടിവെള്ളം ലഭിക്കും എന്നാൽ കായൽ ത്തീരത്ത് ലഭിക്കുന്ന ജലത്തിൽ കട്ടി കൂടുതലാണ് ചില പ്പോൾ ഓരുജലം ആകാനും സാദ്ധ്യതയുണ്ട്. കടൽ തീരത്തെത്തിയാൽ ഉപ്പുവെള്ളമാണ് ഇക്കാരണത്താൽ പഞ്ചായത്തിന്റെ ഒന്നുമുതൽ ഒൻപതാം വാർഡിന്റെ കുറച്ചു ഭാഗം വരെ പൈപ്പുവെള്ളത്തെ ആശ്രയിച്ചാണ് ജീവിക്കുന്നത്. ഈ പഞ്ചായത്തിൽ ശുദ്ധജല തടകങ്ങളുടെ അഭാവവുംകുളങ്ങളുടെ ഇല്ലായ്മയും ജലക്ഷാമത്തെ വളരെ കൂടുതലാക്കുന്നു. എന്നാൽ ശുദ്ധജലം ലഭിക്കാൻ സാദ്ധ്യതയുള്ള (കുളം) സ്ഥലം പഞ്ചായത്തിൻ 9-ാം വാർഡിന്റെ അതിർത്തിയായ ഉടയാൻ കുഴി ഭാഗത്തുണ്ട് 6-ാം വാർഡിൽ വാക്കംകുളം ഇതിൽ യോജിച്ചതാണ് പഞ്ചായത്തിന്റെ ഒന്നു മുതൽ ഒൻപതാം വാർഡിൽ വർക്കല തോടിന്റെ പടിഞ്ഞാറെ കരവരെയുള്ള പ്രദേശങ്ങളിൽ ശുദ്ധജലത്തിന്റെ അഭാവം ഇടവിള കൃഷിയെ സാരമായി ബാധിക്കുന്നുണ്ട്.

കൃഷി: - അഞ്ചുതെങ്ങ് പഞ്ചായത്ത് ഒരു കാർഷിക മേഖലയായിരിന്നു എന്നോ, ആണോ എന്നോ പറയാൻ കഴിയില്ല. ഇവിടെ കൃഷിക്കാർ എന്ന പേരിൽ ആരും അറിയപ്പെടുന്നില്ല ഇവിടെ പ്രധാനവിള തെങ്ങാണ് നെല്ല് ഉല്പാദനം ഒട്ടും തന്നെയില്ല തെങ്ങ് കൃഷിക്കാർ എന്ന് പറയാൻ നാമമാത്ര ആളുകൾ മാത്രമേയുള്ളൂ. എന്നാൽ ശാസ്ത്രീയമായി കൃഷിരീതി ഒട്ടും തന്നെയില്ല. വളരെ പ്രായമുള്ള തെങ്ങുകളുടെ എണ്ണം വളരെക്കൂടുതലാണ് ഇവിടെ കൃഷിചെയ്യാത്ത സ്ഥലം എന്ന് പറയാൻ വലുതായിട്ടില്ല. ചില ചതുപ്പുകൾ കഴിഞ്ഞാൽ തരിശായി 9-ാം വാർഡിൽ മലവിള ഭാഗത്ത് ഉദ്ദേശം 80 സെന്റ് സ്ഥലമാണുള്ളത് ഇതു സ്വകാര്യവ

സ്തുവാണ് കുടികിടപ്പുകാരൻ ഭൂമികിട്ടിയതോടു കൂടി സ്വന്തമായി എന്തെങ്കിലും കൃഷി ചെയ്യണമെന്ന് താല്പര്യം വന്ന ആൾക്കാർക്ക് കൃഷിയെപ്പറ്റി ബോധം വളർത്തുന്നതും താൽപര്യം ഉണ്ടായതും 0.92 ന് മുൻപ് അധികാരത്തിൽ വന്ന സർക്കാരിന്റെ കാലത്താണ് താല്പര്യമുള്ളവർക്ക് വിത്തും ,വളവും,ഒക്കെകൊടുക്കുകയും ചെയ്തു. പിന്നീടുവന്ന കാർഷികനയം വീണ്ടും മന്ദഗതിയിലായി.

പ്രധാന വിളയായതെങ്ങ് പണ്ട് കാലത്ത് നല്ല വിള തന്നിരുന്നു. എന്നാൽ പൂർവ്വികകർ പരിരക്ഷിച്ച രീതിമാറുയതു കൊണ്ടും പുതിയ തലമുറയ്ക്കുമടിയും അലസതയും ഒരു പരിധിവരെ തേങ്ങായുടെ ലഭ്യത കുറച്ചു എന്ന് മാത്രമല്ല തെങ്ങുകൾക്ക് രോഗബാധയുണ്ടാക്കുകയും ചെയ്തു.

അഞ്ചുതെങ്ങ് പഞ്ചായത്തിൽ വിളയുന്ന തേങ്ങാ കൊപ്രയായി മാറിയാൽ മറ്റു പ്രദേശങ്ങളിൽ ഉള്ളതിനേക്കാൾ കൂടുതൽ തൂക്കംകിട്ടുന്നതാണ് എന്നാൽ സമീപ പ്രദേശങ്ങളായ കടയ്ക്കാവൂർ, വെട്ടൂർ പരിസരപ്രദേശങ്ങളിൽ കിട്ടുന്നത്ര വില ഇവിടെ കിട്ടാറില്ല. കൊപ്ര കച്ചവടക്കാരുടെ ഐക്യം ശരിക്കുള്ള വില കിട്ടാനുള്ള അവസരം നഷ്ടമാക്കുന്നു.

പ്രധാന വിളയായ തെങ്ങിനെ ബാധിച്ചിരിക്കുന്ന രോഗങ്ങൾ പടർന്ന് പിടിച്ചു കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ രോഗത്തെ തടഞ്ഞു നിർത്താനുള്ള ഒരുശ്രമവും നടക്കുന്നില്ല. എന്ന സത്യം കർഷകരെ വളരെയധികം അലട്ടുകയാണ് ഓലമഞ്ഞളിപ്പ്, വേര്ചീയൽ,കൂമ്പ്ചീയൽ, കോറിസ് ബർഗ് ഈ രോഗങ്ങൾ പടർന്ന് പിടിക്കിന്നു ഇക്കാരണത്താൽ ഉല്പാദനക്ഷമത വളരെയധികം കുറഞ്ഞു കൊണ്ടിരിക്കുന്നു. ഈ പ്രശ്നങ്ങൾക്ക് അടിയന്തിരശ്രദ്ധ സർക്കാരിന്റെ ഭാഗത്ത് നിന്ന് ഉണ്ടാകേണ്ടത് അത്യാവശ്യമാണ്.

തെങ്ങു കയറ്റതൊഴിലാളികളുടെ കുറവും കൂലി വർദ്ധനയും കേര കർഷകരെ വലയ്ക്കുന്ന ഒന്നാണ്. തെങ്ങിന് ഉണ്ടാകുന്ന അസുഖങ്ങൾ തന്നെ തൊഴിലാളികളുടെ ശ്രദ്ധക്കുറവുകൊണ്ടാണ്. പ്രധാനമായും നല്ല വിലകിട്ടേണ്ടതെങ്ങ് തടിയിൽ കൊതവെട്ടിവയ്ക്കുന്നതു കാരണം ഈ മുറിപ്പാടിൽ കൂടി കീടങ്ങൾ പ്രവേശിക്കുന്നു. തെങ്ങിന്റെ മണ്ട വൃത്തിയാക്കാത്തതു കാരണം കീടങ്ങളുടെ താവളമായി മാറിയിരിക്കുകയാണ്. തെങ്ങിന്റെ മണ്ടഭാഗം. തൊഴിലാളികളുടെ കുറവ് വളരെ കൂടുതലായുണ്ടായത് 1972 നു ശേഷമാണ് പ്രധാനമായും ഈ തൊഴിലിനോടുള്ള താല്പര്യക്കുറവ് വിദേശരാജ്യങ്ങളിലേക്ക് ഉള്ള ജോലി തേടിയുള്ള യാത്ര ഈ തൊഴിലിൽ ആളെ കിട്ടാതായി.

തെങ്ങോലമെടഞ്ഞ് പുരമേയുന്ന വീടുകളാണ് ഇവിടെ 80% വിശേഷിച്ച് കടലോരപ്രദേശങ്ങളിൽ മുഴുവനായും ഓലകൊണ്ട് കെട്ടിയ കൂടുലുകളാണ്. ഒരു കുടിൽ കെട്ടിയെടുക്കാൻ 300 മടൽ ഓലയെങ്കിലും ആവശ്യമാണ് ഇവിടെയും പ്രശ്നങ്ങൾ ഏറെയാണ് 100 മടൽ ഓല മെടഞ്ഞെടുത്താൽ 75 എണ്ണം കിട്ടും. 100 മടൽ മെടഞ്ഞെടുക്കാൻ 175 രൂപ കൂലി കെടുക്കണം അപ്പോൾ ഓലയുടെ വില 500.600 രൂപയാകുന്നു.

തൽഫലമായി കൂലിപ്പണിക്കാരുടെ വീടുകൾ സമയത്ത് മേയാൻ കഴിയാത്ത അവസ്ഥയാണുള്ളത്. ഇതിനു കാരണം ഭൂരിഭാഗം വരുന്ന ആൾക്കാർക്കും തുണ്ടുഭൂമികളാണുള്ളത്

പഞ്ചായത്തിന്റെ ഒന്നാം വാർഡ് മുതൽ ഒൻപതാം വാർഡ് വരെ കടൽതീരം ഒഴികെ ബാക്കി ഭൂഭാഗം തെങ്ങ് കൃഷിക്കും പച്ചക്കറി കൃഷിക്കും അനുയോജ്യമാണ് മുഖ്യവിളയായ തെങ്ങിന് പുറമേ കമുക്, വാഴ, പച്ചക്കറി എന്നിവ കൃഷി ചെയ്യുന്നു. എന്നാൽ ഈ ഇടവിളകളൊന്നും വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നില്ല. മത്സ്യതൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ഒന്നാം വാർഡ് മുതൽ 7-ാം വാർഡ് വരെ ഇടകൃഷി ഇല്ലായെന്നു തന്നെ പറയാം എന്നാൽ വാഴ ഇടവിളയായി കൂടുതൽ കൃഷിചെയ്യുന്ന ചില കൃഷിക്കാർ ഉണ്ട് . ഇതിൽ ചിലർ ഔദ്യോഗിക ജീവിതത്തിൽ നിന്ന് വിരമിച്ച് കൃഷിക്ക് താൽപര്യം കാണിക്കുന്നവരാണ്. നല്ലരീതിയിൽ കൃഷിചെയ്യുന്നുണ്ട് ഇവരുടെ കൃഷിരീതി മനസിലാക്കി തൊഴിൽരഹിതരായ യുവാക്കൾ കൃഷിരംഗത്ത് എത്തേണ്ടതാണ് ഇവിടെ വിള ഇൻഷ്വറൻസ് നടപ്പിലാക്കി. എങ്കിലും ഈ പദ്ധതി വിജയകരമായില്ലായെന്ന് തോന്നുന്നു. മാത്രമല്ല രോഗബാധയുള്ള തെങ്ങ് മുറിച്ച് മാറ്റുന്നതിന് ധനസഹായവും അനുവദിച്ചിട്ടില്ല. കൂടാതെ രോഗബാധയുണ്ടായാൽ ഇൻഷ്വറൻസ് ആനുകൂല്യം ലഭിക്കാറില്ല. പ്രകൃതിക്ഷോഭത്താൽ നശിക്കുന്ന വിളകൾക്ക് മാത്രമേ ഇത് കിട്ടുന്നുള്ളൂ. രോഗം വരുന്നവയ്ക്കുക്കൂടി ഈ ആനുകൂല്യം കിട്ടാൻ വേണ്ട നടപടി ഉണ്ടായെ മതിയാകൂ.

കമുക് കൃഷിയുമെന്ന് പറയാൻ കഴിയില്ല. എങ്കിലും എല്ലാ പുരയിടങ്ങളിലും അതിർത്തികളിൽ കമുക് നടാറുണ്ട് അടയ്ക്കാ സംസ്ക്കരണം ഇല്ലപുറം സ്ഥലങ്ങളിൽ നിന്ന് വാങ്ങികൊണ്ട് പോകാറാണ് പതിവ്.

കുരുമുളക് കൃഷി വ്യാപകമായി ഇല്ല. എങ്കിലും കൃഷി ഭവൻ വഴി വിതരണം ചെയ്യുന്ന മുളക് വള്ളികൾ മിക്കവാറും നട്ടിട്ടുണ്ട്. ഈ കൃഷിക്ക് താല്പര്യം വന്നതു തന്നെ ഈ നടീൽ വസ്തു കൃഷി ഭവൻ വഴി വിതരണം നടത്തിയതു കൊണ്ടാണ് എന്നാൽ ഇതും

വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നില്ല. 94–99ൽ 4575 ഉം 95–96ൽ 1500 വള്ളികൾ കൃഷിഭവൻ മുഖേന വിതരണം ചെയ്തു.

പച്ചക്കറി കൃഷി മുൻസർക്കാർ (1987)ന്റെ കാലത്ത് ഫലപ്രദമായി നടന്നു. ഓണത്തിന് സ്വയം കൃഷി ചെയ്ത് ഉണ്ടാക്കിയ പച്ചകറി ഉപയോഗിക്കുന്നതിന് വേണ്ടി വിറ്റ് കിറ്റുകളിലാക്കി വിതരണം ചെയ്തിരുന്നു. മാത്രമല്ല പച്ചകറിക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള പ്രചരണങ്ങളും ബോധവൽക്കരണവും ശരിക്ക് നടന്നതുകാരണം പച്ചകറികൃഷി വളരെയധികം പുരോഗതിയിൽ എത്തി. എന്നാൽ ക്രമേണ അതും സ്തംഭാനാവസ്ഥയിൽ എത്തി. ഇതിന്റെ പ്രധാനമായ ഒരു കാര്യം വിദ്യാഭ്യാസം ഉണ്ടായിരുന്നാൽ സർക്കാർ പണി ചെയ്യുക എന്ന യുവതി– യുവാക്കളുടെ തീരുമാനം . ഇത് തിരുത്തേണ്ട കാലം കഴിഞ്ഞിരിക്കുന്നു. ഇന്ന് നാം പച്ചകറിക്കുവേണ്ടി അയൽ സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട ഗതികേടിലാണ് ഇവിടെ ഒരു പച്ചക്കറി ഗ്രാമം പടുത്തുയർത്തുവാൻ ഉള്ള എല്ലാ സാഹചര്യങ്ങളും ഉണ്ട്.

കാർഷിക രംഗത്ത് പുരോഗതിയുണ്ടാക്കാൻ തടസ്സമായി നിൽക്കുന്ന ഒന്നാണ് തുണ്ടുവൽക്കരണം 80% ആൾക്കാർക്കും തുണ്ടു തുണ്ടു ഭൂമികളാണ് ഉള്ളത്. കൃഷിക്കുവേണ്ടി കൂടുതൽ സ്ഥലം ഉള്ളവർപാട്ടത്തിന് ഭൂമികൊടുക്കാറില്ല. ഭൂപരിഷ്കരണനിയമം വന്ന തോടുകൂടി ഈ സ്ഥിതി മാറി. പണ്ട് കുറെയൊക്കെ പാട്ടകൃഷി നടന്നിരുന്നു. കൃഷിക്കാരുടെ വരുമാനം വളരെതുച്ഛമാണ് ഒരു കുടുംബത്തിന് ഈ വരുമാനം കൊണ്ട് ഒരിക്കലും ജീവിക്കാൻ കഴിയില്ല. ഇതുകൊണ്ട് തന്നെ മടുപ്പു തോന്നിത്തുടങ്ങി. കർഷകർ മറ്റുതൊഴിൽ തേടാൻ തുടങ്ങി. കെട്ടിടപ്പണിക്കാണ് കൂടുതൽ തൊഴിലാളികൾ പോകുന്നത് മത്സ്യമേഖലയിലാകട്ടെ മത്സ്യബന്ധനത്തിലും പൂർണ്ണ ശ്രദ്ധഉറപ്പിക്കുന്നു. അതുകൊണ്ട് കാർഷികമേഖലയിൽ പണിയെടുക്കാൻ ആളില്ലാത്താവസ്ഥ എത്തി നിൽക്കുന്നു.

കാർഷികരംഗം പരാജയത്തിലേക്ക് പോകാൻ ഇതും പരാജയത്തിലേക്ക് പോകാൻ ഇതും ഒരു കാരണമായിമാറി. ഇത് കർഷകതൊഴിലാളികളുടെ കൂലിക്കൂടുതലിൽ കൊണ്ടെത്തിച്ചു.

ഇടവിള കൃഷി മെച്ചമാക്കാൻ കഴിയാത്ത ഒരു കാരണം വ്യക്ഷസാന്ദ്രതയാണ് 1 ഏക്കറിൽ 80–90 തെങ്ങ് എന്നുള്ളത് മാറി കൂടുതൽ നടാൻ തുടങ്ങി 10 സെന്റ് ഉള്ളവർ കൂടുതൽ തെങ്ങ് നട്ടു. ഇടവിള കൃഷിക്ക് സൂര്യപ്രകാശം കിട്ടാത്ത അവസ്ഥയിലുമായി ഇത് രോഗം പടർന്ന് പിടിക്കാൻ ഇടയുണ്ടാക്കി. ഇടവിള കൃഷിചെയ്യുന്ന കർഷകന്റെ വിളമോശമായി ഇവിടെയും കർഷകരുടെ അജ്ഞതയാണ് മുന്നിട്ടു നിൽക്കുന്നത്.

ഇവിടെ എല്ലാകൃഷിയേയും ദോഷകരമായി ബാധിക്കുന്ന ഒന്നാണ് വർഷത്തിൽ രണ്ടു പ്രാവശ്യമുണ്ടാകുന്ന വെള്ളപ്പൊക്കം. മുതലപ്പൊഴി മൂടുന്ന തോടുകൂടി ജലം കെട്ടി ക്കിടന്ന് മലിനമായി തീരപ്രദേശത്തുള്ള തെങ്ങ്, വാഴ, പച്ചക്കറി എന്നിവയെ നശിപ്പിക്കുന്നു. ഇങ്ങനെ ഉണ്ടാകുന്ന നശീകരണം കൃഷി ചെലവ് കൂട്ടുന്നു. വിള അഭിവൃദ്ധി പ്രാപിക്കുന്നില്ല. ഇതോടെ കർഷകന്റെ മനസ്സ് മടുപ്പിലേക്ക് വീഴുന്നു. മുതലപ്പൊടി അഴിയാക്കുക എന്നതാണ് ഇതിൽ നിന്ന് രക്ഷ നേടാനുള്ള ഏകമാർഗ്ഗം. പിന്നെയുള്ള നീർചാലുകൾ നികത്തുന്നതുകാരണം നീർവാഴ്ച ഉണ്ടാകുന്നില്ല. ഇതും തീര പ്രദേശത്തെ കൃഷിയെ ദോഷമായി ബാധിക്കുന്നു 9–ാം വാർഡിന്റെ ചെറിയ ഒരു ഭാഗം ഒഴിച്ച ബാക്കി എല്ലാ സ്ഥലവും നീർകെട്ട് പ്രദേശങ്ങളാണ്.

ഉൽപാദനക്ഷമത കുറയുന്നതിന് അത്യുത്പാദന ശേഷിയുള്ള ജനങ്ങളെ അപേക്ഷിച്ച് പരമ്പരാഗതനടീൽ ഇനങ്ങളാണ് നാട്ടുകാർ ഇഷ്ടപ്പെടുന്നത്.

ഈ പഞ്ചായത്തിൽ നാളികേര വിപണനകേന്ദ്രമോ, രാസവളവില്പനകേന്ദ്രമേ ഇല്ല. മണ്ണ് പരിശോധന വ്യാപകമായി നടത്തിയിട്ടില്ല. മാത്രമല്ല രാസവള പ്രയോഗത്തിൽ നാട്ടുകാർക്ക് താല്പര്യമില്ല. പഴയനാടൻ വള പ്രയോഗമാണ് ഇന്നും ഭൂരിഭാഗവും അകലം ലഭിക്കുന്നത്. ചാമ്പൽ, ചാണകം, കടപ്പുഴി, കായൽ എക്കൽ എന്നിവ ഉപയോഗിക്കുന്നു എന്നാൽ ഈ 5 വർഷങ്ങൾക്ക് ശേഷം കുറച്ചു പേർ രാസവളവും ഇതോടൊപ്പം നൽകാൻ തുടങ്ങിയിട്ടുണ്ട്. ഇവിടെ ജലസേചനം വഴിയുള്ള കൃഷിയല്ല ഉള്ളത് കാലവർഷത്തെ ആശ്രയിച്ചാണ് പ്രധാനമായും കൃഷിനടത്തുന്നത് കാലി വളർത്തൽ വ്യാപകമല്ലാത്തതുകൊണ്ട് ജൈവവളപ്രയോഗത്തിനും ചിലവ് കൂടുതലാണ് ദൂരെ സ്ഥലങ്ങളിൽ നിന്ന് കാലി വളം കൊണ്ട് വരേണ്ട അവസ്ഥയാണുള്ളത്.

കർഷക തൊഴിലാളികളുടെ എണ്ണം കുറയുന്നതിനനുസരിച്ച് യന്ത്രോപകരണങ്ങളുടെ ഉപയോഗം വർദ്ധിച്ചിട്ടില്ല. പമ്പുസെറ്റുകൾ തന്നെ വളരെ കുറവാണ് സബ്സീഡിയിനത്തിൽ കൂടുതൽ പമ്പ് സെറ്റ്, ഉഴവുയന്ത്രം തെങ്ങുകയറ്റയന്ത്രം എന്നിവ കൂടുതലായി നിലവിൽ വന്നു.

പഞ്ചായത്തിൽ ആശാൻ സ്മാരക കേര വികസനസമിതി നിലവിലുണ്ട് പ്രവർത്തനങ്ങൾ നടക്കുന്നുണ്ട് 350 ഓളം അംഗങ്ങളുണ്ട്

കൃഷി ഭവൻ

ഒരു കൃഷി ഓഫീസറും 2 അസിസ്റ്റന്റ് മാരുമായി മൂന്നു ജീവനക്കാരാണുള്ളത്. കൃഷിഓഫീസിന്റെ സേവനം ഒരളവിൽ പ്രോത്സാഹനജനകമാണ് അധികാരപരിധിയിൽ നിന്നുള്ള സഹായസഹകരണങ്ങൾ കിട്ടുന്നുണ്ട്.

നിലവിലുള്ള പദ്ധതിയുടെ അവലോകനം

അഞ്ചുതെങ്ങ് കൃഷിഭവൻ മുഖേന 1996 സാമ്പത്തിക വർഷത്തിൽ പ്രകൃതിക്ഷോഭം മൂലം കൃഷിനാശം സംഭവിച്ചതിന് ദുരിതാശ്വാസമായി 278 കർഷകർക്കായി 70589 രൂപ വിതരണം ചെയ്തു

പ്രത്യേക തൊഴിൽ ദാനപദ്ധതി പ്രകാരം കൃഷിഭവനിൽ രജിസ്റ്റർ ചെയ്തയുവതി യുവാക്കളിൽ നിന്നും 14 പേരെതിരഞ്ഞെടുക്കുകയും അവരെ കൊണ്ട് അഞ്ചുതെങ്ങ് പഞ്ചായത്തിലെ Root (wilt) survey നടത്തുകയുണ്ടായി

സമഗ്രകേരവികസനപദ്ധതി പ്രകാരം 1/3 സബ്സിഡി നിരക്കിൽ പരമാവധി 2500 രൂപ സബ്സിഡിയോട് കൂടി രണ്ട് ജലസേചനകിണറും 4 പമ്പ് സെറ്റും അനുവദിക്കുന്നതാണ് കൂടാതെ 1000 രൂപ സബ്സീഡി നിരക്കിൽ പരമാവധി 46 റോക്കർ സ്പ്രയറും 500 രൂപ സബ് സിഡിനിരക്കിൽ രണ്ട് തെങ്ങ് കയറ്റയന്ത്രവും വിതരണം ചെയ്യുന്നതാണ്. ടി പദ്ധതി പ്രകാരം 3000 തെങ്ങുകൾക്ക് 50% സബ്സിഡി നിരക്കിൽ രാസവളം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. പഞ്ചായത്ത് അതിർത്തിയിൽ രാസവളഡിപ്പോ ഇല്ലാത്തതിനാൽ രാസവളം വിതരണം ചെയ്യുന്നതിന് ബുദ്ധിമുട്ടമുഭവപ്പെടുന്നു. ഹെക്ടറിന് 200രൂപാ സബ്സിഡി നിരക്കിൽ 20 ഹെക്ടർ തെങ്ങിൻ പുരയിടത്തിൽ ഇടവിളകൃഷിക്ക് വേണ്ടി വാഴക്കന്ന് വിതരണം ചെയ്യുന്നതാണ്.

തെങ്ങ് കൃഷിക്ക് കണിക ജലസേചനത്തിന് സബ്സിഡിയായി 9000രൂപ അനുവദിച്ചിട്ടുണ്ട്കൂടാതെ GREEN HOME നിർമ്മാണത്തിന് 100 sq മീറ്റർന് 6250 രൂപാസബ്സിഡിയായി നല്കുന്നതാണ്.

കാർഷിക രംഗത്ത് പരിഗണിക്കേണ്ട പ്രധാന പ്രശ്നങ്ങൾ

1. തുണ്ടു ഭൂമികളിൽ ലാഭകരമായി കൃഷി ചെയ്യാൻ പറ്റുന്നില്ല.
2. തേങ്ങയ്ക്ക് വേണ്ടത്ര വില കിട്ടുന്നില്ല
3. നീർക്കെട്ട് തെങ്ങിന്റെ വേര് ചീയലിനുകാരണമാകുന്നു.
4. നല്ലയിനം നടീൽ വസ്തുക്കൾ ലഭിക്കുന്നില്ല.
5. കർഷകതൊഴിലാളികളെ വേണ്ടത്ര ലഭിക്കുന്നില്ല, ഉള്ള തൊഴിലാളികൾക്ക കൂലി വളരെ കൂടുതലാണ്.
6. തെങ്ങിന്റെ ഇടയകലം കുറവാണ്
7. പ്രായം കൂടുതലുള്ള തെങ്ങുകൾ കൂടുതലാണ്.
8. വ്യാപകമായ മണൽ വാരൽ കാരണം അഞ്ചുതെങ്ങ് കായലിന്റെ വരമ്പുകൾ തോടുകൾ എന്നിവ കരയിടിയുന്നു.
9. കാർഷികോൽപ്പന്നങ്ങൾ സംഭരിക്കുന്നതിനുള്ള സംവിധാനങ്ങൾ നിലവിലില്ല.
10. കാർഷികാവശ്യങ്ങൾക്കുള്ള വായ്പസൗകര്യം പരിമിതമാണ്.
11. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലാണ് വളപ്രയോഗം നടത്തുന്നത്
12. രാസവളപ്രയോഗം നാമമാത്രമാണ് പ്രയോഗിക്കേണ്ടസമയത്ത് സബ്സിഡിയായി വളം കിട്ടാറില്ല. കൂടാതെ ജൈവവളം കിട്ടാറില്ല.
13. കാർഷികയന്ത്രോപകരണങ്ങൾ വേണ്ടത്രലഭ്യമല്ല.
14. ജലസേചന സൗകര്യങ്ങൾ വളരെ പരിമിതമാണ്. കൃഷിമിക്കവാറും മഴയെ ആശ്രയിച്ചാണ് നടക്കുന്നത്.
15. കൃഷിമുഖ്യതൊഴിലായിട്ടുള്ളവരുടെ എണ്ണം കുറവാണ് അതുകൊണ്ട് കൃഷി അഭിവൃദ്ധിപ്പെടുന്നില്ല.
16. കൊപ്രസംസ്ക്കരണശാലകളില്ല.
17. വേനൽകാല പച്ചകറിക്ക് ആവശ്യമായ ജലസേചനം നടത്താൻ കഴിയുന്നില്ല.
18. ചിലരോഗങ്ങൾ വ്യാപകമായി കണ്ടുവരുന്നു. തെങ്ങിനു കുമ്പുചീയൽ, കോറിസ്, ബർഗ്, കാറ്റ്, വീഴ്ച, ഓല മഞ്ഞളിപ്പ്, വേര്ചീയൽ,പച്ചക്കറികൾ,ധൃതവാട്ടം കീടബാധ, വാഴകൾക്ക് കുറുനാമ്പ് രോഗം
19. മേൽത്തരം നടീൽ വസ്തുകൾലഭിക്കുന്നില്ല.
20. ജലസേചനത്തിന് ശുദ്ധജലം ലഭിക്കുന്നില്ല.
21. കൃഷിക്കാർക്ക് ആവശ്യമായ വളങ്ങളും കീടനാശിനികളും സൗജന്യനിരക്കിൽ ലഭിക്കുന്നില്ല.

22. അഞ്ചുതെങ്ങ് മുതലപ്പൊഴി മൂടുന്നതു കാരണം വർഷത്തിൽ രണ്ടുപ്രാവശ്യം വെളപ്പൊക്കമുണ്ടാകുന്നു.

23. മണൽ പ്രദേശങ്ങളിൽ ഇടവിള കൃഷിചെയ്യാൻ ബുദ്ധിമുട്ട് അനുഭവപ്പെട്ടുന്നു.

24. വായ്പാസൗകര്യം ലഭിക്കുന്നില്ല.

25. കാർഷികരീതിയെക്കുറിച്ചുള്ള ബോധവൽക്കരണമില്ലായ്മ

സാദ്ധ്യതകൾ

1. കൃഷിയുക്തമായ ഭൂമിവാടകയിനത്തിൽ ലഭ്യമാക്കുക.

2. കൊപ്രാവിപണനകേന്ദ്രം പഞ്ചായത്തിൽ അനുവദിക്കുക

3. നീർക്കെട്ട് മാറ്റുന്നതിന് ആവശ്യമായ നീർച്ചാലുകൾ നിർമ്മിക്കാൻ സബ്സിഡി അനുവദിക്കുക

4. തെങ്ങിൻ തൈകൾ നടേണ്ടരീതി കൃഷിരീതി ഇവയെപ്പറ്റി ബോധവൽക്കരണം നടത്തുക

5. മണ്ണ് പരിശോധന കാര്യക്ഷമമായരീതിയിൽ എല്ലാപ്രദേശത്തും നടത്തുക.

6. രാസവള പ്രയോഗം നടത്തേണ്ടസമയത്ത് സബ്സിഡിയായി വളം ലഭ്യമാക്കാൻ വേണ്ട നടപടിയുണ്ടാകണം.

7. പുരയിടങ്ങൾ ഉഴുതിടാനും, ജലസേചനംനടത്താനും ഉഴവ് യന്ത്രം, പമ്പ്സെറ്റ് ഇവ ആവശ്യനുസരണം സബ്സിഡിയായി അനുവദിച്ച് ലോൺ ആയി അനുവദിക്കുക.

8. കുറച്ച് ഭൂഉടമകളെ യോജിപ്പിച്ച് പൊതു കിണർ കുഴിച്ച് കൂടുതൽ സ്ഥലത്ത് ജലം ലഭ്യമാകത്തക്കരീതിയിൽ പദ്ധതിയുണ്ടാക്കുക

9. കൃഷികൊണ്ടുള്ള ഉപയോഗം പ്രാധാന്യം ഇവയെപ്പറ്റി ബോധവൽക്കരിച്ച് സൗജന്യമായി വിത്തും വളവും നല്കി കൃഷിചെയ്യുന്നതിൽ പ്രോത്സാഹിപ്പിക്കുക

10. പഞ്ചായത്തിൽ ഒരു കൊപ്രാസംസ്ക്കരണശാല അനുവദിക്കുക.

11. കായ്ഫലംകുറഞ്ഞ, പ്രായകൂടുതലുള്ള തെങ്ങുകൾ മുറിച്ച് മാറ്റുന്നതിന് തെങ്ങൊന്നിന് 400 രൂപാവീതം അനുവദിക്കുക.

12. കൂമ്പുചീയൽ, ഓലചീയൽ, പടുക്കുലച്ചാഴി മുതലായവ ഖനി നിയന്ത്രിക്കുന്നതിന് വേണ്ടി കൂട്ടായി മരുന്ന് തളിനടത്തുക. കീടനാശിനിക്കും മരുന്ന് തളി നടത്തുന്നതിനും സബ്സിഡി അനുവദിക്കുക. മരുന്ന്തളിക്കുന്ന തൊഴിലാളികൾക്കു ആവശ്യമായ പരീശീലനം നൽക്കുന്ന കാറ്റ് വീഴ്ച വന്ന തെങ്ങുകൾ വെട്ടി മാറ്റുകയും വെട്ടി മാറ്റുന്ന തെങ്ങിനുപകരം നടുന്ന തെങ്ങിൻ തൈയ്ക്കും സബ്സിഡി അനുവദിക്കുക . മരുന്ന് തളിയന്ത്രം സൗജന്യമായി വിതരണംചെയ്യുക.

13. മേൽത്തരം നടീൽ വസ്തുക്കൾ ആവശ്യമായ സമയവളങ്ങളും കീടനാശിനികളും സ്പേചെയ്യാനുള്ള ഉപകരണങ്ങളും ആവശ്യക്കാരന് സബ്സിഡിയായി അനുവദിക്കകയും ഒരുവളം ഡിപ്പോ പഞ്ചായത്തിൽ സ്ഥാപിക്കുകയും ചെയ്യുക.

14. വക്കം- അഞ്ചുതെങ്ങ് - വാമനാപുരം പദ്ധതി കാര്യക്ഷമമായി പ്രവർത്തിപ്പിച്ച് ആവശ്യമായ ജലം പമ്പ് ചെയ്യാൻ ശക്തിയേറിയ മോട്ടർ സ്ഥാപിക്കുകയും ചെയ്യുക.

15. കൃഷിക്ക് ആവശ്യമായ വളങ്ങളും കീടനാശിനികളും സപ്ലേ ചെയ്യാനുള്ള ഉപകരണങ്ങളും ആവശ്യക്കാരന് സബ്സിഡിയായി അനുവദിക്കുകയും ഒരു വളം ഡിപ്പോ പഞ്ചായത്തിൽ സ്ഥാപിക്കുകയും ചെയ്യുക.

16. മുതലപ്പൊഴി എത്രയും വേഗം അഴിയാക്കിയാൽ വെള്ള പ്പൊക്കം നിയന്ത്രീക്കാൻ കഴിയും അതു വഴികൃഷിക്കാരെ സംരക്ഷിക്കണം.

17. മണൽ പ്രദേശങ്ങൾ കൃഷിയുക്തമാക്കാൻ ചെമ്മൺ, ഇടുന്നതിൽ കൃഷിഭവൻ സബ്സിഡി അനുവദിക്കുക. അതുവഴി ഇടവിള കൃഷി സാദ്ധ്യമാക്കുക.

18. കർഷകത്തൊഴിലാളികളുടെ അഭാവം പരിഹരിക്കാൻ പവ്വർ ട്രീല്ലർ, സ്പ്രേയർ, മരംകയറ്റും യന്ത്രം എന്നിവ സഹകരണസംഘം വഴി വാങ്ങി കൃഷിക്കാർക്ക് ഉപയോഗ പ്രദമാക്കുക

19. സംഘങ്ങൾ വഴികൊപ്രാസംഭരിക്കുകയും കൊപ്രായ്ക്കു താങ്ങു വില നിശ്ചിയിക്കുകയും ചെയ്യുക.

20. വായ്പ ആവശ്യമായ കർഷകന് കുറഞ്ഞപലിശക്ക് സുതാര്യമായ നിയമവ്യവസ്ഥ വഴി പദ്ധതികൾ ആവശ്യമായ പണം അനുവദിക്കുക.

21. കൃഷിഭവന്റെ പ്രവർത്തനം കൂടുൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വാർഡ് അടിസ്ഥാന

ത്തിൽ ജനകീയ കാർഷിക സമിതിയും പഞ്ചായത്തടിസ്ഥനത്തിൽ കൃഷിഭവനുമായി ചേർന്നു കൊണ്ടുള്ള കാർഷികഗ്രൂപ്പ് രൂപീകരിക്കുക.

22. ഭൂവികസനം കന്നുകാലി വികസനം മത്സ്യകൃഷി തുടങ്ങിയ മേഖലകളിലേക്ക് ഉദാരമായ വായ്പ നൽകുവാൻ ദേശസാൽക്കരണ ബാങ്കുകളും സഹകരണ ബാങ്കുകളും തയ്യാറാകേണ്ടതാണ്.

23. വിവിധ വിളകൾക്ക് വെവ്വേറെ വായ്പ നൽകുന്ന സമ്പ്രാദായം നിർത്തലാക്കി പുരയിട വികസനത്തിന് സമഗ്രമായ വായ്പസമ്പ്രദായം ഏർപ്പെടുത്തുക

24. വൃക്ഷവിളകളായമാവ്, പ്ലാവ്,പുളി എന്നിവ വ്യാപകമായി നട്ടുപിടിപ്പിക്കാൻ കഴിയും പൊതു സ്ഥലങ്ങളിൽ ജനകീയ സമിതിയുടെ നേതൃത്വത്തിൽ ഇത് ചെയ്യാൻ കഴിയും

25. ഔഷധസസ്യങ്ങൾ, അലങ്കാരസസ്യങ്ങൾ കൂൺ കൃഷി, ഉദ്യാനകൃഷി എന്നിവയ്ക്കുവായ്പവിപണനം പരീശീലനം എന്നിവ ഏർപ്പെടുത്തേണ്ടതുണ്ട്.

26. എല്ലാവിളകൾക്കും ഇൻഷ്വറൻസ് ഏർപ്പെടുത്തുക

27. തെങ്ങിനുള്ള ഡിപ്പ്ളറി ഗേഷൻ വ്യാപകമായി നടപ്പിലാക്കണം

28. വിവിധവകുപ്പുകളീലൂടെ നടക്കുന്ന കാർഷികപ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ ഏകീകരിക്കുക.

29. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി ഗ്രൂപ്പടിസ്ഥാനത്തിലും തരിശുഭൂമിപാട്ടം നൽകിയുള്ള പച്ചകറികൃഷി പയറുവർഗ്ഗകൃഷി എന്നിവ വ്യാപിപ്പിക്കുന്നതിനുള്ള ജനകീയ സമിതി രൂപീകരിക്കുക.

30. സ്ക്കൂളിൽ ഗ്രീൻ ക്ലബ് രൂപീകരിച്ച് പച്ചകറി കൃഷി നടത്തുക. സ്ക്കൂൾതല മത്സരങ്ങൾ സംഘടിപ്പിക്കാം കലാസമിതികളെക്കൂടി പങ്കെടുപ്പിക്കാവുന്നതാണ്.

31. യുവജനങ്ങളുടെ രജിസ്റ്റർ ചെയ്ത കാർഷികഗ്രൂപ്പുകൾ രൂപീകരിച്ച് കൃഷി തൊഴിലുകൾക്ക് ശബളവ്യവസ്ഥഏർപ്പടുത്തണം

32. വ്യാപകമായ പ്ലാസ്റ്റിക്ക് മലിനീകരണം ഒഴിവാക്കാൻ റീസൈക്ലീംഗ് സംവിധാനം പഞ്ചായത്തു തലത്തിൽ ഏർപ്പെടുത്താവുന്നതാണ്

33. പച്ചിലവള ലഭ്യതയ്ക്കു വേണ്ടിയുള്ള വൃക്ഷവൽക്കരണപ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതാണ്.

34. കർഷകരെ അംഗീകരിക്കുന്ന രീതിയിലുള്ള അവാർഡുകൾ ഏർപ്പെടുത്തുകയും കാർഷിക മേഖലയുമായി ബന്ധപ്പെട്ട ഉത്സവങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുക.

35. കേരകർഷകസമിതിയിലെ വോട്ടവകാശമുള്ള അംഗത്വത്തിന് ഇന്നു നിലവിലുള്ള നിബന്ധനകൾ ഒഴിവാക്കണം.

36. പഞ്ചായത്തിലാകെ മണ്ണു പരിശോധനനടത്തി വിളവുകളും വളപ്രയോഗവും നിർദ്ദേശിക്കുക.

37. തെങ്ങിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ഒരു സമഗ്രപദ്ധതി നടപ്പിലാക്കാനാവും.

38. കൃഷിയിടങ്ങളുടെ അതിരുകൾ ജൈവവളശേഖരത്തിനുതകും വിധം ചെടികൾ വയ്ക്കുക.

39. പരമ്പരാഗതവും പുതിയവയുമായ പഴവർഗ്ഗങ്ങൾ സ്വന്തം ആവശ്യത്തിനെങ്കിലും എല്ലാവളപ്പിലും വളർത്തുക.

40. കടൽ ത്തീരത്ത് കാറ്റിനും കടലാക്രമണത്തിനും പ്രതിരോധമായും വിറകിനും തടിക്കുമായി വൃക്ഷനിരവളർത്തി ജനപങ്കാളിത്തത്തോടെസംരക്ഷിക്കുക

41. പുതുവിളകളെ പ്രോത്സാഹിപ്പിച്ച് പഞ്ചായത്തിൽ നടത്തുന്നതിനെക്കുറിച്ച് ഒരു പരിശോധന നടത്തണം(ഓർക്കിഡ്, ആന്തൂറിയം, കുറ്റിമുല്ല, കൂൺകൃഷികൾ)

42. സുഗന്ധ വിളകൾ(ഇഞ്ചി, മഞ്ഞൾ, കരുമുളക്, ജാതി) പ്രോത്സാഹിപ്പിക്കുന്നതിനുകഴിയും

43. തേനീച്ച വളർത്തൽ കാർഷികമേഖലയിലെ അധികവരുമാനം സമാഹരിക്കുന്നതിന് പ്രചരിപ്പിക്കാനാവും

44. കാർഷികവിളകൾ നശിപ്പിക്കുന്നവർക്കെതിരെ കർശനമായ നടപടിസ്വീകരിക്കുക.

നാളിതുവരെ ഫലപ്രദമായി കഴിഞ്ഞിട്ടില്ലാത്ത കൃഷിഭവൻ വഴി ലഭ്യമാക്കുന്ന ശാസ്ത്രജ്ഞാനവും കൃഷിക്കാരുടെ അനുഭവസമ്പത്തും നഷ്ടമായ ഒരു കാർഷികസംസ്കാരം വീണ്ടെടുക്കുന്നതിന് ഉപയോഗപ്പെടുത്തുവാനും ഹരിതസമൃദ്ധിയുടെ ഒരു അഞ്ചു തെങ്ങ് വീണ്ടും സൃഷ്ടിക്കുവാനുമാകും. കാർഷികഅവബോധവും പുതിയ കൃഷിരീതികളും വളർത്തുന്നതിനു വമ്പിച്ച പ്രചരണത്തോടെ സമൂഹത്തിന്റെ യാകെ മുൻകൈ വളർത്തേണ്ടതുണ്ട്.

മൃഗപരിപാലനം

കൃഷിക്കു പ്രഥമ സ്ഥാനമുള്ളത് അഞ്ചു തെങ്ങ് ഗ്രമപഞ്ചായത്തി 6; 7; 8; 9 വാർഡുകളിലും 1, 2 വാർഡുകളിൽ നാമമാത്രകാർഷികരീതിയും ഉണ്ട്. ഒഴിവാക്കാൻ വയ്യാത്ത ഘടകമായിരുന്നു കാലിവളർത്തൽ പാൽ ഉൽപാദനത്തോടൊപ്പം തന്നെ കൃഷിക്കാവശ്യമായ ജൈവ വളങ്ങളുടെ മുഖ്യ സ്രോതസ്സും കന്നുകാലികളായിരുന്നു. കൃഷിയോട് അനുബന്ധമായിട്ടായിരുന്നു അന്ന് കാലികളെ വളർത്തിയിരുന്നത്. അടുത്ത കാലത്തായി കൃഷിയോടുള്ള വൈമുഖ്യം കാലിവളർത്തലിനേയും സാരമായി ബാധിച്ചിട്ടുണ്ട്.

പശു, എരുമ, ആട് എന്നിവയാണ് പ്രധാന വളർത്തുമൃഗങ്ങൾ മുൻകാലങ്ങളെ അപേക്ഷിച്ച് പരമ്പരാഗതമായി വളർത്തി വന്നിരുന്ന മൃഗങ്ങളുടെ എണ്ണം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. വളരെയധികം വികസന സാദ്ധ്യതയുള്ള ഒരു മേഖലയാണിത്. ബോധപൂർവമായ ഇടപെടൽ നടത്തിയാൽ ഈ രംഗത്ത് വലിയ അളവിൽ പുരോഗതി ഉണ്ടാക്കാവുന്നതാണ്. ഗോബർഗ്യാസ് പ്ലാന്റുകൾ വളരെകുറവാണ്. ചെലവു കുറഞ്ഞ രീതിയിൽ പ്രവർത്തിപ്പിക്കാൻ കഴിയുന്ന ഈ പ്ലാന്റുകളുടെ വ്യാപനം ഇന്ധനക്ഷാമത്തിന് പരിഹാരമാണ്. പാചകവാതകത്തിന് ക്ഷാമം അനുഭവപ്പെടുന്ന ഇക്കാലത്ത് ജൈവാംശം നഷ്ടപ്പെടാതെ തന്നെ ഉപയോഗപ്പെടുത്താൻ കഴിയുന്നു എന്നതാണ് ഇതിന്റെ പ്രത്യേകത. മാംസത്തിനു വേണ്ടി മാത്രം കാലികളെ വളർത്തുന്ന പതിവില്ല. ഇവിടെ അറവുശാലകളില്ല.

ഈ പഞ്ചായത്തിൽ ഒരു മൃഗാശുപത്രിയുണ്ട്. മൃഗങ്ങളെ ചികിത്സിക്കാൻ മറ്റു സ്ഥാപനങ്ങളില്ല.

1995 കന്നുകാലി സെൻസസ്

വളർത്തുമൃഗ സെൻസസ്

പശു	120 എണ്ണം
എരുമ	5 ,,
പട്ടി	2500 ,,
കോഴി	5000 ,,
ആട്	180 ,,
താറാവ്	400 ,,
പന്നി	30 ,,

വളർത്തു പക്ഷികളിൽ പ്രധാനം കോഴിയും താറാവുമാണ്. ആദ്യകാലങ്ങളിൽ ബഹു ഭൂരിപക്ഷം വീടുകളിലും നാടൻ കോഴികളെ വളർത്തിയിരുന്നു. ഉൽപാദിപ്പിക്കപ്പെട്ട മുട്ടകൾ സ്വന്താവശ്യത്തിന് ഉപയോഗിച്ചിരുന്നു. കോഴി വളർത്തൽ ഗണ്യമായി കുറയുകയും മുട്ടയുടെ ഉപഭോഗം വർദ്ധിക്കുകയും ചെയ്തു. ഇന്ന് കോഴിമുട്ടയുടെ വിപണി പൂർണ്ണമായും തമിഴ് നാട്ടുകാ

രായ കച്ചവടക്കാർ കയ്യടക്കിയിരുന്നു.

മുട്ട കോഴി വളർത്തൽ വിപുലമായി വികസന സാദ്ധ്യതയുള്ള മേഖലയാണ്. വ്യാവസായികാടിസ്ഥാനത്തിൽ മുട്ടക്കോഴികളെ വളർത്തുന്ന ഒരു യൂണിറ്റ് പോലും ഇവിടെയില്ല. ഇറച്ചിക്കോഴി വളർത്തൽ ലാഭകരമാണെങ്കിലും ഇത്തരം യൂണിറ്റുകൾ ഇല്ലെന്നതന്നെ പറയാം. ക്ഷീര സഹകരണ സംഘങ്ങളില്ലാത്തതിനാൽ പാലുൽപാദകർക്ക് ന്യായമായ വില ലഭിക്കുന്നില്ല. സൊസൈറ്റി നിശ്ചയിച്ചിരുന്ന തോതിലുള്ള വിലയാണു നൽകുന്നത്. പൊതു മാർക്കറ്റിലെ വിലയും ഇതും തമ്മിൽ വലിയ വ്യത്യാസമാണുള്ളത്. വൈക്കോൽ പുറമെ നിന്നു കൊണ്ടുവരുന്നു. പഞ്ചായത്തിൽ 2500 വളർത്തുപട്ടികളാണുള്ളത്. നായ്ക്കൾക്ക് പ്രതിരോധ കുത്തിവെയ്പ്പുകൾ നടത്തുന്നവർ വിരളമാണ്. ലൈസൻസുള്ളവ ഇല്ല. പഞ്ചായത്തു കാലാകാലങ്ങളിൽ അലഞ്ഞുനടക്കുന്ന പട്ടികളെ പിടിച്ചു നശിപ്പിക്കാറുണ്ട്. പട്ടി പിടുത്തക്കാരെ ലഭിക്കാൻ പ്രയാസമാണ്. അപൂർവ്വം ചിലർ മുയലുകളെ വളർത്തുന്നുണ്ട്.

ഗ്രാമസഭകളിൽ നിന്നുള്ള പ്രശ്നങ്ങൾ

1. തീറ്റപ്പുല്ലിന്റേയും, ശുദ്ധീകരണ സൗകര്യമുള്ള തൊഴുത്തുകളുടെയും അപര്യാപ്തത
2. ഇൻഷുറൻസ് പരിരക്ഷയുടെ അപര്യാപ്തത
3. അശാസ്ത്രീയ മാംസ ശേഖരണവും വിപണനവും
4. കോഴിത്തീറ്റയുടെ വില കൂടുതൽ, കോഴിവളർത്തലിനെ സാരമായി ബാധിച്ചിട്ടുണ്ട്.
5. പേപ്പട്ടി ശല്യം പൂർണ്ണമായി ഒഴിവാക്കാൻ കഴിഞ്ഞിട്ടില്ല.
6. വായ്പ നൽകുന്നതിന് ധനകാര്യ സ്ഥാപനങ്ങളുടെ വിമുഖത.
7. അലഞ്ഞുതിരിയുന്ന നായ്ക്കളെ കൃത്യമായി പിടിക്കാൻകഴിയാത്തവസ്ഥ.
8. മൃഗസംരംക്ഷണത്തിനുള്ള സൗകര്യങ്ങൾ അപര്യാപ്തമാണ്.
9. ക്ഷീരവിപണനത്തിന് സൗകര്യങ്ങളില്ല.
10. കാലിത്തീറ്റ കുറഞ്ഞ വിലക്കു കിട്ടുന്നില്ല്.
11. മൃഗാശുപത്രിക്കാവശ്യമായ കെട്ടിടങ്ങളോ ഉപകരണങ്ങളോ മറ്റ് സൗകര്യങ്ങളോ ഇല്ല.
12. വളർത്തു മൃഗങ്ങളെ കയറ്റി നിർത്തി പരിശോധിക്കുന്നതിനുള്ള യാതൊരു സൗകര്യവും ഈ സ്ഥാപനത്തിലില്ല.

സാദ്ധ്യതകൾ

1. കോഴിയുടെ കാര്യത്തിൽ കുഞ്ഞുങ്ങളെ സംഭരിച്ചു നൽകി കുടുംബബന്ധിതമായി വളർത്തുന്നതിന് വേണ്ട പരിശീലനം നൽകേണ്ടതാണ്. കേന്ദ്രീകൃത വിപണന സൗകര്യം ഉണ്ടാക്കേണ്ടതാണ്.
2. പുൽക്കൃഷി വ്യാപകമാക്കണം.
3. മാംസത്തിനായുള്ള മൃഗപരിപാലനം പ്രോത്സാഹിപ്പിക്കണം
4. ഉല്പാദനച്ചെലവനുസരിച്ച് പാൽവില നിശ്ചയിക്കണം.
5. പകർച്ച വ്യാധികൾക്കെതിരെ കുത്തിവയ്പ്.
6. കൃഷിയും, മൃഗസംരക്ഷണവും പരസ്പര പൂരകമായി നടപ്പാക്കുന്നതാണ്.
7. ആടുവളർത്തലിന് പ്രോത്സാഹനം നൽകണം. നല്ലയിനം ആടുകളെ ലഭ്യമാക്കണം.
8. ജൈവ സമ്പത്തു നിലനിർത്തുന്നതിന്റെ ഭാഗമായി നാടൻ പശുവളർത്തലും പ്രോത്സാഹിപ്പിക്കേണ്ടതാണ്.
9. വളർത്തു പട്ടികൾക്ക് ലൈസൻസ് നിർബന്ധമാക്കണം. അലഞ്ഞു നടക്കുന്നവയേയും ലൈസൻസെടുക്കാതെ വളർത്തുന്നവയേയും നശിപ്പിക്കണം.
10. എല്ലാ കറവു മാടുകളേയും ഇൻഷുറൻസ് സ്കീമിൽ ഉൾപ്പെടുത്താനുള്ള നടപടികൾ.
11. പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിൽ ഒരു കോഴിക്കുഞ്ഞുല്പാദന കേന്ദ്രം സ്ഥാപിക്കുക. കോഴി വസന്തക്കെതിരെയുള്ള പ്രതിരോധ കുത്തിവയ്പ് സംഘടിപ്പിക്കുക. കുറഞ്ഞ വിലയ്ക്ക് കാലിത്തീറ്റയും കോഴിത്തീറ്റയും ലഭ്യമാക്കുക. കോഴികളെ വില്ക്കുന്നതിന് സഹകരണ സംഘം പൊതു സംവിധാനമുണ്ടാക്കുക.
12. അത്യുല്പാദനശേഷിയുള്ള പശുക്കളെ വളർത്തുന്നവർക്ക് സാമ്പത്തിക സഹായവും ബോധവൽക്കരണവും നൽകുക.
13. ഒരു പൗൾട്രി ഫാം സ്ഥാപിക്കുക.
16. ആധുനിക രീതിയിലുള്ള അറവുശാലകൾ സ്ഥാപിക്കുക.

17. കന്നുകാലികൾക്ക് യഥാസമയം പ്രിരോധ കുത്തിവയ്പ് നൽകുന്നതിന് പഞ്ചായത്തു തല ത്തിൽ വാർഡുകൾ തോറും ക്യാമ്പുകൾ സംഘ ടിപ്പിക്കുക.

18. കാലിത്തീറ്റ നിർമ്മാണ യൂണിറ്റികൾ എല്ലാ വാർഡിലും ആരാഭിക്കുക.

19. പന്നി, കോഴി, ആട് മുതലായവയെ വളർത്തുന്ന തിനുള്ള പരിശീലനവു ധനസഹായവും നൽകി താൽപ്പര്യമുള്ളവരെ പ്രോത്സാഹിപ്പിക്കുക.

20. അടുക്കള മുറ്റത്തെ കോഴിവളർത്തൽ സർവ്വസാ ധാരണമാക്കുക.

21. വിദ്യർത്ഥികൾക്ക് മൃഗസംരക്ഷണമേഖലയിൽ ആഭിമുഖ്യം ഉണ്ടാകത്തക്കവിധത്തിൽ സ്കൂൾ തലത്തിൽ പദ്ധതികൾ നടപ്പിലാക്കുക.

22. കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിനും ബയോ ഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനും പഞ്ചായത്ത് തലത്തിൽ ധനസഹായം ചെയ്യുക.

23. മൃഗാശുപത്രി വികസന സമിതി രൂപീകരിച്ച് ആധുനിക സൗകര്യങ്ങളോടെ മൃഗാശുപത്രികൾ പുനരുദ്ധാരണം ചെയ്യുക.

24. പേവിഷ നിർമ്മാർജ്ജനം സാർവത്രികമാക്കുക.

25. ഗോബർ ഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുക.

26. തീറ്റപ്പുൽ കൃഷി വ്യാപകമാക്കുക.

27. സ്കൂൾപൗൾട്രി ക്ലാസ്സുകൾ ആരംഭിക്കാവുന്ന താണ്.

29. വനിതാസംഘടനകൾ വഴി മൃഗസാരക്ഷണ മേഖ ലയിലെ പദ്ധതികൾ നടപ്പിലാക്കുക.

30. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി സാമ്പ ത്തിക പരിഗണന കൂടാതെ എല്ലാ വർക്കും പ്രയോജനപ്പെടുത്തണം.

31. കാലിത്തീറ്റയ്ക്ക് സബ്സിഡി അനുവദിക്കണം.

- ഒമ്പതാംപദ്ധതി അടങ്കൽ- 11000 കോടി
- വാർഷികപദ്ധതിയിൽ 960 കോടിയുടേത് പഞ്ചായത്ത്- നഗരസഭകൾ വഴി നടപ്പാക്കും
- നഗരസഭകൾക്ക് 144 കോടി
- ജില്ലാ പഞ്ചായത്തുകൾക്ക് 122 കോടി
- ബ്ലോക്ക് പഞ്ചായത്തുകൾക്ക് 122 കോടി
- ഗ്രാമപഞ്ചായത്തുകൾക്ക് 571 കോടി
- ഗ്രാമപഞ്ചായത്തൊന്നിന് ശരാശരി 57.6 ലക്ഷം

മത്സ്യ ബന്ധനം

ഏകദേശം അഞ്ചു കിലോമീറ്റർ കടൽത്തീരവും 41/2 കിലോമീറ്റർ കായലോരവുമുള്ള പഞ്ചായത്തിൽ പ്രധാന ഉല്പാദനമേഖലകളിൽ ഒന്നും വലിയൊരു വിഭാഗത്തിന്റെ ഉപജീവനമാർഗ്ഗവുമാണ് മത്സ്യ ബന്ധനം. മത്സ്യത്തൊഴിലാളികൾ കടൽത്തീരത്തു തിങ്ങിപ്പാർക്കുന്നു.

ആദ്യകാലങ്ങളിൽ വിവിധയിനം വഞ്ചികളും, കട്ടമരങ്ങളും ഉപയോഗിച്ച് കാലാവസ്ഥാമാറ്റങ്ങൾക്കനുസൃതമായി പലവിധ മത്സ്യബന്ധനരീതികൾ അവലംബിച്ചിരുന്നു. 22 mm ഉള്ള നെയ്ത്തോലി വല ഉപയോഗിച്ച് നെയ്ത്തോലിയും 35mm ഉള്ള ചാളവലയും 65mm ഉള്ള എച്ചാവല (അയല പിടിക്കുന്നതിന്) വലിയവലയും (ചൂരാ, നെയ്മീൻ, തോട്, സ്രാവ്, 10mm) ഉപയോഗിക്കുന്നു. പ്ലൈവുഡും കട്ടമരവുമാണ് ഇവിടത്തെ മത്സ്യ തൊഴിലാളികൾ ഉപയോഗിക്കുന്നത്.

സാധാരണ കട്ടമരത്തിൽ 3 പേരും പ്ലൈവുഡ് വള്ളത്തിൽ 6 പേരും പോകുന്നു. മീൻ പിടുത്തം കഴിഞ്ഞ് അഴിയും മലകളും നക്ഷത്രങ്ങളും നോക്കി ദിശ നിർണ്ണയിച്ച് തിരിച്ചെത്തും.

മീൻ പിടിക്കുന്നതിന് വലക്കാരെനയിക്കുന്നത്. അമരക്കാര (പങ്കായക്കാരൻ) നായിരിക്കും. കടൽ നോക്കി മീൻ എവിടെയുണ്ടെന്ന് നിർണയിക്കുന്നതും അവിടേക്കു നയിക്കുന്നതും പിടിക്കുന്നതിന് അനുയോജ്യമായി വഞ്ചി നിയന്ത്രിക്കുന്നതും അമരക്കാരനാണ്. ഓരോ കാലത്തും എത്തുന്ന മീൻതരങ്ങൾ കണക്കാക്കി നിശ്ചിത ദൂരങ്ങളിലും സ്ഥലങ്ങളിലും വല വെക്കുന്നതിന് നാട്ടറിവിന്റെ സമ്പന്നതയാണുപയോഗിച്ചിരുന്നത്.

കടൽ പ്രവർത്തിക്കാർ തമ്മിലുള്ള പരസ്പര ബന്ധവും സഹകരണവും പ്രവർത്തിയിലെ സമയ ക്രമീകരണവും പ്രത്യേകം ശ്രദ്ധയർഹിക്കുന്നു. മത്സ്യസമ്പത്തിന്റെ നിയന്ത്രണത്തിനു പുറമെ കടലിന്റെ സംരക്ഷണത്തിനും വിധേയമായി കരകാണാ ദൂരത്ത് തൊഴിൽ ചെയ്യുന്നവർക്ക് ഈ പരസ്പര ബന്ധം സൂക്ഷിക്കാതെ വയ്യ. സമൃദ്ധമായ മത്സ്യസമ്പത്തുകൊണ്ട് നമ്മുടെ കടൽ ധന്യമായിരുന്നു.

കുറച്ചുകാലം മുമ്പുവരെ കടലിൽ മത്സ്യസമ്പത്ത് സമൃദ്ധമായിരുന്നു. ഓരോ കാലത്തും അതിനനുസരിച്ച് മത്സ്യങ്ങൾ ലഭിച്ചുവന്നു. ഇന്ന് മത്സ്യലഭ്യതയാകെ മാറിയിരിക്കുന്നു. ചെറുവള്ളങ്ങളിൽ തണ്ടു വലിച്ചതിനുപകരം എഞ്ചിൻ ഘടിപ്പിച്ച പ്ലൈവുഡ് വള്ളങ്ങൾ വന്നു. ചെറുതും വലുതുമായ എല്ലാ വഞ്ചികൾക്കും എഞ്ചിൻ ഘടിപ്പിച്ചു കഴിഞ്ഞു. എന്നാൽ മത്സ്യലഭ്യത കുറഞ്ഞു. വലിയ മത്സ്യ ക്കൂട്ടങ്ങൾ തീരത്തെത്തിയിരുന്നത്. ഇപ്പോൾ കാണുന്നില്ല പുറംകടലിൽ വെച്ചുതന്നെ മത്സ്യക്കൂട്ടങ്ങൾ കണ്ടെത്തി പിടിക്കുന്നത് ഇതിനു കാരണമാണ്.

അടക്കം കൊല്ലികൾ എന്നറിയപ്പെടുന്ന ബോട്ടുകളുടെ മത്സ്യബന്ധനം തീരത്തെയാകെ വറുതിയിലാഴ്ത്തുന്നു. വീണ്ടും വളരുന്നതിനു വേണ്ടത്ര തീര ദേശ മത്സ്യങ്ങൾ പോലും പിടിക്കാതെ വരുന്നില്ലെന്നു കരുതണം.

മത്സ്യബന്ധന രംഗത്ത് സമീപകാലത്ത് ദ്രുതഗതിയിലുള്ള മാറ്റങ്ങൾ ദൃശ്യമാണ്. യന്ത്രവൽകൃത രീതി വന്നു. വലിയ വള്ളങ്ങൾ ഫൈബർ ബോട്ടുകൾ എന്നിവയും വന്നു. കാലവർഷാരംഭത്തിലെ നിരോധനം പര്യാപ്തമല്ല.

ആധുനിക രീതികൾ തൊഴിലാളികളുടെ അദ്ധ്വാന ഭാരം നിർണായകമായി കുറച്ചിട്ടുണ്ട്.

മത്സ്യസഹകരണ രംഗത്ത് 2 വലിയ സംഘങ്ങളും 4 ചെറിയ സംഘങ്ങളും 4 സർവ്വീസ് സൊസൈറ്റികളും പ്രവർത്തിക്കുന്നു.

എഞ്ചിനുള്ള മണ്ണെണ്ണ ആവശ്യത്തിനു റേഷൻ വഴി ലഭിക്കുന്നില്ല. അപകട ധനസഹായം, പെൻഷൻ പദ്ധതി, കുടുംബങ്ങളെ തൊഴിലിൽ ഏർപ്പെടാൻ സഹായിക്കൽ, വിപുലമായ ഭവന നിർമ്മാണ പദ്ധതി തുടങ്ങിയവയിൽ സർക്കാർ ഏജൻസികൾ സജീവമാണ്. ആനുകൂല്യങ്ങളും, സഹായങ്ങളും യഥാർത്ഥ അവകാശികൾക്ക് ലഭിക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതാണ്. മത്സ്യസംസ്കരണത്തിന്റെ പ്രാദേശിക മാർഗ്ഗങ്ങളും തൊഴിലും അപ്രത്യക്ഷമായി. ഇന്ന് മത്സ്യം മുഴുവനും ഭക്ഷണാവശ്യത്തിന് വിറ്റഴിക്കുകയോ കയറ്റിക്കൊണ്ടു പോവുകയോ ചെയ്യുന്നു.

പ്രശ്നങ്ങൾ

1. മത്സ്യദൗർലഭ്യം
2. മുതൽ മുടക്കിലുണ്ടായ വർദ്ധനവ്
3. മത്സ്യബന്ധന ചെലവ്
4. കടലിലെ സുരക്ഷിതത്വ പ്രശ്നങ്ങൾ
5. മത്സ്യസംസ്കരണ, സംഭരണ സംവിധാനങ്ങളുടെ അഭാവം
6. തീരത്ത് ഗൈഡ് ലൈറ്റ് ഇല്ല.
7. ഉൾനാടൻ മത്സ്യകൃഷി സാധ്യത ഉപയോഗിക്കാറില്ല.
8. അഭ്യസ്ത വിദ്യർക്ക് തൊഴിൽ സാദ്ധ്യത കുറഞ്ഞു വരുന്നു.
9. ഐസിന്റെ ലഭ്യത കുറവാണ്.
10. കടലാക്രമണം – പരിസ്ഥിതി
11. മത്സ്യവിപണന സൗകര്യങ്ങളുടെ കുറവും യാത്രാ അസൗകര്യങ്ങളും
12. മത്സ്യ ബന്ധനോപകരണങ്ങൾക്കുള്ള ഇൻഷുറൻസിന്റെ പ്രയോജനമില്ലായ്മ.
13. അർഹരായ മത്സ്യതൊഴിലാളികൾക്ക് വായ്പ ലഭിക്കുന്നില്ല. വായ്പ ലഭ്യമാക്കുന്നതിലെ അശാസ്ത്രീയത.
14. മത്സ്യബന്ധനരംഗത്തെ പുത്തൻ സാങ്കേതിക വിദ്യയുടെ കുറവും നിലവിലുള്ള സാങ്കേതിക വിദ്യയുടെ പരിജ്ഞാനവുമില്ലായ്മയും.
15. നിയമങ്ങൾ നടപ്പിലാക്കാനുള്ള സംവിധാനങ്ങളുടെ കുറവ്.

a. കപ്പലുകളുടെ അമിതമായ/അശാസ്ത്രീയമായ മത്സ്യബന്ധനം

b. അശാസ്ത്രീയമായ ട്രോളിംഗ് എന്നിവ കാരണം മത്സ്യത്തിന്റെ ജീവിതത്തിനാവശ്യമായ കടിലലെ ഭൗതിക സാഹചര്യങ്ങൾ നഷ്ടപ്പെടുന്നു. വമ്പിച്ച മത്സ്യനാശം സംഭവിക്കുന്നു. കടലിലെ അപകടങ്ങളും സംഘട്ടനങ്ങളും വർദ്ധിക്കുന്നു.

c. വിളക്കുപയോഗിച്ചുള്ള മത്സ്യബന്ധനം കാരണം വിളക്കുപയോഗിക്കാത്ത മത്സ്യബന്ധനം നടത്തുന്നവർക്ക് മത്സ്യം ലഭിക്കുന്നില്ല. മത്സ്യത്തെ വിദൂരത്തേക്ക് നയിക്കുന്നു.

d. കാടുകൾ, ജലാശയങ്ങൾ, മഴ എന്നിവയിലുണ്ടായ കുറവ മത്സ്യസമ്പത്തു കുറയുന്നതിനു കാരണമാകുന്നു. കായലും കടലും തമ്മിലുള്ള നിർബാധമായ ഒഴുക്ക്, മത്സ്യമുട്ടയിട്ടു വളരാൻ സാഹചര്യം ഒരുക്കുന്നു.

e. പുത്തൻ സാങ്കേതിക വിദ്യയുടെ കടന്നു കയറ്റം. ഉദാ :- യന്ത്രവൽക്കരണം, പുതിയ സാങ്കേതിക വിദ്യകളുടെ ആവിർഭാവവും മൊത്തത്തിലുള്ള വിലവർദ്ധനവ് മത്സ്യമേഖലയിലെ നേട്ടങ്ങൾക്കനുസരിച്ച് പോലും ആവശ്യമായ ഇളവുകൾ ലഭിക്കുന്നില്ല എന്ന് മാത്രമല്ല പുതിയ സാങ്കേതിക വിദ്യയെ പ്രോത്സാഹിപ്പിക്കുന്നില്ല.

ഉദാ:- വള്ളം നിർമ്മാണശാലകൾ സർക്കാർ നേരിട്ടു നടത്തുകയോ ആവശ്യമായ സബ്സിഡി നൽകുകയോ ചെയ്യുന്നില്ല.

d. ചെലവുകുറഞ്ഞ പുത്തൻ സാങ്കേതിക വിദ്യകളുടെ അഭാവം, അത്തരത്തിലുള്ള സാങ്കേതിക വിദ്യകൾ കണ്ടെത്താനുള്ള പഠനങ്ങളോ പരീക്ഷണങ്ങളോ നടത്തുന്നതിന് സർക്കാർ

താല്പര്യം കാണിക്കുന്നില്ല. മത്സ്യബന്ധനത്തിനാവശ്യമായ ഇന്ധനം ലഭിക്കുന്നില്ല. സൗജന്യ നിരക്കിൽ ഇന്ധനം ലഭ്യമാക്കാനുള്ള ശ്രമങ്ങൾ നടന്നിട്ടുണ്ടെങ്കിലും ആവശ്യക്കാരന് ഈ ആനുകൂല്യത്തിന്റെ പ്രയോജനം ഇപ്പോഴും ലഭിക്കുന്നില്ല.

f. ട്രോളിംഗ് ബോട്ടുകൾ പരിധി ലംഘിച്ചുള്ള മത്സ്യബന്ധനം

g. വിദേശകപ്പലുകളുടെ മത്സ്യബന്ധനം

h. എഞ്ചിൻ തകരാറുകൾ

i. ആശയവിനിമയ സംവിധാനങ്ങളുടെ കുറവ്

j. കാലാവസ്ഥ മുന്നറിയിപ്പ് സമയത്തിന് ലഭിക്കാറില്ല.

പരിഹാര നിർദ്ദേശങ്ങൾ

1. ആഴക്കടലിലെയും തീരക്കടലിലെയും അശാസ്ത്രീയമായ മത്സ്യബന്ധനം നിരോധിക്കുക.

   * പുതിയ ലൈസൻസുകൾ നല്കാതിരിക്കുക
   * നിലവിലുള്ളവയെ ഘട്ടം ഘട്ടമായി റദ്ദ് ചെയ്യുക.

   ആ മേഖലയിലെ തൊഴിലാളികളെ മാറ്റി കരതൊഴിൽ മേഖലകളിലേക്ക് മാറ്റുക

   മത്സ്യകുഞ്ഞുങ്ങളെ കൂട്ടത്തോടെ നശിപ്പിക്കുന്ന രീതിയിലുള്ള മത്സ്യബന്ധന ഉപകരണങ്ങൾ (വല) നിരോധിക്കണം

2. മത്സ്യബന്ധനം ഒരു ആധുനിക വ്യവസായമായി മാറികൊണ്ടിരിക്കുന്ന സ്ഥിതിയിൽ അഭ്യസ്തവിദ്യർക്ക് ഈ മേഖലയിൽ കടന്നുവരുന്നതിന് വികസന പ്രവർത്തനങ്ങളിൽ ബോധവൽക്കരണം നല്കേണ്ടതായിട്ടുണ്ട്.

3. **ജലാശയങ്ങൾ സംരക്ഷിക്കുക :-** കായൽ നികത്തൽ നിയന്ത്രണമില്ലാതെ ഈ പഞ്ചായത്തിൽ നടന്നു വരുന്നുണ്ട്. തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ വഴി കായൽ നികത്തൽ തടയുന്നതിനുള്ള നിയമന നടപടി സ്വീകരിക്കണം.

4. നിലവിലുള്ള പൊഴി മുഖങ്ങൾ (മുതലപ്പൊഴി) വഴി ജലത്തിന്റെ ഒഴുക്ക് നിരന്തരമുണ്ടാകുന്നതിനായി പൊഴിമുഖങ്ങളിൽ മൂട്ടടിച്ച് സംരക്ഷിക്കാം. ഇതിലൂടെ കായലും കടലും തമ്മിലുള്ള നിർബാധമായ ഒഴുക്കിനും മത്സ്യം മുട്ടയിട്ടു വളരുന്നതിനുള്ള സാഹചര്യം ഒരുക്കുന്നതിനും കാരണമാകുന്നു. പൊഴി മൂടലിലൂടെ കായൽ മേഖലയിലുണ്ടാകുന്ന തൊഴിൽ സ്തംഭനം അവസാനിപ്പിക്കുന്നതിനും പ്രകൃതിദത്തമായുണ്ടാകുന്ന മണൽ തിട്ടകളെ നശിപ്പിച്ച് കൊണ്ട് പൊഴി മുറിക്കുന്നതിലൂടെ ഉണ്ടാകുന്ന മത്സ്യനാശം ഇല്ലാതാക്കുന്നുന്നതിനും ഇത് സഹായകമാണ്.

5. കായലിന്റെ ഓരത്ത് കണ്ടൽ വനങ്ങൽ വച്ചു പിടിപ്പിക്കുന്നതിലൂടെ മത്സ്യം വർദ്ധിപ്പിക്കാം.

6. ജൂൺ, ജൂലൈ, ഓഗസ്റ്റ് മാസങ്ങളിലും മത്സ്യബന്ധനം തടസ്സം കൂടാതെ നടത്തുന്നതിന് പൊഴി മുഖത്ത് മുട്ടി അടിക്കുന്നതിലൂടെ സാദ്ധ്യമാക്കാം. മാത്രമല്ല കടലിൽ പ്രകൃതി ദത്തമായ ഭൗതിക സാഹചര്യങ്ങൾ (പാരുകൾ)ക്ക് കനത്ത നഷ്ടം സംഭവിച്ചിരിക്കുന്നതിനാൽ പൊതു ജനപങ്കാളിത്തത്തോടെ കൃത്രിമപാരുകൾ നിർമ്മിക്കുന്നതിലൂടെ മത്സ്യം വർദ്ധിപ്പിക്കാം.

7. കാലഘട്ടത്തിന്റെ മാറ്റത്തിലൂടെ ഉണ്ടായ പുത്തൻ സാങ്കേതിക വിദ്യകൾ ചിലവ് കുറഞ്ഞതാക്കുന്നതിനായി സർക്കാർ (മത്സ്യഫെഡ്) നേരിട്ട് ഈ പഞ്ചായത്തിൽ ബോട്ട് യാർഡുകൾ സ്ഥാപിക്കുകയും കുറഞ്ഞ നിരക്കിൽ സബ്സിഡിയോടുകൂടി മത്സ്യത്തൊഴിലാളികൾക്ക് വള്ളം ലഭ്യമാക്കണം. ഇതിലൂടെ പൊതുമാർക്കറ്റിലെ വില നിലവാരം കുറയ്ക്കുന്നതിനോ, പിടിച്ചു നിർത്തുന്നതിനോ സഹായിക്കും. എന്ന് മാത്രമല്ല ഈ വിദ്യ ചെലവ് കുറഞ്ഞതാക്കുന്നതിനുള്ള പരീക്ഷണങ്ങളും പഠനങ്ങളും നടത്താവുന്നതാണ്.

8. വല നെയ്ത്തു ഗ്രാമത്തിലെ തന്നെ സ്ത്രീകൾ വഴി ചെയ്യുകയും ഒരു സംഘടിത രൂപമാക്കി മാറ്റാവുന്നതാണ്. അപ്രകാരം വലയുടെ വില കുറയ്ക്കാം.

9. ഔട്ട്ബോർഡ് ഇഞ്ചിനുകൾ ഇൻഡ്യയിൽ തന്നെ നിർമ്മിച്ചു വില കുറച്ചു വിൽക്കാവുന്നതാണ്.

   ഔട്ട് ബോർഡ് എഞ്ചിൻ ഉപയോഗിക്കുന്നതിനുള്ളപരിജ്ഞാനമില്ലായ്മ. എഞ്ചിൻ സ്പെയർ പാർട്സ് അത്യാവശ്യത്തിന് ലഭ്യമാക്കുക.

10. മത്സ്യബന്ധനത്തിനാവശ്യമായ ഇന്ധനം അർഹതപ്പെട്ടവർക്ക് സൗജന്യ നിരക്കിൽ നൽകുക. കൂടാതെ മത്സ്യ സഹകരണ സംഘങ്ങൾ വഴി മത്സ്യബന്ധനത്തിനായി കുറഞ്ഞ വിലയ്ക്ക് മണ്ണെണ്ണ ലഭ്യമാക്കുകയും ചെയ്യുക. ഇതിലൂടെ

പൊതു ചന്തയിലെവില നിലവാരം കുറയ്ക്കാൻ കഴിയും.

11. ഔട്ട്ബോർഡ് മത്സ്യബന്ധനാവശ്യത്തിനായി പരമ്പരാഗത തൊഴിലാളികൾ വാങ്ങുന്ന ഔട്ട് ബോർഡ് എഞ്ചിനുകളുടെ മേൽചുമത്തിയിട്ടുള്ള എല്ലാ നികുതികളും എടുത്തു മാറ്റി വിലനില വാരം കുറയ്ക്കുക.

12. ട്രോളിംഗ് ബോട്ടുകളുടെ പരിധി ലംഘിച്ചുള്ള മത്സ്യബന്ധനത്തിലൂടെ പരമ്പരാഗത മത്സ്യ ത്തൊഴിലാളികളുടെ ജീവനു ഭീക്ഷണിയുണ്ടാക്കു കയും മത്സ്യബന്ധനോപകരണങ്ങളുടെ നാശ നഷ്ടങ്ങൾക്കും ഇടയാക്കുകയും ചെയ്യുന്നതി നാൽ പരിധി ലംഘിക്കുന്നവരെ/നിയമം ലംഘി ക്കുന്നവരെ തടയുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തണം.

13. ആഴക്കടൽ മത്സ്യബന്ധനത്തിനായി പുതിയ ലൈസൻസുകൾ കൊടുക്കാതിരിക്കുക. നില വിലുള്ളവയെ ഘട്ടം ഘട്ടമായി റദ്ദ് ചെയ്യുകയും ചെയ്യുന്നതിലൂടെ കപ്പലുകൾ വഴി തൊലാളി കൾക്കുണ്ടായ അപകടങ്ങൾ ഒഴിവാക്കാം.

14. പ്രകൃതിക്ഷോഭം മൂലമോ, എഞ്ചിൻ തകരാർ കാരണമോ തൊഴിലാളികൾക്ക് കരയ്ക്കെ ത്താൻ കഴിയാതെ വന്നാൽ തങ്ങൾക്ക് തല്സമ യത്തുള്ള ദിക്ക് അറിയിക്കുന്നതിനായി വയർലെസ് സംവിധാനങ്ങളോടും കൂടിയുള്ള സ്പീഡ് ബോട്ടുകൾ ഏർപ്പെടുത്തുക.

15. മത്സ്യലഭ്യത കൂടുതലുള്ള സമയങ്ങളിൽ മത്സ്യ ത്തിന്റെ വില കുത്തനെ ഇടിയുക സ്വാഭാകിക മാണ് ഇത് പരിഹരിക്കുന്നതിനായി കൂടുതൽ ലഭിക്കുന്ന മത്സ്യങ്ങൾ സംഭരിച്ച് മത്സ്യദൗർലഭ്യം അനുഭവപ്പെടുന്ന സമയങ്ങളിൽ വിപണനം നട ത്തുന്നതിനായി മത്സ്യസംഭരണശാലകൾ (Cold Storage) സ്ഥാപിക്കുക.

16. മത്സ്യവിപണനരംഗതത് ഇടത്തട്ടുകാരെ ഒഴിവാ ക്കുന്നതിനായി മത്സ്യസംസ്ക്കരണശാലകൾ അഞ്ചുതെങ്ങിൽ സ്ഥാപിച്ചു. അതുവഴി നേരിട്ട് കയറ്റുമതി ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുക.

17. മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിനാവശ്യ മായ ഐസിന്റെ ദൗർലഭ്യം പരിഹരിക്കുന്ന തിന് മത്സ്യഫെഡിന്റെ കീഴിലോ പഞ്ചായ ത്തിന്റെ കീഴിലോ ഐസ് ഫാക്ടറി ആരംഭിച്ച് കുറഞ്ഞ വിലയ്ക്ക് മത്സ്യതൊഴിലാളികൾക്കും നേരിട്ട് ഐസ് ലഭ്യമാക്കണം.

18. ഒരു വർഷത്തിന്റെ 1/3 ഭാഗം ദിവസങ്ങളിലും കട ലാക്രമണവും, പ്രകൃതി ക്ഷോഭവും, ഉണ്ടാകു ന്നതു കാരണം മത്സ്യതൊഴിലാളികളുടേയും ഇതമായി ബന്ധപ്പെട്ട അനുബന്ധതൊഴിലുക ളിലേർപ്പെട്ടിരിക്കുന്നവർക്കും അടിസ്ഥാനാവശ്യ ങ്ങൾ നിറവേറ്റുന്നതിന് പോലും സാധിക്കാതെ വരുന്നു. മുതലപ്പൊഴി അഴിയാക്കുന്നതിലൂടെ ഈ പ്രശ്നത്തിന് പരിധിവരെ പരിഹാരം കാണാൻ കഴിയും.

19. മത്സ്യവിപണനത്തിന് അനുയോജ്യമായ ഒരു പൊതുസ്ഥലം നമ്മുടെ ഗ്രമത്തിലില്ല ഇതിനായി നിലവിലുള്ള പഞ്ചായത്തിന്റെ ചന്തയിൽ അടി സ്ഥാന സൗകര്യങ്ങളൊന്നുമില്ല. അഞ്ചുതെ ങ്ങിന്റെ തീരത്തോട് ചേർന്ന് എല്ലാവിധ സൗക ര്യങ്ങളോടും കൂടിയുള്ള FishCleaning Centre സ്ഥാപിക്കുന്നത് മത്സ്യത്തിന് സാധാരണക്കാരന് ന്യായമായ വില ലഭിക്കുന്നതിനുള്ള വാഹന സൗകര്യങ്ങൾ അപര്യാപ്തമാണെന്ന് പ്രധാന ചന്തകളിലേയ്ക്ക് മത്സ്യവിപണനത്തിനുള്ള ട്രാൻസ്പോർട്ട് സർവ്വീസ് ആരംഭിക്കണം.

20. മത്സ്യത്തൊഴിലാളികളിൽ ഭൂരിഭാഗം പേരും സ്വന്തം മത്സ്യബന്ധനഉപകരണങ്ങൽ ഇൻഷ്വർ ചെയ്യാത്തവരാണ് ഭാഗീകമായ നഷ്ടങ്ങൾക്കും പരിഹാരം ലഭിക്കാത്തതു കാരണവും, പൂർണ മായ നഷ്ടം സംഭവിക്കാനുള്ള സാധ്യത കുറവു കാരണവം ഇൻഷ്വറൻ നിയമം ഗുണകരമല്ലാത്ത തുകൊമ്ടാണ് മത്സ്യതൊഴിലാളികൾ ഉപകരണ ങ്ങൾ ഇൻഷ്വർ ചെയ്യാത്ത്. അതുകൊണ്ട് ഒരു പരിധിവരെയുള്ള ഭാഗീകമായി നഷ്ടങ്ങൾക്കും നഷ്ടപരിഹാരം ലഭിക്കുന്ന വിധത്തിൽ ആവശ്യ മായ മാറ്റം വരുത്തുകയും നടപടിക്രമങ്ങൾ ലഘൂ കരിക്കുകയം ചെയ്യുക.

21. മത്സ്യത്തൊഴിലാളികൾക്ക് മറ്റു പ്രദേശങ്ങളിൽ സ്ഥലം വാങ്ങി ഫ്ളാറ്റ് സിസ്റ്റം ഉണ്ടാക്കാൻ വേണ്ട നടപടി സ്വീകരിക്കുക.

22. IRDP തുടങ്ങിയ വായ്പ പദ്ധതികൾ വഴി വായ്പ കൾ നൽകുന്നത് സമൂഹത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്നവന് ആദ്യം എന്ന രീതി നടപ്പിലാക്കണം. മത്സ്യബന്ധനമേഖലയിലെ മുതൽമുടക്കലൂണ്ടായ വർദ്ധനവിനു ആനുപാതി കമായി വായ്പ തുകയും വർദ്ധിപ്പിക്കുക, മത്സ്യ ബന്ധനോപകരണങ്ങൾ വാങ്ങുന്നതിനായി മത്സ്യതൊഴിലാളികൽക്ക് നൽകുന്ന എല്ലാ

പിന്നോക്കം നിൽക്കുന്നവന് ആദ്യം എന്ന രീതി നടപ്പിലാക്കണം. മത്സ്യബന്ധനമേഖലയിലെ മുതൽമുടക്കലുണ്ടായ വർദ്ധനവിനു ആനുപാതികമായി വായ്പ തുകയും വർദ്ധിപ്പിക്കുക, മത്സ്യബന്ധനോപകരണങ്ങൾ വാങ്ങുന്നതിനായി മത്സ്യതൊഴിലാളികൽക്ക് നൽകുന്ന എല്ലാ വായ്പകൾക്കും സബ്സീഡി ലഭ്യമാക്കണം IRDP ഒഴികെ മത്സ്യതൊഴിലാളികൾക്ക് ബാങ്കിൽ നിന്നും നേരിട്ട് നൽകുന്ന വയ്പകൾക്ക് ഈടാക്കി വരുന്ന പലിശ നിർക്കിൽ കുറവ് വരുത്തണം.

23. ആഴക്കടൽ മത്സ്യസമ്പത്ത് വിദേശികൾ ചൂഷണം ചെയ്യുന്നു. ആഴക്കടലിൽ പോയി വരുത്തുന്നതിനുള്ള പുത്തൻ സാങ്കേതിക വിദ്യ വികസിപ്പിച്ചെടുത്തു പരമ്പരാഗത തൊഴിലാളികൾക്ക് നൽകി. ആവശ്യമായ പരിശീലനവും നൽകിയാൽ ആഴക്കടൽ സമ്പത്ത് പിടിച്ചെടുക്കുവാൻ പരമ്പരാഗത മത്സ്യതൊഴിലാളികൾക്കും കഴിയും. ശാസ്ത്രീയമായ മത്സ്യബന്ധനത്തിനുതകുന്ന പുത്തൻ സാങ്കേതിക വിദ്യകൾ ലഭ്യമാക്കുകയും ചെയ്യണം.

മത്സ്യതൊഴിലാളികൾ സഹകരണ സംഘങ്ങൾ

കൂടുതൽ ലോൺ കൊടുക്കാൻ കഴിയുന്നില്ല്. എല്ലാപേരും അംഗങ്ങളാകുന്നു അംഗങ്ങൾക്കുതന്നെ അവരുടെ ആനുകൂല്യങ്ങളെ കുറിച്ച് ഒരു ബോധവുമില്ല. സമയാസമയം മത്സ്യപെഡ് കൂടുതൽ പൈസ കൊടുക്കാത്ത സംവിധാനം ഉണ്ട്.

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കീഴിൽ പ്രവർതിത്കുന്ന സ്ഥാപനമാണ് കായിക്കര ഫിഷറീസ് ഓഫീസ്. ഈ ബോർഡ് മുഖേന മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ നടപ്പാക്കുന്നു.

1. മത്സ്യത്തൊഴിലാളികളുടെ മകൾക്ക്, വിവാഹത്തിനായുള്ള ധനസഹായം

   മത്സ്യത്തൊഴിലാളികളുടെ മകളുടെ വിവാഹത്തിന് ധനസ്സഹായമായി 1500 രൂപ ഗ്രാന്റായി കൊടുക്കുന്നു.

2. മത്സ്യത്തൊഴിലാളിയുടെ ആശ്രിതരുടെ മരണത്തിന് 300 രൂപ വെറുതെ കൊടുക്കുന്നു.

3. മത്സ്യത്തൊഴിലാളികലുടെ മരണത്തിന് (സാധാരണ മരണം 1000 രൂപ അവകാശിക്ക് കൊടുക്കുന്നു.)

4. മത്സ്യത്തൊഴിലാളി മരണമടഞ്ഞാൽ 50,000 രൂപ അവകാശിക്ക് കൊടുക്കുന്നു.

5. മത്സ്യത്തൊഴാലാളി, മത്സ്യബന്ധന സമയത്തോ, അതു കഴിഞ്ഞ് 24 മണിക്കൂറിനകത്തോ, മരണപ്പെടുകയാണെങ്കിൽ അയാൾക്ക് 15000 രൂപ കൊടുക്കന്നു.

6. താൽക്കാലിക അവശതയ്ക്ക് 500 രൂപ ധനസ്സഹായം നൽകുന്നു.

ഈ അപേക്ഷകളെല്ലാം തൃശ്ശൂർ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി കമ്മീഷണറുടെയും തിരുവനന്തപുരം റീജിയണൽ എക്സിക്യൂട്ടീവിന്റെയും അഗീകാരത്തോടെയാണ് അനുവദിക്കുന്നത്.



വ്യവസായം

അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിന്റെ വ്യവസായിക വികസന ചരിത്രത്തെക്കുറിച്ചുള്ള ആധികാരിക രേഖകളൊന്നും ഇന്ന് ലഭ്യമല്ല. സംസ്ഥാനത്തിന്റെയും ജില്ലയുടേയും, വ്യവസായിക ഭൂപടത്തിൽ അർഹമായ സ്ഥാനം ലഭിക്കാതെപോയ അപൂർവ്വം ചില ഗ്രാമപഞ്ചായത്തുകളിൽ ഒന്നാണ് അഞ്ചുതെങ്ങ്.

മത്സ്യ സംസ്കരണ വ്യവസായത്തിൽ പ്രവർത്തനം മന്ദീഭവിക്കുവാനുള്ള പ്രധാനകാരണം തീരപ്രദേശങ്ങളിലെ പ്രാദേശിക മത്സ്യസമ്പത്തിന്റെ കുറവും, ഐസ് ഫാക്ടറികളുടെ കുറവുമാണ്.

പ്രശ്നങ്ങൾ

1. അഞ്ചുതെങ്ങ് പഞ്ചായത്തിൽ മത്സ്യവിപണനത്തിനായി നല്ലനിലവാരത്തിലുള്ള പൊതുമാർക്കറ്റ് ഇല്ല.
2. സ്വയം തൊഴിൽ പദ്ധതിയ്ക്ക് സാമ്പത്തിക സഹായം കിട്ടുന്നില്ല.
3. അഞ്ചുതെങ്ങ് കേന്ദ്രമാക്കി മത്സ്യംകേടു കൂടാതെ സൂക്ഷിക്കുന്നതിനുള്ള സംവിധാനം ഇല്ല.
4. കയർ ഉല്പന്നങ്ങൾ വിറ്റഴിയുന്നില്ല. വിപണന സൗകര്യം ഇല്ല.
5. കായിക്കരയിലെ കയർ ഡിപ്പോ പ്രവർത്തന രഹിതമാണ്.
6. നാളികേരം സംസ്ക്കരണം നടത്തുന്നില്ല.
7. ഗവൺമെന്റ് ഏജൻസികളുടെ സഹകരണകുറവ്
8. പരമ്പരാഗത വ്യവസായ കയർ, മത്സ്യ മേഖലകൾ തകർച്ചയിലാണ്.
9. ആധുനിക വ്യവസായശാലകൾ ഉൽപാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളോട് മത്സരിച്ച് വിപണി കണ്ടെത്താൻ കഴിയുന്നില്ല.
10. സാങ്കേതിക പരിജ്ഞാനത്തിന്റെ കുറവ്. ധനസഹായം ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ
11. വ്യവസായങ്ങൾക്കുള്ള സംഘടികശ്രമം ഇല്ലായ്മ വ്യവസായസംരങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണമില്ലായ്മ.

നിർദ്ദേശങ്ങൾ

1. അഞ്ചുതെങ്ങ് പഞ്ചായത്തിൽ മത്സ്യവിപണനത്തിനായി നല്ല നിലവാരത്തിലുള്ള ഒരു പൊതുമാർക്കറ്റ് സ്ഥാപിക്കുക. സൗകര്യപ്രദമായ 3 മാർക്കെറ്റെങ്കിലും സ്ഥാപിക്കണം, 1, 5, 9 വാർഡുകളിൽ.
2. മത്സ്യതൊഴിലാളികൾക്ക് ഉപകരണങ്ങൾ മേടിക്കുന്നതിനുള്ള ലോൺ നല്കുക.

3. സ്വയം തൊഴിൽ പദ്ധതിയ്ക്ക് ധനസഹായം അനുവദിക്കുക.

4. ഒരു വനിതാ സ്പേഷ്യൽ ഫിഷിംഗ് ബസ്സ് റൂട്ട് ഉണ്ടാക്കുക.

5. മത്സ്യം കേടു കൂടാതെ സൂക്ഷിക്കുവാനുള്ള സംവിധാനങ്ങൾ ഉണ്ടാക്കുക.

6. കയർ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള സൗകര്യം ഇവിടെ ഉണ്ടാക്കണം.

7. കായിക്കര കടവിലുള്ള കയർ ഡിപ്പോ പ്രവർത്തനം ആരംഭിക്കുക.

8. കയർ ഉപയോഗിച്ചുള്ള ഉൽപ്പന്നങ്ങളായ കയർ, പായ, കയർചവിട്ടി തുടങ്ങിയവ നിർമ്മിക്കുന്നതിനുള്ള പരിപാടികൾ ഇടുക.

9. കയർ വ്യവസായം ആരംഭിക്കുന്നതിനുള്ള സാമ്പത്തികസഹായം നൽകുക.

10. നാളികേരം സംസ്ക്കരണയൂറിറ്റുകൾ ആരംഭിക്കുക.

11. നാളികേരസംസ്ക്കരണ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള ധനസഹായം നൽകുക.

12. ചിരട്ടയിൽ നിന്ന് കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള ഒരു യൂണിറ്റു സ്ഥാപിക്കുക.

13. തയ്യൽ, എംബ്രോയിഡറി, കരകൗശലവസ്തുക്കളുടെ നിർമ്മാണം തുടങ്ങിയവയിൽ പരിശീലനം നൽകുക.

14. റെഡിമെയ്ഡ് വസ്തുക്കൾ, സ്കീൻപ്രിന്റിംഗ് പർപ്പടകനിർമ്മാണം, മസാലപ്പൊടികൾ. അച്ചാറുകൾ (മത്സ്യം) തുടങ്ങിയ ചെറുകിടവ്യവസായങ്ങൾ തുടങ്ങുക. സർക്കാർ ഏജൻസികളിൽനിന്നും സാമ്പത്തികസഹായവും ആവശ്യമാണ്.

1. ആധുനികവ്യവസായങ്ങൾ

റെഡിമെയ്ഡ് വ്യവസായം (റെഡിമെയ്ഡ് ഗാർമെന്റ്സ്)

ഒരു ക്ലസ്റ്റർ ബെയ്സ്ഡ് യൂണിറ്റി തുടങ്ങാം കൂടുതൽ മുതൽമുടക്കില്ലാതെ വളരെയധികം പേർക്കു തൊഴിൽ നൽകാനുള്ള സാധ്യതയുണ്ട്.

2. ആയുർവേദമരുന്നു നിർമ്മാണശാല

സഹകരണസംഘം രൂപീകരിച്ച് നടപ്പിലാക്കാവുന്നതാണ്. (ഔഷധസസ്യങ്ങൾ കൃഷി ആസൂത്രണത്തിന്റെ ഭാഗമായി വ്യവസായിക അടിസ്ഥാനത്തിൽ കൃഷിചെയ്യുക.)

3. കറി പൗഡർ നിർമ്മാണം

ഒരു ക്ളസ്റ്റർ ബെയ്സ്ഡ് യൂണിറ്റ് തുടങ്ങിയാൽ ധാരളം വനിതകൾക്കും ജോലി ലഭിക്കും.

4. ഫർണിച്ചർ നിർമ്മാണം

പ്രധാനമായും തെങ്ങിൻതടി ഉപയോഗിക്കാം കൂടാതെ മറ്റു മരത്തടികളും ഉപയോഗിക്കാം. കരകൗശലവസ്തുക്കളുടെ നിർമ്മാണവും ഇതിനോടൊപ്പം തുടങ്ങാവുന്നതാണ്.

5. ചകിരിച്ചോറിൽനിന്ന് വളം നിർമ്മിക്കുന്ന വ്യവസായം

ഈ വ്യവസായം തുടങ്ങുന്നതിനുള്ള സാങ്കേതിക വിവരങ്ങൾ കയർ ബോർഡിൽനിന്നും അറിയാം.


6. കയറുല്പന്നങ്ങളുടെ നിർമ്മാണം.

7. മത്സ്യസംസ്ക്കരണം (കോഴിത്തീറ്റ, കാലിത്തീറ്റ നിർമ്മാണം)


നാളികേരം സംഭരിച്ച് ഉണക്കുവാനും വെളിച്ചെണ്ണ ഉല്പാദിക്കാനും വിതരണവും നടത്തുവാൻ സഹകരണമേഖലയിൽ ഒരു യൂണിറ്റ്.

1. കയർ നിർമ്മാണം
2. ജാം, സ്ക്വാഷ് അച്ചാർ മുതലായവ
3. നോട്ടുബുക്ക് നിർമ്മാണം, വിതരണം
4. ചന്ദനത്തിരി നിർമ്മാണം
5. മെഴുകുതിരി
6. കരകൗശലവസ്തുക്കളുടെ നിർമ്മാണം.

സമഗ്രമായ ഒരു വ്യവസായപദ്ധതി ആവിഷ്കരിച്ച് സമയബന്ധിതമായി നടപ്പാക്കുമ്പോൾ ഈ പ്രസ്ഥാനവുമായി ബന്ധപ്പെട്ടു പ്രവർത്തിച്ച മുഴുവൻ ജനങ്ങളെയും അതിന്റെ പുരോഗതി കാലാകാലങ്ങളിൽ മനസ്സിലാക്കേണ്ടിവരും.



ആശാൻ സ്മാരകത്തിലെ ബുദ്ധപ്രതിമ



ലൈറ്റ്ഹൗസ്

ഊർജ്ജം

നമ്മുടെ പഞ്ചായത്തിലെ പ്രധാന ഊർജ്ജസ്രോതസ്സ് വിറകായിരുന്നു. പാവപ്പെട്ടവർ ചവറും, ചിരട്ടയും ഉപയോഗിക്കുന്നു. ചകിരി, ഓല എന്നിവയും മറ്റു വൃക്ഷഭാഗങ്ങളും വിറകിന്റെ പട്ടികയിൽ പെടുന്നു. മണ്ണെണ്ണ, അറക്കപ്പൊടി, വൈദ്യുതി, ഗ്യാസ് എന്നിവ കാലക്രമേണ നമ്മുടെ ഊർജ്ജ വിഭാഗത്തിൽപ്പെടുന്നു.

ഗാർഹിക ആവശ്യത്തിനും, കൃഷിക്കുമാണ് 90% പേരും വൈദ്യുതി ഉപയോഗിക്കുന്നത്. ആകെ 1993 ഉപഭോക്താക്കളിൽ 1853 പേർ ഗാർഹിക ആവശ്യത്തിനും, 2 പേർ കൃഷിക്കും 119 പേർ വ്യാപാരത്തിനും 19 പേർ വ്യവസായത്തിനും വൈദ്യുതി ഉപയോഗിക്കുന്നു. 22 പേരുടെ അപേക്ഷകർ ഇനിയും പരിഗണിക്കേണ്ടതുണ്ട്.

പഞ്ചായത്തിൽ വൈദ്യുതീകരിച്ച് കോളനികൾ ഇല്ല.

*** സ്ട്രീറ്റു ലൈറ്റുകളുടെ എണ്ണം**

മെർക്കുറി വേപ്പർ : 6

ട്യൂബ് : 20

സോഡിയം വേപ്പർ: 1

**** പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന LT ട്രാൻസ്ഫോർമറുകളുടെ പേരുകൾ**

1. കായിക്കര 2. മാമ്പള്ളി 3. അഞ്ചുതെങ്ങ് വലിയപള്ളി 4. അഞ്ചുതെങ്ങ് ജംഗ്ഷൻ 5. അഞ്ചുതെങ്ങ് കോട്ട

പ്രതിമാസം സ്ട്രീറ്റ് ലൈറ്റിന് വേണ്ടി അടക്കുന്ന തുക 3374 രൂപയാണ്.

പ്രശ്നങ്ങൾ

1. ഈ പഞ്ചായത്തിന്റെ പലഭാഗത്തും വൈദ്യുതി ഇനിയും എത്തിയിട്ടില്ല.
2. വൈദ്യുതി എത്തിയിട്ടുണ്ടെങ്കിലും രൂക്ഷമായ വോൾട്ടേജ് ക്ഷാമം
3. ബന്ധപ്പെട്ട ജീവനക്കാരുടെ അലംഭാവമോ അപര്യാപ്തതയോമൂലം ലൈനിൽ ഉണ്ടാകുന്ന തകരാറുകൾ തക്കസമയത്ത് പരിഹരിക്കപ്പെടുന്നില്ല
4. മത്സ്യതൊഴിലാളികൾ, കയർതൊഴിലാളികൾ പട്ടികജാതിക്കാർ മറ്റു സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ എന്നിവർക്ക് വൈദ്യുതി ലഭിക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളണം.
5. കൃഷിക്ക് ആവശ്യമായ വൈദ്യുത കണക്ഷൻ നല്കണം.
6. വോൾട്ടേജ് ക്ഷാമം പരിഹരിക്കണം
7. പഞ്ചായത്തിലെ എല്ലാ റോഡുകളിലും തെരുവു

വിളക്കുകൾ സ്ഥാപിക്കണം

8. സെൽഫ് റീഡിംഗ് ഇല്ല.

9. ദക്ഷത കൂടിയ പരിഷത്ത് അടുപ്പുകൾ ഇല്ല.

10. നിലവിലുള്ള വീടുകളിൽ വൈദ്യുതി എത്താത്ത വീടുകൾ ഉണ്ട്.

സാദ്ധ്യത

1. പ്രസരണനഷ്ടം കുറക്കുന്നതിന് ബഹുജന പങ്കാളിത്തത്തോടെ വൈദ്യുതി ലൈനിൽ മുട്ടി നിൽകുകന്ന വൃക്ഷത്തലപ്പുകൾ, കാലാകാലങ്ങളിൽ വെട്ടിമാറ്റണം. ആവശ്യത്തിന് വേണ്ടിടത്തെല്ലാം ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് ഓവർ-ലോഡോ കുറക്കണം.

2. വൈദ്യുതി എത്താത്ത സ്ഥലങ്ങളിൽ ബോർഡിന്റെ സഹായത്തോടെ വൈദ്യുതി എത്തിക്കാവുന്നതാണ്.

3. സ്വകാര്യവാഹന ഉടമകൾക്ക് പെട്രോൾ, ഡീസൽ, റേഷനിംഗ് ഏർപ്പെടുത്തണം

4. കച്ചിപ്പെട്ടി, സോളാർ എനർജി എന്നിവയുടെ ഉപയോഗം വർദ്ധിപ്പിക്കുക.

5. ദക്ഷതകൂടിയ പരിഷത്ത് അടുപ്പുകൾ വ്യാപകമാക്കുക.

6. വിറകിന്റെ ലഭ്യത ഉറപ്പ് വരുത്താൻവേലി അരുകിലും, പുറം പോക്കിലും വൃക്ഷത്തൈകൾ നട്ടു പിടിപ്പിക്കണം.

7. ദക്ഷത കൂടുതലുള്ള വിറക് അടുപ്പുകളുടെ വ്യാപനവും ബോധവൽക്കരണവും പഞ്ചായത്തിൽ ഊർജ്ജിതമാക്കണം.

8. നിലവിലുള്ള "സ്ലാബ് സമ്പ്രദായം" നിർത്തലാക്കി സെൽഫ് റീഡിംഗ് സമ്പ്രദായം നടപ്പിലാക്കിയാൽ, ഉപഭോഗത്തിന് അനുസരിച്ചുമാത്രം ചാർജ് കൊടുക്കേണ്ടതുള്ളൂ എന്നതിനാൽ ഉപയോഗം കുറക്കാൻ സാധിക്കും.

9. അനാവസ്യവൈദ്യുതി ഉപഭോഗം ഒഴിവാക്കാൻ വൈദ്യുതി അലങ്കാരങ്ങൾ കഴിവതും നിയന്ത്രിക്കേണ്ടതാണ്. അതിന് ബഹുജന ബോധവൽക്കരണം അനിവാര്യമാണ്.

10. ഓരോ പ്രദേശത്തേയും ഉപഭോക്താക്കളുടെ എണ്ണം അനുസരിച്ച് 3 ഫേസ് ലൈൻ സ്ഥാപിച്ച് കണക്ഷനുകൾ വിഭജിച്ച് നൽകാവുന്നതാണ്.

11. കോംപാക്ട് ഫ്ളൂറസന്റ് ലാംപ്സ് പഞ്ചായത്തിൽ വ്യാപകമാക്കണം, അതിന് അർഹതപ്പെട്ടവർക്ക് സബ്സീഡി നൽകണം

12. പഞ്ചായത്ത് അംഗീകരിച്ച റോഡുകളിൽ പൊതുജനപങ്കാളിത്തത്തോടെ തെരുവുവിളക്കുകൾ സ്ഥാപിക്കുകയും പരിരക്ഷിക്കുകയും ചെയ്യാവുന്നതാണ്. ——

സൗരോർജ്ജ് പ്ലാന്റുകൾ സ്ഥാപിക്കുക

ഒരു നിശ്ചിത വരുമാന പരിധി നിശ്ചയിച്ചുകൊണ്ട് ഇതിൽകൂടുതൽ വരുമാനമുള്ളവരെ കണ്ടെത്തി സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കാൻ പ്രേരിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്യണം. ഈ പദ്ധതി നടപ്പിലാക്കി കിട്ടിയാൽ ഈ പഞ്ചായത്തിന്റെ വൈദ്യുതി പ്രശ്നം പൂർണ്ണമായും നിറവേറ്റാൻ കഴിയും.

അടിയന്തിരമായി വൈദ്യുതി എത്തേണ്ട സ്ഥലങ്ങൾ

വാർഡ്	കോൺവെന്റിന്റെ തെക്കേ അറ്റത്ത് മുതൽ തോണിക്കടവ് വരെ
3	നെടുംതോപ്പ് മുതൽ കുന്നുംപുറം പടിഞ്ഞാറ് ഭാഗത്ത്
6	മീരാൻകടവിൽനിന്നും - ചുടുകാട് ഭാഗത്ത്
8	കായിക്കര ഏറത്ത് പടിഞ്ഞാറിൽ - അയ്യപ്പാൻത്തോട്ടം എന്നീ സ്ഥലങ്ങളിൽ
9	കൈമുണ്ടംവിളാകം വിളയിൽ മേഖലയിൽഡ
5	മണ്ണാക്കുളം, മുണ്ടുതുറ, സെന്റ് അലോഷ്യസ്, കോട്ടയംവിളാകം, പൊണ്ടൻവിളാകം, ശിപായി വിളാകം, പള്ളിപുരയിടം, ചീലാന്തിമൂട് എന്നിവിടങ്ങളിൽ
9	ഉടയാൻകുഴി, വലിയകുഴി മേഖലകളിൽ
1&11	ഒന്നാം വാർഡിലും, രണ്ടാംവാർഡിലും ഒന്നിടവിട്ട പോസ്റ്റുകളിൽ ബൾബുകൾ സ്ഥാപിക്കുക.
I.	വേലിമുക്ക് കടവ്, പുത്തുറ പള്ളി ജംഗ്ഷൻ എന്നിവിടങ്ങളിൽ മെർക്കുറി ലാംബുകൾ സ്ഥാപിക്കുക.
III.	നെടുംത്തോപ്പ്, കുന്നുംപുറം ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈറ്റു സ്ഥാപിക്കുക.
III.	ഫിഷർ മെൻ കോളനിയുടെ ഉൾപ്രദേശങ്ങളിൽ ട്യൂബ് ലൈറ്റുകൾ സ്ഥാപിക്കുക

IV. നാലാം വാർഡിന്റെ ഉൾപ്രദേശങ്ങളിൽ ഉള്ള പോസ്റ്റുകളിൽ ജംഗ്ഷൻ കേന്ദ്രീകരിച്ച് ട്യൂബ് ലൈറ്റുകളും, ബൾബുകളും സ്ഥാപിക്കുക.

VII. മണ്ണാക്കുളം, ഓലുവിളാകം, പള്ളിപുരയിടം പോളക്കൽ ലക്ഷംവീട്, മേടയിൽ എന്നിവിടങ്ങളിൽ ട്യൂബ് ലൈറ്റ് സ്ഥാപിക്കുക.

* വസന്ത ഫ്ളവർമിൽ തുടങ്ങുന്ന ഭാഗത്തു നിന്നും വരമ്പിൽവരെയുള്ള ഒന്നിടവിട്ട പോസ്റ്റുകളിലെങ്കിലും ബൾബുകൾ സ്ഥാപിക്കുക.

* പോളക്കൽ മുതൽ കോവിൽതോട്ടംവരെയുള്ള ഒന്നിടവിട്ട പോസ്റ്റുകളിൽ ബൾബുകൾ സ്ഥാപിക്കുക.

* ലക്ഷ്മിവിളാകം, ദൈവത്തിൻ മാവുക്കൽ എന്നിവിടങ്ങളിലും, മലവിള ലക്ഷംവീട്ടിലും ട്യൂബ് സ്ഥാപിക്കുക.

* കാമവിളാകം ഇടവഴിമുതൽ മുകളിലോട്ട് കാറ്റിൽനിന്നും, തിരമാലയിൽനിന്നും വൈദ്യുതി ഉല്പാദിപ്പിച്ച് തീരദേശത്തുള്ളവരുടെ വൈദ്യുതി ക്ഷാമം പരിഹരിക്കുക.

* കമ്പിയിൽ കൂടിയുള്ള ലൈൻ സംവിധാനം മാറ്റി കേബിൾ സംവിധാനം പഞ്ചായത്ത് പ്രദേശത്ത് (തീരദേശത്ത്) നടപ്പിലാക്കുക. അങ്ങനെയായാൽ അപകടം ഒഴിവാക്കും.

* കൊടിയ്ക്കകം – മീരാൻ കടവ് റോഡ് – പുത്തൻതുറ പുതിയലൈൻ സ്ട്രീറ്റ് ലൈറ്റ് ഇടണം.

* അഞ്ചുതെങ്ങ് BBCPC സ്കൂളിനു പുറകുവശം കൊപ്രാക്കുട് വരെ (4)

* ഓഫീസുപുരയിടം മുതൽ മുഷക്കുടിവരെ (4)

* തൈക്കൂട്ടം പ്രദേശത്ത് വൈദ്യുതി എത്തണം (3)

* കൊച്ചുകിണറ്റിൻമുട്, മാമ്പള്ളി LP സ്കൂൾ എന്നീ സ്ഥലങ്ങളിൽ ട്യൂബ് ലൈറ്റ് (5)

* മണ്ണാക്കുളം (കടാപ്പുറത്ത്, ചീലാന്തിമുട് കോട്ടയം വിളാകം, പൊങ്ങൻവിളാകം പള്ളിപുരയിടം, പൊക്കൻവിളാകം കൊച്ചുകിണറ്റിൻമൂട്, തിഷായവിളാകം തുടങ്ങിയ ഭാഗങ്ങളിൽ തെരുവുവിളക്ക് ഇടണം (5)

* നാഗരുകാവ്, വടക്കൻകുളം, കേട്ടുപുരകായൽവാരം (കേട്ടുപുര എന്നീ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് ഇടണം (6)

* പുത്തൻ നട കറിച്ചട്ടിമുല സ്ട്രീറ്റ് ലൈറ്റ് (വാർഡ് 6)

ഗതാഗതം

അഞ്ചുതെങ്ങ് പഞ്ചായത്തിൽ 7.350 കിലോ മീറ്റർ റോഡാണ് പഞ്ചായത്തിന്റെതായി പറയാനുള്ളത് അതിൽ 2. കി.മീ. പക്കാ മെറ്റർ 7.050 കി.മീ. ആണ് ആകെ അഞ്ചുതെങ്ങ് പഞ്ചായത്തുകളുടെ റോഡുകൾ 16.600 കിലോ മീറ്ററാണ്.

ഗതാഗതസൗകര്യം ഇല്ലാത്ത ചില പ്രദേശങ്ങൾ ഇപ്പോഴും ഈ പഞ്ചായത്തിലുണ്ടെന്ന് ഗ്രാമസഭാറിപ്പോർട്ടുകളിൽ കാണുന്നുണ്ട്. ഈ പ്രദേശങ്ങളിൽ വാഹന ഗതാഗതത്തിന് യോജ്യമായ നിരത്തുകൾ ഉണ്ടകേണ്ടത് അത്യാവശ്യമാണ്.

* പഞ്ചായത്തിൽ നിലവിലുള്ള റോഡുകളിൽ ഓട സംവിധാനം ഇല്ല.

സാധ്യത

1. റോഡുകളുടെ ഗുണഭോക്താക്കളിൽനിന്ന് സംഭാവന ശേഖരിച്ചും. സന്നദ്ധസേവനംമൂലവും, റോഡുകളുടെ ഗുണനിലവരം ഉയർത്താനാവും, വെള്ളം ഒഴുകിപ്പോകാനുള്ള കാനലുകൾ, കർവെർട്ടുകൾ എന്നിവ നിർമ്മിക്കാനും ഇത്തരത്തിൽ സാധിക്കും.
2. പഞ്ചായത്തു റോഡുകളുടെ അറ്റകുറ്റ പണികൾക്കു ഒരു സ്ഥിരം സംവിധാനമെന്ന നിലക്ക് റോഡു സംരക്ഷണ സമിതികൾ രൂപീകരിക്കുക.
3. സന്നദ്ധ പ്രവർത്തനത്തിലൂടെ എല്ലാ റോഡുകൾക്കും ഓട നിർമ്മിക്കാവുന്നതാണ്.
4. ഈ പഞ്ചായത്തിലൂടെ കടന്നുപോകുന്ന മുമ്പ് സർവ്വീസ് ആരംഭിച്ച് KSRTC ബസ്സു സർവ്വീസുകൾ അടിയന്തിരമായി പുനരാരംഭിക്കണം.
5. എല്ലാ ബസ്സ് സർവ്വീസുകളും കോട്ടയിൽപ്പോയി തിരിച്ചുപോകുവാൻ ശ്രദ്ധിക്കുക.
6. പഞ്ചായത്ത് അംഗീകരിച്ച റോഡുകൾക്ക് ഇരുവശത്തുമുള്ള മതിലുകൾ കാരണം വെള്ളം കെട്ടി നില്ക്കുന്നില്ലയെന്ന് ഉറപ്പുവരുത്തണം.

"മുതലപ്പൊഴി അഴിയാക്കുന്നതിനും മത്സ്യ-കയർ തൊഴിലാളികൾക്കും മുഴുവൻ തൊഴിൽ ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ഉണ്ടാക്കണം.

അത്യാവശ്യം നിർമ്മിക്കേണ്ട റോഡുകൾ

1. ഒന്നാം പാലം മുതൽ ഇറങ്ങുകടവുവഴി മണ്ണുക്കളം ജംഗ്ഷൻ വഴിപോകുന്ന കായൽ തീര നടപ്പത വികസിപ്പിച്ച് ടാർ ചെയ്യുക.
2. കായിക്കരക്കടവ് പാലം നിർമ്മിക്കുക.
3. മീരാൻ കടവ് പുതുക്കി വലിയ പാലമായിപ്പണിയുക (രണ്ട് വാഹനങ്ങൾ പോകുംവിധം)
4. പഞ്ചായത്ത് അംഗീകരിച്ചതും, വില്ലേജാഫീസിൽ

സ്കെച്ച് ഉള്ളതുമായ എല്ലാവഴികളും തുറന്ന് സഞ്ചാരയോഗ്യമാക്കുക.

5. നെടുംങ്ങണ്ട ഹൈസ്കൂൾ റോഡിൽനിന്നും മല വിള ലക്ഷംവിട്ടീലേയ്ക്കുള്ള റോഡ് ടാർ ചെയ്യുക.

6. ചെറുക്കോണത്തുനിന്നും ആണ്ടിക്കുടിവഴി വാടപ്പുറം കടവുവരെയുള്ള നടപ്പാത വീതി കൂട്ടി മെറ്റൽ ഇട്ട് സഞ്ചാരയോഗ്യമാക്കുക.

7. കുനൻവിളാകം വിളയിൽ ഒന്നാംപാലം എന്നിവ ബന്ധിപ്പിച്ച് വീതിയുള്ള റോഡാക്കി മാറ്റുക.

8. നെടുംങ്ങണ്ട സൊസൈറ്റി മുക്കുമുതൽ വലിയ കുഴി വരെയുള്ള റോഡ് പുതിയതായി നിർമ്മിക്കുക.

9. കശാലം-കാമവിളാകം നടപ്പാതവൃത്തിയാക്കുക.

10. നെടുംങ്ങണ്ട സൊസൈറ്റി മുക്കിൽ നിന്നും മേലോട്ട് 200 മീറ്റർ റോഡ് മെറ്റൽ ഇട്ട് വൃത്തിയാക്കുക.

11. കായിക്കര കടവിൽ നിലവിൽ ഉണ്ടായിരുന്ന ചങ്ങാടം പുനഃസ്ഥാപിക്കുക.

12. മണ്ണാക്കുളം-മുടിപ്പുര നടവഴിയുള്ള ഭാഗം ഓട കെട്ടി വെള്ളം കെട്ടികിടക്കൽ ഒഴിവാക്കുക.

13. പോളയ്ക്കൽ ലക്ഷംവീട്ടിലേയ്ക്കുള്ള വഴി കല്ലിട്ട് നികത്തി വൃത്തിയാക്കുക.

15. കൊടിയ്ക്കകം ആലുംമുട് എന്ന ഭാഗത്ത് പുതിയ റോഡു നിർമ്മിക്കുക.

16. നെടുംങ്ങണ്ട ഹൈസ്കൂൾ വലിയകുഴിറോഡ് ഇപ്പോൾ അവസാനിപ്പിച്ചിരിക്കുന്ന ഭാഗത്തു നിന്നും ഏതാണ്ട് 400 മീറ്ററോളം വരുന്ന റോഡ് സൊസൈറ്റി ഊരാൻതാഴറോഡിൽ ബന്ധിപ്പിക്കുക.

17. നെടുംങ്ങണ്ട സൊസൈറ്റി ചെറുക്കോണം റോഡ് വീതി കൂട്ടി മെറ്റൽ ചെയ്യുക.

18. നെടുങ്ങണ്ട, ഒന്നാംപാലം - കോവിൽത്തോട്ടം കായിക്കര- അഞ്ചുതെങ്ങ് എന്നിവിടങ്ങലിൽ സ്ഥലം കണ്ടെത്തി വെയിറ്റിംഗ് ഷെഡ് നിർമ്മിക്കുക.

19. പുതിയപാലം, അഞ്ചുതെങ്ങ് ജംഗ്ഷൻ എന്നിവിടങ്ങളിൽ പൊതുസ്ഥലത്ത് വെയിറ്റിംഗ് ഷെഡ് സ്ഥാപിക്കുക.

20. അമ്മൻകോവിൽ-വക്കംകുളം മുടിപ്പുരയുമായി ബന്ധുപ്പെടുന്ന റോഡ് വീതിക്കൂട്ടുക.

21. മീരാൻ കടവ് - പുത്തൻനടക്ഷേത്രം റോഡ് പണിപൂർത്തീകരിക്കുക.

22. ചെറിയ ഇടവഴികളായ ജംഗ്ഷൻ ചായക്കട പുറകിൽ മുള്ളപ്പറമ്പുവരെ ഓടയുണ്ടാക്കി ടാർ ഇടുക.

23. പോലീസ് സ്റ്റേഷൻ PWD റോഡ് വൃത്തിയാക്കുക, ജീസ്സസ്സ് തീയേറ്റർ മുതൽ ഇളയമ്മൻ നട വഴി വീതികൂട്ടുക.

24. കൊച്ചുമേത്തൻ കടവിൽനിന്നും വിജ്ഞാനവിശാഖം റോഡ് വീതിക്കൂട്ടി ടാർ ചെയ്യുക.

25. മെയിൻ റോഡിൽനിന്നും പുത്തൻ മണ്ണ് ലക്ഷം വീട് റോഡ് ടാർ ചെയ്യുക.

26. മാടൻക്കാവിൽ (8-ാം വാർഡ് കോവിൽത്തോട്ടത്തിനുസമീപം) കെട്ടിക്കിടക്കുന്ന വെള്ളം കായലിലേക്ക് ഒഴുകിപ്പോകാനുള്ള സംവിധാനം ചെയ്യുക.)

27. കായിക്കര - ഇറങ്ങുക്കടവ് റോഡ് പുതുതായി വെട്ടുക.

28. കൊച്ചുറ്റി ആറ്റിൻമുട് - കടപ്പുറം റോഡ് വീതിക്കൂട്ടി ടാർ ചെയ്യുക.

29. ജംഗ്ഷൻ മുതൽ (BBCPS -നു പുറകിൽ കടപ്പുറം റോഡ് വീതി കൂട്ടി ടാർ ചെയ്യുക.

30. നെടുംത്തോപ്പ് എണ്ണക്കിടങ്ക് കടപ്പുറം റോഡ് വീതി കൂട്ടി ടാർ ചെയ്യുക.

31. തോണിക്കടവ് - കടപ്പുറത്തേയ്ക്കു പോകുന്ന റോഡ് വീതിക്കൂട്ടി നിർമ്മിക്കുക.

32. കോട്ടയ്ക്കുതെക്കുവശം പടിഞ്ഞറോട്ട് പോകുന്ന റോഡ് വീതിക്കൂട്ടി നിർമ്മിക്കുക.

33. വേലിമുക്ക് ലക്ഷംവീട് - കടത്തിലോട്ടുപോകുന്ന റോഡ് നിർമ്മിക്കുക.

34. മുണ്ടുതുറ നെടിയവിളാകം റോഡ് നിർമ്മിക്കുക.

35. മാമ്പള്ളി - കോട്ടയംവിളാകം റോഡ് നിർമ്മിക്കുക.

36. ജംഗ്ഷനുസമീപം - വിളയിൽ കടപ്പുറം റോഡ് നിർമ്മിക്കുക.

37. ബസ്സിൽ 50% സീറ്റുകളും സ്ത്രീകൾക്ക് തന്നെ ഉറപ്പുവരുത്തുക


38. കുട്ടികൾക്ക് സ്കൂൾ സമയങ്ങളിൽ പ്രത്യേകം ബസ് സംവിധാനം ഉണ്ടാക്കാണം.

പുതുതായി വേണ്ടുന്ന റോഡുകൾ

1. 2-ാം Ward ൽ എണ്ണ കിടങ്കു പുരയിടം
2. 2-ാം Ward ൽ ഗ്രൗണ്ടിനു സമീപമുള്ള റോഡ്
3. 4-ാം Ward ൽ BBLPS സ്കൂളിനു സമീപമുള്ള റോഡ്
4. 5-ാം Ward ൽ മാമ്പള്ളി വടക്കുവശം - കൊച്ചു കിണറ്റിൽ മുട് റോഡ്
5. 6-ാം Ward ൽ കൊച്ചുമേത്തൻ കടവ് റോഡ്
6. 6-ാം Ward ൽ പുത്തൻമണ്ണ് ലക്ഷം വീട്
7 6-ാം Ward ൽ മജീസസ്സ് തീയറ്ററിനു സമീപമുള്ള
8. 7-ാം Ward ൽ മുസ്ലീം പള്ളി - അമ്മൻ കോവിൽ റോഡ്
9. 7-ാം Ward ൽ പുമുഖം-പെന്തക്കോസ്ത് റോഡ്
10. മുണ്ടുതുറ - കയർസൊസൈറ്റി റോഡ്
11. 8-ാം വാർഡിൽ- കുന്നത്തു റോഡ്
12. കുരിശ്ശടി പണി - വടക്കുവിളാകം
13. 9-ാം വാർഡിൽ

ഒന്നാം പാലം - കൈമുണ്ടൻ വിളാകം റോഡ്

ആശംസകൾ . . .



മാർക്കറ്റ്


പഞ്ചായത്തിൽ ഒരു പബ്ലിക് മാർക്കറ്റ് മാത്രമാണ് നിലവിലുള്ളത് പക്ഷേ അവിടെ യഥാർത്ഥ ചന്തയുടെ സൗകര്യമില്ലാത്തതു കൊണ്ട് ആരും അത് ഉപയോഗിക്കാത്ത നിലയിലാണ്. അടിസ്ഥാന സൗകര്യങ്ങൾ തീരെ അപര്യാപ്തമാണ്. കൂടാതെ ലേലക്കാരന്റെ ഇഷ്ടത്തിന് മണ്ണാക്കുളം ഭാഗത്ത് ഒരു പുരയിടത്തിൽ ഒരു ചെറിയ ചന്ത ഉണ്ട് ഇവിടെയാണ് ചില ആൾക്കാർ ആശ്രയിക്കുന്നത് കപാലീശ്വരം, നെടുംങ്ങണ്ട എന്നീ സ്ഥലങ്ങളിൽ അംഗീകാരമികല്ലാത്ത ചന്തകളുടെ പ്രവർത്തനം കാണാം. ഈ സ്ഥലങ്ങളിൽ എല്ലാം തന്നെ മത്സ്യ മാംസകളുടേയും പഴകിയ ചപ്പക്കറികളുടേയും അവശിഷ്ടങ്ങൾ കൂടിക്കലർന്ന് പരിസരമലിനീകരണ പ്രശ്നമുണ്ടാകുന്നു.

പ്രശ്നങ്ങൾ

1. അംഗീകൃത ചന്തയുടെ പ്രവർത്തനം ഇല്ല
2. ചവറുകൾ റോഡുകളിൽ വലിച്ചെറിയുന്നു
3. റോഡരികിലുള്ള കച്ചവടം ഗതാഗത തടസ്സം സൃഷ്ടിക്കുന്നു.

സാദ്ധ്യതകൾ

1. ചന്തകോൺക്രീറ്റ് ഇട്ട് വൃത്തിയാക്കുകയും വിപുലപ്പെടുത്തുകയും ചെയ്യുക.
2. ചപ്പുചവറുകൾ, നിക്ഷേപിക്കാനും സംസ്കരിക്കരാനുമുള്ള സംവിധാനം ഏർപ്പെടുത്തുക.
3. മാലിന്യങ്ങൾ കുമിഞ്ഞു കൂടാതിരിക്കാനും ജലം ഒഴുകിപ്പോകാനും വേണ്ടി ശാസ്ത്രീയമായ പുന സംവിധാനങ്ങൾ ഏർപ്പെടുത്തുക.
4. ചന്ത യാഥാർത്ഥ ചന്തയിൽ പ്രവർത്തനം ആരംഭിക്കുക.
5. 1, 2,3 വാർഡുകൾ ചേർത്തും 4, 5, 6, 7 വാർഡുകൾ ചേർത്തും, 8, 9 വാർഡുകൾ ചേർത്തും 3 പൊതു മാർക്കറ്റുകൾക്ക് സ്ഥലം കണ്ടെത്തി വാടപ്പിൽ വരുത്തുക.
6. പഞ്ചായത്തിൽ ഒരു ഷോപ്പിംഗ് ക്ലോംപ്ലക്സ് നിർമ്മിക്കുക.



എസ്. [illegible]
മുൻ പഞ്ചായത്ത് പ്രസിഡന്റ്



[illegible]
മുൻ പഞ്ചായത്ത് അംഗം



ക്രിസ്റ്റീന ജൂലിയാൻ
ബ്ലോക്ക് മെമ്പർ



അഞ്ചുതെങ്ങ് ചന്ത

പാർപ്പിടം

അഞ്ചു തെങ്ങ് പഞ്ചായത്ത് ഒന്നു മുതൽ വാർഡുകൾ തീര പ്രദേശവും 6, 7, 8 വാർഡുകൾ അഞ്ചു വരെ വാർഡുകൾ കായൽ സമീപ പ്രദേശവും 9–ാം വാർഡ് പൊക്കം കൂടിയ. പ്രദേശവുമാണ്. തീരപ്രദേശത്ത് സ്ഥലമില്ലാത്ത പ്രശ്നം വളരെ കൂടുതൽ ബുദ്ധിമുട്ടുണ്ടാക്കുന്നു. കൂടുതൽ വീടുകളും കുടിലുകളും മൺതറകളോടുകൂടിയവയുമാണ്. സാമ്പത്തികാപിന്നോക്കാവസ്ഥയാണ് ഇതിന് കാരണം. പഞ്ചായത്തിൽ 4644 കെട്ടിടങ്ങളാണുള്ളത്. കോൺക്രീറ്റ് 656, ഓട് 1571 ഓല 2431 ആണ് ഓല മേഞ്ഞ വീടുകളിൽ ഭൂരിഭാഗവും നല്ല രീതിയിൽ സംരക്ഷിക്കപ്പെടുന്നവയല്ല ഇരുനില കെട്ടിടങ്ങൾ 54 എണ്ണമുണ്ട്.

ലക്ഷം വീട് പദ്ധതിയനുസരിച്ച് 1976 ൽ ഭൂരഹിതർക്ക് സ്ഥലവും വീടും കൊടുക്കാൻ തീരുമാനിച്ചു. ഇതനുസരിച്ച് പഞ്ചായത്തിന്റെ 6 ഭാഗങ്ങളിലായി 100 പേരുടെ സ്ഥലം തെരഞ്ഞെടുത്തു വരുന്നു.

പഞ്ചായത്തിൽ നൽകിയ ലക്ഷം വീട്

നമ്പർ	വാർഡ്	സ്ഥലം	ഗുണഭോക്താക്കൾ
1	I	പുന്തുറ	16
2	VI	പുത്തൻ മണ്ണ് ലക്ഷംവീട് വാടയിൽ	30
3	V	മാമ്പള്ളി	10
4	vii	പോളയ്ക്കൽ	16
5.	vii	പണിയിൽ	16
6	ix	മലവിള, നെടുങ്കണ്ട	12

പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ ഭവന നിർമ്മാണ സഹകരണ സംഘം പ്രവർത്തിക്കുന്നില്ല.
2. ഓരോ വാർഡിലും ഭവന രഹിതർ 80 % ആണ് .
3. താഴ്ന്ന വരുമാനക്കാർക്ക് വീടു നൽകാനുള്ള പദ്ധതികളുടെ കുറവ്.
4. സന്നദ്ധ പ്രവർത്തനത്തിന്റെ കുറവ്
5. നിർമ്മാണ വസ്തുക്കളുടെ വിലവർദ്ധന
6. പകുതിയോളം ജനങ്ങൾ ചെറുകുടിലിലാണ് താമസിക്കുന്നത്.
7. കെട്ടിട നിർമ്മാണ രംഗകത്തെ വിദഗ്ധരുടെ കുറവ്.
8. സ്ഥിരം വരുമാനം ഇല്ലാത്തവർക്ക് ഭവന നിർമ്മാണ വായ്പ ലഭിക്കുന്നില്ല.
9. വായ്പയുടെ ഉയർന്ന പലിശ നിരക്ക്
10. ചെലവ് കുറഞ്ഞ ഭവന നിർമ്മാണത്തിന് ആവശ്യമായ സാങ്കേതി വൈദഗ്ധ്യം പഞ്ചായത്ത് തലത്തിൽ ലഭ്യമല്ല.
11. കെട്ടിട നിർമ്മാണ രംഗത്ത് അനാവസ്യ ചെലവുകൾക്കുള്ള പ്രവണത കൂടിയിരിക്കുന്നു.
12. പട്ടികജാതിക്കാർ താമസിക്കുന്ന സ്ഥലത്ത് അടിസ്ഥാന ആവശ്യങ്ങളുടെ കുറവ്.

സാദ്ധ്യതകൾ

1. പട്ടിക ജാതിക്കാർക്കു പുറമേ മറ്റു താഴ്ന്ന വരുമാനക്കാർക്കും വീടുകൾ നല്കണം.
2. സന്നദ്ധ സംഘടനകളുടെ സേവനം പ്രയോജനപ്പെടുത്തി നിർമ്മാണ ച്ചെലവ് കുറക്കണം
3. ചെലവു കുറഞ്ഞ വീടുകൾ നിർമ്മിക്കുന്ന രീതി പ്രോത്സാഹിപ്പിക്കണം.
4. വീടു നിർമ്മിക്കാൻ കടം നൽകുന്ന ഏജൻസികളെ ക്കുറിച്ചുള്ള വിവരങ്ങൾ പഞ്ചായത്തിൽ നിന്നും ലഭിക്കണം.
5. ഗൃഹനിർമ്മാണത്തിൽ പരിശീലനം നേടാൻ യുവാക്കളെ പ്രേരിപ്പിക്കണം.
6. എല്ലാവർക്കും സ്ഥിരസ്വഭാവത്തിലുള്ള വീടുകളുണ്ടാക്കണം.
7. പഞ്ചായത്തുതലത്തിൽ ഭവനനിർമ്മാണ സഹകരണ സംഘത്തിന് രൂപം കൊടുക്കണം
8. ഭവനിർമ്മാണ വായ്പയുടെ പലിശ നിരക്ക് കുറയ്ക്കുക.യും, കാലാവധി കൂട്ടുകയും ചെയ്യുക.
9. ലോണെടുത്ത് പണിയുന്ന വീടുകളുടെ നിർമ്മണ സർച്ചിഫിക്കറ്റ് നൽകുവാനുള്ള അധികാരം പഞ്ചായത്തു മെമ്പർക്ക് നൽകുക.
10. വിസ്തീർണ്ണമുള്ള ലക്ഷങ്ങള്ഡ ചെലവഴിച്ചു പണിയുന്ന മണിമന്ദിരങ്ങൾക്ക് ഉയരൻ നിരക്കിൽ നികുതി ചുമത്തണം.
11. ലേബർ കോൺട്രാക്ടച് സൊസൈറ്റി രുപീകരിച്ച കെട്ടിട നിർമ്മനാണ രംഗത്ത് തൊഴിലവസരവും തൊഴിലുറപ്പും സൃഷ്ടിക്കുക.
12. ഓരോ വർഷവും ഓരോ വാർഡിലയേും നൂറു കുടുംബങ്ങൾക്ക് പാർക്കത്തക്കരീതിയിലുള്ള ഫ്ളാറ്റ് സിസ്റ്റം ഉണ്ടാക്കുക.
13. പട്ടയം ഇല്ലാത്തവർക്ക് പട്ടയം നല്കുക
14. വേലിയേറ്റം വേലിയിറക്ക് പ്രദേശത്ത് താമസിക്കുന്നവരെ പുന: രധിവസിപ്പിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.
15. മത്സ്യതൊഴിലാളികൾക്ക് സർക്കാർ ആനുകൂല്യങ്ങളെപ്പറ്റി വേണ്ടത്ര അറിവ് നൽകുന്നതിന് പഞ്ചായത്തിൽ ഒരു സംവിധാനം ഉണ്ടാക്കുക
16. പുറംമ്പോക്ക് ഭൂമികണ്ടെത്തി ഫ്ളാറ്റ് സംവിധനാം ഉണ്ടാക്കണം.
17. മുതലപ്പൊഴി അഴിയാക്കണം.

ആരോഗ്യം

തിരുവനന്തപുരം ജില്ലയിൽ ആരോഗ്യം വിദ്യാഭ്യാസം തുടങ്ങിയ അടിസ്ഥാനാവശ്യങ്ങൾ നിർവ്വഹിക്കപ്പെടാൻ നിവർത്തിയില്ലാതെ വളരെ പിന്നക്കം നിൽക്കുന്ന ഒരു കടലോര ഗ്രാമമാണ് അഞ്ചുതെങ്ങ്. ജില്ലയിൽ ജനസാന്ദ്രത ഒട്ടും കുറവില്ലാത്ത പഞ്ചായത്തുകൾ ഒന്നാണ്. പഞ്ചായത്തിലെ പ്രധാന ആരോഗ്യ പ്രശ്നങ്ങൾ പോഷകാഹാരത്തിന്റെയും കുറവും, മദ്യം, ക്ചാവ്, തമ്പാക്ക് തുടങ്ങിയ ലഹരി പാദാർത്ഥങ്ങളുടെ ഉപയോഗം, വേണ്ടത്ര വൈദ്യസഹായത്തിന്റെ അഭാവം എന്നിവയാണ്.

പൊതുജനാരോഗ്യം പ്രധാനമായി 3 തരത്തിൽ കാണണം. രോഗചികിത്സ രോഗ പ്രതിരോധം ആരോഗ്യ പരിപാലനവും ആരോഗ്യകരമായ ജീവിതവും.

രോഗ ചികിത്സ

അഞ്ചുതെങ്ങ് പഞ്ചായത്തിൽ 2-ാാം വാർഡിൽ സ്ഥിതിചെയ്യുന്ന കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ 33 ജീവനക്കാർ സ്ഥിതിചെയ്യുന്നഒരു സർക്കാർ സ്ഥാപനമാണ് 1992 മുതൽ ഓരോ വർഷവും ശരാശരി 100 രോഗികളെ കിടത്തി ചികിത്സിക്കുന്ന ഈ സ്ഥാപനത്തിൽ ശരാശരി 20, 200 രോഗികളെ ഔട്ട് പേഷ്യന്റ് വിഭാഗത്തിൽ ചികിത്സിക്കുന്നുണ്ട്. ഇവിടെ ചികിത്സിക്കപ്പെടുന്ന പകർച്ച വ്യാധികൾ കഴിഞ്ഞ മൂന്നു വർഷങ്ങളിൽ ഏകദേശം 600 ൽ പരം രോഗങ്ങൾ ജല ജന്യരോഗങ്ങലായ ടൈഫോയിഡ്, കോളറ, മഞ്ഞപ്പിത്തം വയറിളക്കംരോഗങ്ങൾ മുതലായവയാണ്. ഏറ്റവുമധികം രോഗികൾ ക്ഷയരോഗബാധിതരാണ്. ആസ്ത്മ പോലെയുള്ള മറ്റു രോഗങ്ങളും ഒരു നല്ല വിഭാഗം ആളുകൾക്ക് പിടിപ്പെടുന്നുണ്ട്. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ പ്രധാന പ്രവർത്തനം കുടുംബക്ഷേമ ക്യാമ്പുകൾ നടത്തുന്നതിലും, പ്രതിരോധകുത്തിവയ്പു നടത്തുന്നതിലുമാണ്. പൊതുജനങ്ങൾക്ക് ആരോഗ്യവിദ്യാഭ്യാസം നൽകുന്നതിൽ വേണ്ട ശ്രദ്ധ നൽകുന്നില്ലെന്നു പരാതിയുണ്ട്.

24 മണിക്കൂർ പ്രവർത്തിക്കുന്ന ഒരു ആശുപത്രിയായി ഉയർത്തേണ്ടത് ഈ പ്രദേശത്തെ ജനങ്ങളുടെ ഒരത്യാവശ്യമാണ്. യാത്രാ സൗകര്യവും, കുടിവെള്ളവും, സാമൂഹ്യ വിരുദ്ധരുടെ ശല്യവും, ഈ ആരോഗ്യകേന്ദ്രത്തിന്റെ പരാധീനതകളാണ്.

ഗവ:ആയുർവേദ ഡിസ്പെൻസറി

ഇപ്പോൾ സ്ഥിതി ചെയ്യുന്ന വാടകക്കെട്ടിടം മാറ്റി സ്വന്തമായി കെട്ടിടമുണ്ടാക്കാൻ വർഷങ്ങൾക്കു മുമ്പു തന്നെ പിരിച്ചെടുത്ത നല്ലൊരു തുക സമീപവാസികളുടെ പക്കലുണ്ട്. മരുന്നുകൾ സൂക്ഷിക്കുന്നതിനുള്ള ആധുനിക സംവിധാനം ഏർപ്പെടുത്തുകയും കൂടുതൽ ആളുകൾക്ക് സൗകര്യപ്രദമായി ഉപയോഗിക്കാത്തക്ക

സ്ഥലത്ത് സ്ഥാപിക്കപ്പെടുകയും വേണം. ജനങ്ങൾക്കു ആയുർവേദത്തിന്റെ ഗുണങ്ങളെപ്പറ്റി ബോധവൽക്കരണം നൽകണം. കഴിഞ്ഞ 4 വർഷങ്ങളിലെ കണക്കിൽ ഏകദേശം 25,000 രോഗികൾ – ത്വക്ക് രോഗം, വാതം, വിഷം മറ്റ് അസുഖങ്ങൾ ഇവയ്ക്കായി ഇവിടെനിന്നും ചികിത്സി സ്വീകരിച്ചിട്ടുണ്ട്.

ഗവ:ഹോമിയോ ഡിസ്പെൻസറി

ഇപ്പോൾ സ്ഥിതി ചെയ്യുന്ന വാടക കെടിട്ടിടത്തിൽ നിലവിൽ 3 പേർ ജോലി ചെയ്യുന്നു. ശരാശരി 18,000 പേർക്ക് ഓരോ വർഷവും ചികിത്സ നൽകുന്ന ഈ സ്ഥാപനം ജനനിബിഡമായ അഞ്ചുതെങ്ങിന്റെ ഹൃദയഭാഗത്തേക്കു മാറ്റി പ്രവർത്തിപ്പിച്ചാൽ കൂടുതൽ ജനങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും.

പ്രൈവറ്റ് ആശുപത്രികൾ

ആരോഗ്യ രംഗത്ത് ഇന്ന് രോഗപരിചരണം ഒരു വലിയ കച്ചവടവും അഴിമതിയുമായി മാറിയിരിക്കുന്നു. ഈ പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും എസ്.കെ. ആശുപത്രി, കടയ്ക്കാവൂർ വർക്കല മിഷൻ ആശുപത്രി, ജാനകി–സ്വാമിജി ആശുപത്രി, ആർ.വി. ആശുപത്രി, മറ്റു പ്രൈവറ്റ് ആശുപത്രികൾ ഇവയെ ആശ്രയിച്ചു വരുന്നു.

ഇവിടെ വേണ്ട പരിശീലനം സിദ്ധിച്ച ജീവനക്കാരുടെ കുറവ് അമിതമായ പരിശോധനകളുടെയും രീതികൾ മുതലായവ പഞ്ചായത്തു കമ്മിറ്റികൾ ജനങ്ങളെ ബോധവൽക്കരിക്കേണ്ടതാണ്.

മരുന്നുകളുടെ വർദ്ദിച്ചുവരുന്ന ഉപയോഗം ബഹുരാഷ്ട്ര കുത്തകകളുടെ കടന്നു കയറ്റത്തിന് വഴിതെളിക്കുയും മറ്റു പല രോഗങ്ങൾക്കും ഇടയാക്കുകയും ചെയ്യുന്നു.

III രോഗപ്രതിരോധ മാർഗ്ഗങ്ങൾ:–

സാംക്രമിക രോഗങ്ങൾക്കെതിരെ വാക്സിനേഷൻ സാമൂഹ്യരോഗ്യകേന്ദ്രത്തിന്റെ നേതൃത്വത്തിൽ നടത്തുന്നുണ്ട്. ഇടക്കാലത്തുണ്ടായ കുത്തിവയ്പിലെ അപാകതകളും ജനങ്ങളുടെ അറിവില്ലായ്മയും ഏതാനും കുട്ടികൾ വികലാംഗരായി തുടരുന്നതിന് വിധിക്കപ്പെട്ടിരിക്കുന്നു. പഞ്ചായത്തിലെ വിവിധ ശിശുവികന കേന്ദ്രങ്ങളിലൂടെ മാതൃശിശു കുത്തിവെയ്പുകൾ കൃത്യമായി നൽകുന്നുണ്ട്. സന്നദ്ധ സംഘടനകൾക്കും. PTA കളും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുവാൻ ഒരു പരിധിവരെ ശ്രമിക്കുന്നുണ്ടെങ്കിലും മാതൃശിശു ക്ഷേമ പ്രവർത്തനങ്ങൾക്ക് കൂടുതൽ ശ്രദ്ധ പതിക്കേണ്ടിയിരിക്കുന്നു.

മദ്യം മയക്കുമരുന്നുകളുടെ വില്പനയും ഉപയോഗവും കർശനമായി തടയുന്നതിനുള്ള നടപടികളുണ്ടാകണം. ഭക്ഷ്യവസ്തുക്കളിൽ മായംചേർക്കുന്നതിനെതിരെയും, മത്സ്യമാസാദികൾ സൂക്ഷിക്കുന്നതിനുപോയഗിക്കുന്ന വസ്തുക്കളിലെ വിഷാംശത്തിന്റെ ദൂഷിത ഫലങ്ങളെപ്പറ്റി സാമൂഹ്യ കേന്ദ്രത്തിലെ ആരോഗ്യപ്രവർത്തനങ്ങൾ ബോധവൽക്കരണം നടത്തണം.

പരിസര മലിനീകരണം:

മനുഷ്യരുടെയും മൃഗങ്ങളുടേയും വിസർജ്യവസ്തുകൾ കൊണ്ട് അത്യന്തം വൃത്തിഹീനമായ പരിസരം പലതരത്തിലുള്ള രോഗങ്ങളും ക്ഷണിച്ചുവരുത്തുന്നു. ചപ്പുചവറുകൾ അവിടവിടെ കൂട്ടിയിടുന്നത് നല്ല രീതിയിൽ കമ്പോസ്റ്റുകളാക്കി മാറ്റാൻ സാധിക്കണം. അഴുക്കുവെള്ളം കെട്ടിക്കിടക്കുന്ന വീട്ടുമുറ്റവും റോഡും, അഞ്ചുതെങ്ങു പഞ്ചായത്തിൽ സാധാരമാണ്. മത്സ്യത്തിന് ഐസിടുന്നത് ചില പ്രത്യേക കേന്ദ്രങ്ങൾ നിർദ്ദേശിച്ചുകൊടുക്കേണ്ടതാണ്.

ചന്തയിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള സൗകര്യം, ആരോഗ്യകരമായി ക്രയവിക്രയം ചെയ്യുന്നതിനുള്ള സാദ്ധ്യതകളും ചന്തയിൽ ഉണ്ടാകണം.

അംഗവൈകല്യങ്ങൾ

അംഗവൈകല്യം സംഭിച്ചവരെ സംരക്ഷിക്കുയും അവർക്കുവേണ്ട ചികിത്സാ വിധികൾക്ക് മെഡിക്കൽ കോളേജിലെ ഫിസിക്കൽ മെഡിസിൻ വിഭാഗവുമായി ബന്ധപ്പെടാനുള്ള ബോധവൽക്കരണം സാമാന്യജനങ്ങൾക്കു നൽകണം.

മന്ദബുദ്ധികൾ

ഏകദേശം 114 മന്ദബുദ്ധികളെ പഞ്ചായത്തിൽ അവരുടെ പരിശീലനക്കാര്യം പരിഗണിക്കപ്പെടേണ്ടതാണ്. ഇക്കാര്യത്തിൽ സന്നദ്ധ സംഘടനകളുടെ സേവനനം ഉപയോഗപ്പെടുത്താവുന്നതാണ്. 5–ാം വാർഡിൽ ആരംഭിച്ച മന്ദബുദ്ധികളുടെ പരിശീലനകേന്ദ്രം ജനങ്ങളുടെ സഹകരമില്ലായ്മകൊണ്ട് നിർത്തലാക്കേണ്ടിവന്നു. ജനങ്ങളുടെ ഇടയിൽ ബോധവൽക്കരണ പരിപാടികൾ എത്തണം.

ആരോഗ്യപരിപാലനവും – പോഷണവും

അംഗൻവാടികളിലും എൽ.പി. സ്കൂളിലും കുട്ടികൾക്ക് കൃത്യമായ ആരോഗ്യപരിശോധനയും പോഷകാഹാരവിതരണവും ഏർപ്പെടുത്തണം. (ഉച്ചക്കഞ്ഞി എല്ലാ സ്കൂളിലും ഉറപ്പുവരുത്തണം. വായുവും, വെള്ളവും പരിസരവും ശുദ്ധമായി സൂക്ഷിക്കുന്നതിനും പ്രകൃതിയും പരിസ്ഥിതിയും,മൃഗങ്ങളും, മനുഷ്യരും

സൗഹാർദ്ദത്തിൽ പരസ്പര ബന്ധത്തോടെ ജീവിക്കുന്നതിനും ജീവന്റെ സന്തുലിതാവസ്ഥ കാത്തു സൂക്ഷിക്കുന്നതിനുമുള്ള ബോധവൽക്കരണവും പ്രവർത്തന പരിപാടികളും ഉണ്ടാകുക. രാജ്യത്തിനു മുഴുവൻ പോഷകാഹാരം പ്രദാനം ചെയ്യുന്ന മത്സ്യങ്ങൾ കായയിലും കടലിലും യഥേഷ്ടം വളരുന്നതിനുള്ള സ്വാഭാവിക പരിസ്ഥിതി വളർത്തുകയും അതേകുറിച്ച് ജനങ്ങൾക്ക്

പട്ടിക ഒന്ന്

വർഷം	ജലജന്യ രോഗങ്ങൾ	വായുജന്യ രോഗങ്ങൾ	പ്രാണിജന്യ രോഗങ്ങൾ	മറ്റുള്ളവ
1993–94	722	2728	104	621
1994–95	591	2580	99	732
1995–96	399	2221	213	836

(അവലംബം ദ്വിതീയ വിവരശേഖരണ റിപ്പോർട്ട്)

അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിലെ അരോഗ്യ സ്ഥാപനങ്ങൾ 3 എണ്ണമാണ്.

നമ്പർ	സ്ഥാപനത്തിന്റെ പേര്	കെട്ടിടം സ്വന്തം/ വാടക	വാർഡ്	സ്ഥാപിച്ച വർഷം	ജീവനക്കാരുടെ എണ്ണം,	സ്ഥാനപരമായ പ്രശ്നങ്ങൾ
1.	സാമൂഹ്യ ആരോഗ്യകേന്ദ്രം, അഞ്ചുതെങ്ങ് (CHC)	സ്വന്തം	II	–	33	കുടിവെള്ളം ഇല്ല, യാത്രാസൗകര്യം ഇല്ല.
2	ഗവ. ആയുർവേദ ഡിസ്പെൻസറി നെടങ്കണ്ട (ആയുർവേദം)	വാടക	IX	1980	4	കെട്ടിടത്തിന്റെ അവസ്ഥമോശമാണ് ഔഷധം സൂക്ഷിക്കുന്നതിന് അലമാരയില്ല. ചെമ്പ് കലങ്ങൾ ഈയ്യം പൂശുന്നില്ല
3	ഗവ. ഹോമിയോ ഡിസ്പെൻസറി കായിക്കര (ഹോമിയോ	വാടക	VIII	1990	3	സ്വന്തമായി കെടടിടം ഇല്ല വികസനകമ്മിറ്റി ഉണ്ടാവണം

ബോധവൽക്കരണം നൽകുകയും വേണം.

പ്രശ്നങ്ങൾ

1. ഓരോ വർഷവും സ്ഥിരമായി ഉണ്ടാകുന്ന രോഗങ്ങളുണ്ട് (വയറിളക്കം, ചെങ്ങണ്ണ്, തുടങ്ങിയവ)

2. പഞ്ചായത്തിന്റെ ഒരറ്റത്ത് ആയതുകൊണ്ട് യാത്രാസൗകര്യം കുറവായതുകൊണ്ടും എല്ലാ ജനങ്ങൾക്കും CHC യുടെ സഹായം കിട്ടുന്നില്ല.

3 ആയുർവേദ ഡിസ്പെൻസറിയിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യങ്ങളില്ല.

4 ഒരു പൊതുശ്മശാനമില്ലാത്തതുകൊണ്ട് ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ട്.

5 കൊതുകു ശല്യം ബുദ്ധിമുട്ടുണ്ടാക്കുന്നു.

പരിഹാര നിർദ്ദേശങ്ങൾ

1) അഞ്ചുതെങ്ങ് CHC മുഴുവൻ സമയ പ്രവർത്തനമാക്കണം

2) ഡോക്ടർമാർക്ക് താമസിക്കുന്നതിനുവേണ്ടി ചുറ്റുമതിൽ കെട്ടി കുടിവെള്ളവും എത്തിച്ച് ഗേറ്റ് വാച്ചറെ നിയമിക്കുക.

3) 24 മണിക്കൂറും പ്രവർത്തിക്കുന്ന ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തുക

4) എം.എസ്.എസ്. പ്രവർത്തകർക്ക് മാസംതോറും ഒരു നിശ്ചിത തുക അലവൻസായി നൽകി. ഓരോ വാർഡിലേയും സബ് നഴ്സായി മാറ്റുക

5) കുടുംബാസൂത്രണ ശസ്ത്രക്രീയയ്ക്ക വിധേയരാകുന്ന വനിതകളെ അവരുടെ വീടുകളിൽ എത്തിക്കുന്നതിന് പഞ്ചായത്തു തലത്തിൽ സംവിധാനം ഏർപ്പെടുത്തുക.

6) എം.എസ്.എസ്. പ്രവർത്തകർക്ക് തിരിച്ചറിയൽ കാർഡ് നൽകണം.

7) ഓപ്പറേഷൻ തീയേറ്ററിന് ആവശ്യമായ ഉപകരണങ്ങൾ നിലവിലുള്ള CHC യിൽ തീരദേശം ആരോഗ്യപദ്ധതിയനുസരിച്ച് കൈവശമുണ്ട്. ആയത് ഉപയോഗിക്കുന്നതിനുള്ള ഒരു മിനി ഓപ്പറേഷൻ തീയേറ്റർ സ്ഥാപിക്കുക.

8) നെടുങ്കണ്ടയിലെ ആയുർവേദ ഡിസ്പെൻസറി ആയുർവേദാശുപത്രിയായി ഉയർത്തുകയും രോഗികളെ കിടത്തി ചികിത്സിക്കുവാനുള്ള സൗകര്യത്തോടുകൂടി ആശുപത്രി കെട്ടിടം നിർമ്മിക്കുകയും ചെയ്യുക.

9) അഞ്ചുതെങ്ങ് ജംഗ്ഷനു സമീപം മിനി CHC സബ് സെന്റർ ആരംഭിക്കുക.

10) പഞ്ചായത്തിന്റെ പൊതു സ്ഥലത്ത് അനുയോജ്യ സ്ഥലത്ത് ഒരു പൊതുശ്മശാനം സ്ഥാപിക്കുന്നതാണ്.

11) കൊതുകു നിവാരണത്തിനാനവശ്യമായി ഉപകരണങ്ങളും, അതിന്റെ വിദഗ്ദ്ധരെയും CHC യിടോ ബന്ധപ്പെടുത്തി ഏർപ്പെടുത്തുക.

12) അഞ്ചുതെങ്ങ് ജംഗ്ഷൻ കേന്ദ്രീകരിച്ച് ഒരു പൊതുമൂത്രപ്പുര, കക്കൂസ്, കുളിമുറി എന്നിവ സ്ഥാപിക്കുക.

13) മാനസികാരോഗ്യവും, സാമൂഹ്യരോഗവും ഉറപ്പു വരുത്തുന്ന മൂല്യബോധനവും അയൽ കൂട്ട പഠന കേന്ദ്രങ്ങളും. ഉല്ലാസ സംവിധാനങ്ങളും പാർക്കുകളും ഉദ്യാനങ്ങളും രണ്ടു വാർഡുകൾ ചേർന്നെങ്കിലും ഉണ്ടാവണം.

16) ഭക്ഷണ സാധനങ്ങൾ തുറന്നു വച്ചു വിൽക്കുന്നതും, കുട്ടികളുടെ ആരോഗ്യ നശിപ്പിക്കുന്ന വിധത്തിലുള്ള മധുര പലഹാരങ്ങളുടെ വില്പന നിയന്ത്രിക്കപ്പെടുക.

17) പഠിക്കുന്ന ഹൈസ്കൂൾ, കോളേജ് യുവവനിതകൾക്ക് അവരുടെ ആരോഗ്യ സ്ഥിതിയെക്കുറിച്ച് CHC യിൽ ഒരു മാസത്തിൽ ഒരു ദിവസം കൂടി വരവ് ബോധവൽക്കരണം നടത്തുക.

18) മദ്യപാനം, മയക്കുമരുന്ന് (തമ്പാക്ക്, നിജാംപാക്ക് മുതലായവ കർശനമായി നമ്മുടെ പഞ്ചായത്തിൽ നിരോധിക്കുക. അങ്ങനെ ചികിത്സ ആവശ്യമുള്ളവർക്ക് CHC നൽകാനുള്ള സംവിധാനങ്ങൾ ഉണ്ടാക്കും. കാരണം ഇവിടെ ഭൂരിഭാഗം ജനങ്ങലും ഈ രോഗത്തിനടിമകളാണ്.

19) വെറ്റിലപ്പാക്ക് (മുറുക്കാൻ) പുകവലി എന്നിവയെ സംബന്ധിച്ചുള്ള ദോഷവശങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുക.

20) കൊതുക്, തെരുവനായ്ക്കൽ എന്നിവയെ നീക്കം ചെയ്യാനുള്ള നടപടി സ്വീകരിക്കുകയും പഞ്ചായത്തിലെ വീട്ടുനായ്ക്കൾ മുഴവൻ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുകയും വേണം.

21. സ്കൂൾ ഹെൽത്ത് പ്രോഗ്രാം സാമൂഹ്യകേന്ദ്രത്തിന്റെ കീഴിൽ ആരോഗ്യ വിദ്യാഭ്യാസപ്രവർത്തകരെ പരിശീലിപ്പിച്ച് അദ്ധ്യാപകരുടെ സഹായ

ത്തോടെ സ്കൂൾ ആരോഗ്യസമിതി രൂപീകരിച്ച് ഹെൽത്ത് പ്രോഗ്രാം നടപ്പിലാക്കണം.

22) മെഡിക്കൽ ക്യാമ്പുകളും, രക്ത ഗ്രൂപ്പുനിർണ്ണയവും നടത്തുക.

കുഷ്ടം, ക്ഷയം, നേത്രരോഗങ്ങൾ, ക്യാൻസർ, തുടങ്ങിയവ നേരത്തെ കണ്ടെത്തുന്നതിനും രക്തഗ്രൂപ്പുകൾ നിർണ്ണയിച്ച് രക്തദാനം പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള ക്യാമ്പുകൾ ആവണം മെഡിക്കൽ ക്യാമ്പുകൾ തുടർ ചികിത്സ വേദിയായി CHC യുമായി ബന്ധപ്പെടുത്തുക.

23) ജനകീയ എയ്ഡ്സ് ബോധവൽക്കരണ ക്യാമ്പുകൾ നടത്തുക.


24) ഗ്രാമശുചീകരണ വാരം.

ഓരോ വാർഡിലും, വൃത്തിഹീനമായിട്ടുള്ള സ്ഥലങ്ങൾ വൃത്തിയാക്കുന്നതിന് വാർഡുതല യുവജനസമിതികൾ, ബാലവേദികുട്ടികൾ തുടങ്ങിയവരെ ബോധവൽക്കരണം നല്കി പുതിയ മൂല്യബോധമുള്ള തലമുറയെ വാർത്തെടുക്കാൻ സാധിക്കും.

25. അഞ്ചുതെങ്ങ് CHC. യിൽ ഒരു ആംബലൻസ്, എക്സ്റേ യൂണിറ്റ് എന്നിവ അനുവദിക്കണം.


26) പ്രകൃതി ചികിത്സാ പരിശീലന കേന്ദ്രം ആരംഭിക്കുകയും അതിനായി 5 പേരെ പ്രകൃതി ചികിത്സാ പഠിക്കാനുള്ള സന്നദ്ധ പ്രവർത്തക ടീമിനെ കണ്ടെത്തുകയും ചെയ്യുക.

ആശംസകൾ . . .





സാമൂഹിക ആരോഗ്യകേന്ദ്രം



ആശാൻ സ്മാരകം

കുടിവെള്ളം പരിസര ശുചീകരണം

പഞ്ചായത്തിലെ ജനങ്ങൾ കുടിവെള്ളത്തിനായി പൊതുകിണർ, ടാപ്പ്, കിണറുകൾ എന്നിവയെയാണ് ആശ്രയിക്കുന്നത്. കൂടുതൽ പേരും പൈപ്പു വെള്ളമാണ് ഉപയോഗിക്കുന്നത്. സ്വന്തകിണറുകൾ ഉപയോഗിക്കുന്നത് 8, 9 വാർഡുകളിൽ ചുരുക്കം പേരാണ്. എങ്കിലും പഞ്ചായത്തിന്റെ എല്ലാ വാർഡുളിലും കുടിവെള്ള ക്ഷാമം ഇപ്പോഴും രൂക്ഷമാണ്. പഞ്ചായത്തിൽ ആകെ ടാപ്പുകൾ 164 എണ്ണവും പൊതുകിണറുകൾ 10 എണ്ണവുമാണുള്ളത്.

പൊതു ടാപ്പുകൾ

വാർഡ്		ഇപ്പോൾ	ആവശ്യമുള്ളത്
1	ടാപ്പുകൾ	13	7
	,,	9	10
2	,,	7	8
3	,,	10	8
4	,,		
5	,,	7	10
6	,,	34	6
7	,,	31	5
8	,,	27	8
9	,,	26	10
		ആകെ 164	**ആകെ 72**

പൊതുകിണറുകൾ

വാർഡ്	കിണറുകൾ
1	1
2	1
3	1
5	1
6	4
7	2
8	2
9	13

ശുദ്ധജല വിതരണം നടത്തുന്നത് ആറ്റിങ്ങൾ വലിയ കുന്നിൽ നിന്നാണ് വക്കം –അഞ്ചുതെങ്ങ് സ്കീം എന്നാണ് പദ്ധതിയുടെ പേര്

വെട്ടൂർ പഞ്ചായത്തിലുള്ള കാക്കാകുഴി പദ്ധതി മുൻപി ടി പഞ്ചായത്തിനുപയോഗപ്പെട്ടിരുന്നു.

1) പൊതു ടാപ്പുകൾ 164 എണ്ണം ഉണ്ടെങ്കിലും അവയിൽകൂടി കൃത്യമായി വെള്ളം ലഭിക്കുന്നില്ല.

2) പൊതുകിണറുകൾ വൃത്തിയാക്കുന്നില്ല.

3) പൊതു ടാപ്പിൽ ഒന്നിടവിട്ടാണ് പൈപ്പു ജലം ലഭി

ക്കുന്നത്.

4) ഓരോ വാർഡിന്റെ പ്രധാന സ്ഥലങ്ങളിൽ ഇനിയും ടാപ്പുകൾ എത്തിയിട്ടില്ല.

നിർദ്ദേശങ്ങൾ

1) 9-ാം വാർഡിൽ മലവിള-ലക്ഷംവീട്ടിൽ ഒരു മിനി കുടിവെള്ള പദ്ധതി നടപ്പിലാക്കണം

2) ആവശ്യം വേണ്ട ടാപ്പുകൾ ഓരോ വാർഡിലും അനുവദിക്കുക.

3) പഞ്ചായത്തിലെ പട്ടികജാതി സങ്കേതങ്ങളിൽ ഉടൻ ടാപ്പുകൾ ഇടുക

4) 6-ാം വാർഡിലെ വാക്കാൻകുള ശുദ്ധീകരിച്ച് മിനി കുടിവെള്ള പ്രോജക്ട് നടപ്പിലാക്കുക.

5) ഉയർന്ന പ്രദേശമായ 9-ാം വാർഡിൽ കിണറുകൾ കുഴിച്ച് മഴവെള്ള സംഭരണം വർദ്ധിപ്പിക്കാം

6) പഞ്ചായത്തു തല അവലോകന ജലസമിതിയും വാർഡു ജലസമിതിയും രൂപീകരിച്ച് ശുദ്ധ-ജല ശുചിത്വ സംവിധാനങ്ങളുടെ ബോധവൽക്കരണ പരിപാടികൾ നടത്തണം.

7) ഓരോ വാർഡിലും പൈപ്പു പരിപാലികമ്മിറ്റികൾ ഉണ്ടാക്കി. പൈപ്പുകളുടെ അറ്റകുറ്റപ്പണികൾക്കുള്ള പരിശീലനം ഒരു വാർഡിൽ 5 പേർക്കെങ്കിലും (വനിതാ) നൽകുക.

8) KWA യഥാസമയം അറ്റകുറ്റപണികൾ നടത്തുക.

9) പൈപ്പിൻ ചുവടുകൾ വൃത്തിയായി സൂക്ഷിക്കുന്നതിന് പ്രത്യേകം ഉത്തരവാദിത്ത്വ സമിതികൾ ഉണ്ടാവണം. അവലോകനം നടത്തുകയും വേണം.

10) വെള്ളമില്ലാതെ അവസരങ്ങളിൽ ടാങ്കർ ലോറികളിൽ ജലം എത്തിക്കുകയും ടാങ്ക് കെട്ടി ജനങ്ങൾക്ക് ഉപയോഗിക്കുന്ന രീതിയിൽ സംവിധാനം ഉണ്ടാക്കുക.

11) കുടിവെള്ളമില്ലാത്തതുമൂലമുണ്ടാകുന്ന പകർച്ച വ്യാധികൾ തടയാനുള്ള സംവിധാനം ഉണ്ടാകണം.

12) 6-ാം വാർഡിലെ, പിള്ളയ്ക്കവിളാകം, തട്ടാന്റെ വിള ചുടുകാട് എന്നിവിടങ്ങളിൽ ഉടൻ ടാപ്പുകൾ സ്ഥാപിക്കുക.

13) എല്ലാ വാർഡിലും സർവ്വേ നടത്തി പുതിയ ടാപ്പുകൾ അത്യാവശ്യം വേണ്ട സ്ഥലങ്ങളിൽ ഇടുക.

14) ഒരു ദിവസം രാവിലെ മുതൽ വൈകുന്നേരം വരെ പൈപ്പുവെള്ളം എത്തിക്കുന്നതിനുള്ള നടപടി ഉണ്ടാകണം.

പുതിയതായി വേണ്ടുന്ന പൊതുടാപ്പുകൾ, ലൈനികൾ

Ward 1

1. അഞ്ചുതെങ്ങ് കോട്ടയ്ക്കു പടിഞ്ഞാറുവശം
2. വേലിമുക്കിനു സമീപം റോഡിനു പടിഞ്ഞാറു വശം

Ward 2

3. ആശുപത്രിക്കു സമീപം (പൊതുകിണർ)
4. ആശുപത്രിക്കു പടിഞ്ഞാറു ലൈൻ നീട്ടി മൂന്നു ടാപ്പുകൾ
5. കോൺവെന്റിനു പടിഞ്ഞാറു വശം രൺ്ു ടാപ്പുകൾ സ്ഥാപിക്കണം.
6. കൊച്ചു പുത്തൻ വീടിനു സമീപം ഒരു ടാപ്പ്
7. തോണിക്കടവിനു സമീപം മിനി ഐസ് പ്ലാന്റിനു താഴെ ഒരു ടാപ്പ്
8. തെരുവിൽ പറമ്പ് പടിഞ്ഞാറു വശം ഒരു ടാപ്പ്
9. അഞ്ചുതെങ്ങ് വലിയ പള്ളിക്കു സമീപം ഒരു അഡീഷണൽ ടാപ്പ്
10. സെന്റ് ജോസഫ് ഹൈസ്കൂളിൽ ഒരു ടാപ്പ്
11. CCയ്ക്കു പിൻവശത്തു ലൈൻ വലിച്ചുടാപ്പ് ഇടുക.
12. കോൺവെന്റിനു വടക്കു വശത്തു വഴിയിലൂടെ ലൈൻ വലിച്ചു ടാപ്പിടുക.
13. തോണിക്കടവ് കൊച്ചു പുത്തൻ വീട് പ്രദേശത്ത് ലൈൻ വലിച്ചു ടാപ്പിടുക.
14. തോണിക്കടവ് TDFA കോളനിയിൽ റോഡിനു കിഴക്കു വശത്ത് ലൈൻ നീട്ടി ടാപ്പിടുക.
15. കുരിശുപറമ്പ് മത്സ്യമേഖലയിൽ നിലവിലുള്ള ലൈനിൽ ഒരു ടാപ്പ്
16. സെന്റ് ജോസഫ് ഹൈസ്കൂളില് മൂന്നു ടാപ്പുകൾ അനുവദിക്കുക.
17. വലിയ പള്ളിക്കു മുൻവശത്തുള്ള പൊതുകിണറിനു സമീപത്തായി ഒരു ടാപ്പ്

18. സ്കൂൾ ഗ്രൗണ്ടിനു പടിഞ്ഞാറു വശത്ത്

Ward 3

19. പഞ്ചായത്താഫീസിനു തെക്കു പടിഞ്ഞാറിൽ ഒരു ടാപ്പ്

20. പഞ്ചായത്താഫീസിനു വടക്ക് പടിഞ്ഞാറ്

21. പഞ്ചായത്താഫീസിനു പിൻവശത്ത് ലൈൻ ഇട്ട് രണ്ട് ടാപ്പിടുക.

Ward 4

22. B.B. L.P.S. ൽ ഒരു ടാപ്പ്

23. മൂപ്പക്കുടി പുരയിടം

24. ചമ്പക്കുട്

25. ചനക്കവിളാകം

26. മുരുക്കുവിളാകം

27. മാടൻ വിളാകത്ത് 2 ടാപ്പ്

28. മുത്തവിളാകം

29. പണ്ടകശാല

30. കുളച്ചവിളാകം

Ward 5

31. മാമ്പള്ളി പള്ളിക്കുസമീപം

32. മുണ്ടുതുറ

33. കപാലീശ്വരം

34. കൊച്ചുകിണറ്റിൻമൂട്

Ward 6

35. പിള്ളയ്ക്കവിളാകം

36. കുന്നപുറം പുരയിടം

37. തട്ടാന്റെ വിള പുരയിടം

38. മീരാന്റെ വിള പുരയിടം

39. അശോകസദസിനു സമീപം (ചുടുകാട് വാട ത്തോപ്പിൽ)

Ward VII

40. പോലയ്ക്കൽ ലക്ഷം വീടിനു സമീപം

41. മണ്ണാക്കുളത്തു നിന്നും മണ്ണത്തേയ്ക്കു പുതിയ തായി ലൈൻ വലിച്ചു ടാപ്പിടുക

42. താഴിളാകത്തു പുതുതായി ലൈൻ വലിച്ചു പുതിയ ടാപ്പ്

43. വടക്കുവിളാകത്തു പുതിയ ടാപ്പ്

44. വലിയവിളാക്കതുനിന്നും ഓലു വിളാക ത്തേയ്ക്ക് ഒരു പൈപ്പ്

Ward VIII

45. കൊച്ചു ചാന്നാൻ വിളാകം പുതുതായി ലൈൻ വലിച്ചു ടാപ്പ്

46. കൊച്ചുകുളങ്ങര പുതിയ ലൈൻ വലിച്ചു ടാപ്പ്

47. ചാത്തിയോട് കടപ്പുറം – പുതിയലൈൻ

48. കൊച്ചു ചാത്തിയോട്

49. കായിക്കര കയർസംഘം

50. കൊച്ചുതൊടി പുതിയ ലൈൻ വലിച്ചു ടാപ്പ്

Ward IX

51. മലവിള ലക്ഷം വീടിനു കുടിവെള്ളം (ഉയർന്ന പ്രദേശം)

(വാട്ടർ സപ്ലൈ സ്കീമ നടപ്പിലാക്കണം)

52. കാമവിളാകം ഇടവഴിക്ക ഒരു ടാപ്പ്

53. കൈമുണ്ടൻ വിളാകം

പരിസര ശുചീകരണം

പഞ്ചായത്തിലെ [illegible] ങ്ങൾക്കും കക്കൂസുണ്ട്. SEU നേതൃത്വത്തിൽ [illegible] പ്രാവശ്യമായി 999 കക്കൂസുകൾ നിർമ്മിച്ചുനൽകിയിട്ടുണ്ട്. SEU ലും കഴിഞ്ഞ പഞ്ചായത്തുകമ്മിറ്റിയും മൂന്നു നേതൃത്വം നല്കിയ സ്ത്രീകൾക്കുമാത്രമുള്ള സ്വാശ്രയ ആശ്വാസകേന്ദ്രം (പൊതു കക്കൂസ്) എടുത്തുപറയാവുന്ന മാതൃകയായയി പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു. വീടും പരിസരവും വൃത്തിയാക്കിവെയ്ക്കാൻ പഠിപ്പിക്കണം, പൊതു സ്ഥലങ്ങൾ വൃത്തികേടാക്കുന്ന രീതി മാറ്റണം. പരിസര ശുചിത്വമില്ലായ്മയ്ക്ക് ഒരു പ്രധാനകാരണം തീര പ്രദേശത്തെ സ്ഥലമില്ലായ്മയാണ്. പൈപ്പുകൾ അറ്റകുറ്റ പണികൾ വന്നാൽ ഉടനടി റിപ്പയർ തീർക്കുന്നിൽ. വെള്ളം ഒഴിക്കിവിടുന്നതിനുള്ള ഓടയില്ല. ഉള്ള ഓടകൾ തന്നെ അടച്ചു വച്ചിരിക്കുന്നു. ആയതിനാൽ പഞ്ചായത്തിലെ തീരപ്രദേശ വാർഡുകളിൽ പൊതു കക്കൂസ് ഇനിയും അനിവാര്യമാണ്.

പ്രശ്നങ്ങൾ

1. 8-ാം വാർഡിൽ കോവിൽത്തോട്ടം ക്ഷേത്രത്തിനു സമീപം മാടൻ കാവിൽ വെള്ളം ഒഴുകിപ്പോകുന്നില്ല.
2. ഗ്രാമപഞ്ചായത്തിന്റെ പല ഭാഗങ്ങളിലും ചപ്പുചവറുകൾ കൂട്ടിയിടുന്നതിനാൽ ദുർഗന്ധവും കൊതുകു ശല്യവും ഉണ്ടാകുന്നു.
3. പൊതു ചന്ത അനുയോജ്യമായ സ്ഥലത്തല്ല.
4. ഗ്രാമ പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ കെട്ടികിടക്കുന്ന മലിന ജലം ഒഴുക്കി വിടുന്നതിനുള്ള സൗകര്യ ഇല്ല.
5. മാർക്കറ്റിൽ ചവറുകൾ ഒരുമിച്ചിട്ട് സംസ്കരിക്കാനുള്ള സംവിധാനമില്ല.

നിർദ്ദേശങ്ങൾ

1. സ്വന്തമായി കക്കൂസില്ലാത്തവർക്ക് അവ നൽകണം
2. പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ വെള്ള ഒഴുകിപ്പോകുന്നതിനുള്ള ഓടകൾ കെട്ടുക.
3. ചവറു കുനകൾ ഉണ്ടാക്കി മാലിന്യം സംസ്കരിച്ച് ജൈവ വളത്തിനുവേണ്ടിയുള്ള സംവിധാനങ്ങൾ ഉണ്ടാക്കുക.
4. 1, 2, 3, 4, 5, വാർഡുകളിൽ സ്ത്രീകൾക്കു മാത്രം ഓരോ പൊതു കിണർ അത്യാവശ്യമാണ്.
5. റോഡിന്റെ ഇരു വശങ്ങളിൽ മലിനജലം ഒഴുക്കുന്നതിനുള്ള ഓടകൾ സ്ഥാപിക്കുക.
6. റോഡിന്റെ ഇരു വശങ്ങളിലും റോഡിനായി നീക്കി വച്ചിട്ടുള്ള സ്ഥലം സംരക്ഷിച്ച ഗതാഗതം സുരക്ഷിതപ്പെടുത്തുക.
7. മറ്റുള്ളവർക്ക് ശല്യമാകുന്ന രീതിയിലുള്ള മൈക്രോഫോൺ ഉപയോഗം നിർത്തലാക്കണം.
8. ഒരു സെറ്റ് ഉപയോഗിക്കുന്നതിന് പഞ്ചായത്തിൽ നിന്നും അനുവാദം മേടിച്ചു ഫീസ് അടയ്ക്കുന്ന സംവിധാനം ഉണ്ടാക്കുക.
9. സീവാളിന്റെ പുറത്തും അതിനു താഴെയുമായി നിലവിലുള്ള വീടുകൾ മാറ്റി തീരദേശം സംരക്ഷിക്കുക.
10. പടിഞ്ഞാറു ഭാഗത്ത് സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക.
11. റോഡിന്റെ ഇരുവശങ്ങളിലും, ജംഗ്ഷനിലും ഐസിട്ട് മീൻ വ്യത്തിയാക്കുന്നത് തടയുക.
12. 2 -ാം വാർഡിൽ വിശാലമായ സ്കൂൾ ഗ്രൗണ്ട് സംരക്ഷിക്കുകയും കുട്ടികൾക്കും യുവാക്കൾക്കുമായി ഉപയോഗപ്പെടുത്തുക.
13. പരിസര ശുചിത്വ ജല ജന്യ രോഗങ്ങളെക്കുറിച്ച് ബോധവൽക്രണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.
14. സീവാളിനു താഴെയുള്ള മേഖലകളിൽ മീനുകൾ ഐസിടുന്നതിന് താല്ക്കാലിക ഫ്ളാറ്റഫാറം ഉണ്ടാക്കുക.
15. കയർ തൊഴിലാളികൾക്ക് അവരുടെ ജോലി സ്ഥലങ്ങളിൽ കിണർ കുഴിക്കുകയും ജോലി കഴിഞ്ഞാൽ കുളിക്കുന്നതിനും, വസ്ത്രങ്ങൾ അലക്കുന്നതിനും വേണ്ടി കുളിമുറികൾ സ്ഥാപിക്കുക.
16. ചന്തകളിൽ മത്സ്യം വിൽക്കുന്ന സ്ത്രീകൾക്ക് കുളിക്കുന്നതിനും, പ്രാഥമികാവശ്യങ്ങൾക്കുമുള്ള സംവിധാനം ഉണ്ടാക്കുക.
17. കൊച്ചുമേത്തൻ കടവിലെ അഴുക്കുകൾ നീക്കം ചെയ്യുകയും, ജംഗ്ഷനിലെ അഴുക്കുകളും മാറ്റുകയും വേണം.

അഞ്ചുതെങ്ങ് ജംഗ്ഷൻ

വിദ്യാഭ്യാസം

കേരളത്തിലുടനീളം നിലവിലുണ്ടായിരുന്നതു പോലെ കുടിപ്പള്ളി കുട സമ്പ്രദായമാണ് നമ്മുടെ പഞ്ചായത്തിലും നിലവിലിരുന്നത് 1924 മുതൽ നെടുങ്കണ്ട ഹൈസ്കൂൾ പ്രവർത്തനം ആരംഭിച്ചുവെന്ന് കാരണവന്മാർ പറയുന്നു. അഞ്ചുതെങ്ങ് പഞ്ചായത്തിൽ നിലവിൽ 2 ഹൈസ്കൂളുകളും 3 യുപി.സ്കൂളുകളും 5 എൽ. പി. സ്കൂളുകളും പ്രവർത്തിക്കുന്നു. ഒരു ഇംഗ്ലീഷ് മീഡിയം യു.പി. സ്കൂളും ഉണ്ട്.

എൽ.പി. സ്കൂളികളിലേയ്ക്കും, യു.പി. എസ്സിന്റെയും വിദ്യാഭ്യാസ നിലവാരം ഏറെകുറെ ഈ പഞ്ചായത്തിൽ എല്ലാ വിദ്യാലയങ്ങളേലേയും മോശമാണ്.

രണ്ട ഹൈസ്കൂളിലേയും നിലവാരം കഴിഞ്ഞ വർഷങ്ങളിൽ മെച്ചപ്പെട്ടുവരികയാണ്.

നമ്പർ	സ്കൂളിന്റെ പേര്	ഉടമസ്ഥത	വിദ്യാർത്ഥികൾ		ആകെ	ആദ്യാപകരുടെ എണ്ണം
			ആൺ	പെൺ		
1.	എസ്സ്.എച്ച്.സി.യു.പി. സ്കൂൾ	അൺ എയിഡഡ്	54	242	296	10
2.	സെന്റ് ജോസഫ്സ് ഹൈസ്കൂൾ	എയിഡഡ്	765	268	1033	30
3.	എസ്സ്.എൻ.വി. ഹൈസ്കൂൾ, നെടുങ്ങണ്ട	എയിഡഡ്	482	456	938	37
4.	ആശാൻ മെമ്മോറിൽ ഗവ.എൽ.പി. സ്കൂൾ കായിക്കര	സർക്കാർ	69	64	133	4
5.	എം.എം.എം. ഗവ. എൽ.പി. സ്കൂൾ, നെടുങ്കണ്ട	സർക്കാർ	110	122	232	9
6.	സെന്റ് അലേഷ്യസ് സ്കൂൾ എൽ.പി.സ്കൂൾ, മാമ്പള്ളി	എയിഡഡ്	154	141	295	8
7.	ബോർഡ് ബോയിൽ എൽ.പി. സ്കൂൾ	സർക്കാർ	74	67	141	5

കുട്ടികളുടെ കൊഴിഞ്ഞുപോക്ക് കൂടുതലും സ്കൂളിന്റെ എത്താത്ത ഒട്ടനവധി പേരും ഈ പഞ്ചായത്തിൽ ഉണ്ട്. കൊഴിഞ്ഞ് പോക്ക് തീരപ്രദേശത്താണ് കൂടുതലായി കാണുന്നത്. സാമ്പത്തിക-സാമൂഹ്യ-ഗാർഹിക പ്രശ്നങ്ങൾ ഇവരുടെ കൊഴിഞ്ഞുപോക്കിനു കാരണായിത്തീരുന്നു. പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിനു മുമ്പ് തന്നെ വിവിധ തൊഴിൽ മേഖലകളിൽ പണിയെടുക്കുന്നതിന് അവർ നിർബന്ധിതരാകുന്നു.

ഭൗതികസാഹചര്യങ്ങളുടെ ലഭ്യത വളരെ പ്രധാനപ്പെട്ടതാണ് ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്ന കാര്യത്തിൽ അദ്ധ്യാപക-രക്ഷകർതൃ സംഘടനകൾക്ക് വലിയ പങ്ക് വഹിക്കാൻ കഴിയും. ഒരു സ്കൂൾ വിദ്യാർത്ഥികളുടേയും അദ്ധ്യാപകരുടേയും മാത്രമാണെന്ന മിഥ്യാധാരണ മാറണം. സർക്കാർ നൽകുന്ന വിഭവങ്ങൾ മാത്രം ഉപയോഗിച്ച് ഒരു സ്കൂളിനു നിലവാരം മെച്ചപ്പെടുത്താൻ കഴിയില്ല. സ്കൂൾ ഒരു പൊതുസ്ഥാണെന്ന ധാരണ സമൂഹത്തിനുണ്ടാകേണ്ടിയിരിക്കുന്നു. ഭൗതികാസാഹചര്യങ്ങൾ പ്രധാനമായും എൽ.പി. സ്കൂളുകളിലാണ്. കുറവായി കാണുന്നത്. ക്ലാസ് മുറികൾ പലതും കുട്ടികൾക്ക് ശ്രദ്ധയുണ്ടാകുന്ന തരത്തിലല്ല കെട്ടിടങ്ങളുടെ പൊതു അവസ്ഥ. മൂത്രപ്പുര, കക്കൂസ്, എന്നിവയുടെ ലഭ്യത, കുടിവെള്ള ലബ്യത, പർണീച്ചർ, ലബോറട്ടറി ലൈബ്രറി തുടങ്ങിയവ ഒരു വിദ്യാലത്തെ സംബന്ധിച്ചിടത്തോളം പരമ പ്രധാനമാണ് അക്കാദമിക് സൗകര്യങ്ങൾ പരിശോധിച്ചാൽ എൽ.പി. വിഭാഗത്തിലെ കുട്ടികളുടെ 45 % മിനിമം മാർക്ക് നേടാൻ കഴിയാത്ത രീതിയുണ്ട്. എൽ.പി. വിഭാഗത്തിലെ കുട്ടികൾ നിരക്ഷരതയോട് അടുത്ത് നിൽക്കുന്നവരാണ്. ഹൈസ്കൂൾ-യു.പി. നിലവാരത്തിലും വിജയശതമാനത്തം താഴ്ന്നുവരുന്നു. ഓർമ്മ പരിശോധന മാത്രമായി ചുരുങ്ങുന്ന പരീക്ഷാ രീതിയും സർഗ്ഗവാസനകങ്ങൾ വളർത്താൻ ഉപകരിക്കാത്ത ബോധനമാർഗ്ഗങ്ങളും ഇതിന് കാരണമാകാം. അദ്ധ്യാപക-രക്ഷകർത്താക്കളുടെ സമിതി.

സ്കൂളുകളുടെ ജനപങ്കാളിത്തം നേടുന്നതിന് പി.ടി.എകൾക്ക് നിർണ്ണായകമായ പങ്കുണ്ട്. എല്ലാ സ്കൂളിലേയും പി.ടി.എകൾ യഥാസമയം കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. പഞ്ചായത്തിലെ സ്കൂളുകളുടെ അക്കാദിക്കും ഭൗതികമായ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടി പഞ്ചായത്ത് തലത്തിൽ വിദ്യാഭ്യാസ സമിതികൾ ആലോചിക്കാവുന്നതാണ്.

നിരവധി വിദ്യാലയങ്ങളും, അനേകം വിദ്യാസമ്പന്നരും നമുക്കുണ്ടെങ്കിലും, പഞ്ചായത്തിലെ എല്ലാ വാർഡുകളിലും നിരക്ഷരുടെ എണ്ണം കുടുതലാണ്. തൊണ്ണൂറിലെ സാക്ഷരതാ യജ്ഞത്തിന്റെ ആവേശം നിലനിർത്താൻ കഴിയാതെ പോയതിനാൽ നവസാക്ഷരർ ക്രമേണ നിരക്ഷരരായി പഞ്ചായത്തിൽ മൊത്തം 50% നിരക്ഷരരുണ്ട്. സ്കൂൾ തലത്തിലുള്ള നിരക്ഷരരുടെ എണ്ണം പഞ്ചായത്തിൽ കൂടി വരുന്നു. വിദ്യാർത്ഥികളുടെ പഠനനിലവാരം ആസാവഹമല്ല. നിരവധി വസ്തുകൾ വിദ്യാഭ്യാസ നിലവരം താഴ്ന്നതിന് കാരണമായി ചുണ്ടിക്കാണിക്കാം. സമരങ്ങൾ, ടെലിവിഷന്റെ അതിപ്രസരം, നിലവാരം കുറഞ്ഞ പ്രസിദ്ധീകരണങ്ങളുടെ പ്രചാരണം, ആരോഗ്യപ്രശ്നങ്ങൾ, മോശമായ ഗൃഹാന്തരീക്ഷം, വിദ്യാലയത്തിലെ ഭൗതിക സാഹചര്യങ്ങളിലെ അപര്യാപ്തത, അശാസ്ത്രീയമായ പരീക്ഷാ സമ്പ്രദായം ശക്തമല്ലാത്ത പി.ടി.എ., പഞ്ചായത്തു ഭരണ സമിതിയുടെ നോട്ടക്കുറവ്, തുടങ്ങിയവ വിദ്യാഭ്യാസ നിലവാരം താഴുന്നതിന് കാരണമായിതീരുന്നു.

കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ ശാസ്ത്രമാസികകളായി യുറീക്കയും, ശാസ്ത്രകേരളവും യഥാക്രമം 48 ഉം 10ഉം പഞ്ചായത്തിൽ വിറ്റഴിക്കപ്പെടുന്നു. ബാലസംഘത്തിന്റെ തത്തമയും 35 എണ്ണം പ്രചാരത്തിലുണ്ട്. പരിണഷത്തിന്റെ വിജ്ഞാനോത്സവം പഠന നിലവാരം മെച്ചപ്പെടുത്തുന്നതിൽ സഹായിക്കുന്നു. പാഠ്യേതര പ്രവർത്തനങ്ങൾ വളരെ കുറച്ചേ നടക്കുന്നുള്ളു.

പ്രശ്നങ്ങൾ ഗ്രാമസഭയിൽ നിന്ന്

1) സ്കൂളുകളിൽ ലൈബ്രറി സൗകര്യം ഇല്ല. ഗ്രൗണ്ടില്ല്. കളിക്കാൻ ഉപകരണങ്ങളില്ല്. പടനസൗകര്യമില്ല, പഠനാന്തരീക്ഷമില്ല.

2) സ്കൂളുകലിൽ ആവശ്യത്തിന് അദ്ധ്യാപകർ ഇല്ല.

3) അക്ഷരം അറിയാത്ത് കുട്ടികൾ 60% വരും

4) സ്കൂളുകളിൽ കക്കുസ്, കുടിവെള്ളം സൗകര്യം ഇല്ല.

5) അഞ്ചുതെങ്ങ്, പഞ്ചായത്ത് സ്കൂളുകളിൽ ഹയർസെക്കണ്ടറിയില്ല

6) ട്യൂഷൻ സെന്ററും, കമ്പ്യൂട്ടർ കോഴ്സും നടത്തുന്ന സ്ഥാപനങ്ങൾ ഇല്ല.

7) നിർദ്ദനരായ വിദ്യാർത്ഥികൾക്ക് തുടർന്ന് പഠിക്കാൻ സാധിക്കുന്നില്ല.

8) എട്ട് അങ്കണവാടികൾ പ്രവർത്തിക്കുന്നുവെങ്കിലും അവയുടെ പ്രവർത്തനം തൃപ്തികരമല്ല.

9) സ്കൂൾ കെട്ടിടത്തിന്റെ മെയിന്റനൻസ് സമയാസമയങ്ങളിൽ നടക്കുന്നില്ല.

10) വിദ്യാഭ്യാസ നിലവാരം താഴുന്നു. കാലഹരണപ്പെട്ട് ബോധനരീതി തുടങ്ങുന്നതിനാൽ വിരസത വർദ്ധിക്കുകയും, കുട്ടികൾക്ക് പഠനത്തിൽ താൽപര്യം കുറയുകയും ചെയ്യുന്നു.

11. മൂല്യനിർണ്ണയരീതി അശാസ്ത്രീയമാണ്.

12. സ്കൂളുകളുമായി ബന്ധപ്പെട്ടു വൻരക്ഷകർത്താക്കൾ വിമുഖത കണിക്കുന്നു.

13. ഭൗതിക സാഹചര്യങ്ങൾ തീരെ അപര്യാപ്തമാണ്.

14 ഹെഡ് മാസ്റ്റർമാർക്ക് ക്ലെറിക്കൽ ജോലികൾ ചെയ്യേണ്ടിവരുന്നതിനാൽ പഠന പ്രവർത്തനത്തിൽ ശ്രദ്ധിക്കുവാൻ ചില ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

15. ബി.ബി.എൽ.പി. സ്കൂളിലെ ചുറ്റുമതിൽ ഇല്ലാത്തത് വളരെ പ്രശ്നം സൃഷ്ടിക്കുന്നു.

16. ശിശു വിദ്യാഭ്യാസം ഫലപ്രദമായി നടക്കുന്നില്ല.

17. അക്ഷരജ്ഞാനത്തിന്റെ കുറവു പ്രൈമറി ക്ലാസ്സിലെ കുട്ടികളിൽ വ്യാപകമായി കാണുന്നു.

നിർദ്ദേശങ്ങൾ

1. സ്കൂളുകൾ ആകർഷണീയമായിരിക്കണം

2. അഞ്ചുതെങ്ങ് ബി. ബി. എൽ. പി. എസ്സിന്റെ ചുറ്റുമതിൽ ഉടൻ നിർമ്മാണം.

3. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുകതന്നെ വേണം.

4. ആവശ്യത്തിന് ക്ലാസ്സ് മുറികളും, വേണ്ടത്ര ഫർണിച്ചറും ഉണ്ടായിരിക്കണം. സ്കൂൾ പി. ടി. എ. ഊർജ്ജിതവായി പ്രവർത്തിക്കുകയാണെങ്കിൽ ഈ പ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കാം.

5. വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുവാനും പി. ടി. എ യുടെ പ്രവർത്തനം അത്യാവശ്യമാണ്. പി. ടി. എ യിൽ വിദ്യാർത്ഥി പ്രതിനിധികളും ഉണ്ടാകുന്നത് അഭികാമ്യമാണ്.

6. എൽ. പി. സ്കൂളുകളിലെ ബഞ്ചുകളിൽ ചാരു ഘടിപ്പിക്കുക

7. എല്ലാ വിദ്യാലയങ്ങളിലും ഭൗതിക സൗകര്യങ്ങളായ കക്കൂസ്, മൂത്രപ്പുര, കളി സ്ഥലങ്ങൾ എന്നിവ നിർമ്മിക്കുക.

8. അഞ്ചുതെങ്ങ് പഞ്ചായത്തിലെ കുട്ടികളെ പഞ്ചായത്തിലെ സ്കൂളുകളിൽ പഠിപ്പിക്കുവാൻ രക്ഷകർത്താക്കളെ ബോധവാന്മാരാക്കുക.

9. ക്ലാസ്സ് പി.ടി.എ നടത്തണം, ഇത് ഒരു മാസത്തിൽ ഒരു തവണയെങ്കിലും സംഘടിപ്പിക്കുക.

10. രക്ഷിതാക്കൾ നിരന്തരം അദ്ധ്യാപകരുമായി സമ്പർക്കം പുലർത്തുന്നതിന് ഒരു ടൈംടേബിൾ പരിപാടി തീരുമാനിക്കുക.

11. മാതൃസംഗമം, വിദ്യാജ്യോതി പരിപാടികളിൽ കൂടുതൽ രക്ഷകർത്താക്കളെകൂട്ടിയിണക്കുക.

12. പഞ്ചായത്തിലെ ഫ്രെണ്ട്സ ലൈബ്രറി ഉടൻ പ്രവർത്തനമാക്കുക.

13. തുടർ വിദ്യാഭ്യാസപരിപാടിയെന്ന നിലയിൽ ജന വിദ്യാകേന്ദ്രങ്ങൾ ശക്തിപ്പെടുത്തുക.

14. പുസ്തകങ്ങൾ വായിക്കാൻ വീട്ടിൽ എത്തിച്ച് സ്ത്രീകളുടെ വായനാശീലം വളർത്തുക.

15. പഞ്ചായത്തിലെ ഏതെങ്കിലും ഒരു വാർഡിൽ പഞ്ചായത്തു മെമ്പറുടെ നേതൃത്വത്തിൽ വിദ്യാഭ്യാസപ്രവർത്തകരും, സാമൂഹ്യപ്രവർത്തകരും യോജിച്ച് എല്ലാ വിദ്യാർത്ഥികളുടേയും രക്ഷീതാക്കളെ നേരിൽക്കണ്ട് ബോധവൽക്കരണം നടത്തി കുട്ടികളുടെ വിദ്യാഭ്യാസ പുരോഗതി നേടിയെടുക്കുവാൻ ഒരു ശ്രമം നടത്തിനോക്കണം.

16. പഞ്ചായത്തുതലത്തിൽ സ്കൂൾ കോംപ്ലക്സുകൾ രൂപീകരിക്കുകയും ഫലപ്രദമായി പ്രവർത്തിപ്പിക്കുകയും വേണം.

17. പ്രായോഗിക പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പരീക്ഷാ സമ്പ്രദായം നടപ്പിൽ വരുത്തുക.

18. അദ്ധ്യാപക നിലവാരം മെച്ചപ്പെടുത്തുന്നതിനു വേണ്ടി പഞ്ചായത്തുതലത്തിൽ റിഫ്രഷൻ കോഴ്സുകൾ നടത്തുക.

19. എല്ലാ വിദ്യാലയങ്ങളിലും കായിക അദ്ധ്യാപകരെ നിയമിക്കുകയും വിദ്യാർത്ഥികൾക്കായി പഞ്ചായത്തു തലത്തിൽ കലാ-കായിക മത്സരങ്ങൾ നടത്തുകയും ചെയ്യുക.

20. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം ഒന്നിനു മുപ്പത് എന്ന ക്രമത്തിലാക്കുക.

21. സ്കൂൾ ഹെൽത്ത് പ്രോഗ്രാം കാര്യക്ഷമമാക്കുക.

22. പഞ്ചായത്തിൽ കമ്പ്യൂട്ടർ പഠനം ഉൾപ്പെടുന്ന ഒരു ഐ. ടി. ഐ കേന്ദ്രം സ്ഥാപിക്കുക.

23. പി. ടി. എ. കളും, മാതൃസംഗമങ്ങളും കാര്യക്ഷ

മമായി പ്രവർത്തിക്കുന്നു എന്ന് പഞ്ചായത്തു ഉറപ്പുവരുത്തുക.

24. കൊഴിഞ്ഞു പോകൽ, വിദ്യാലയങ്ങളിലേയും കുടുംബങ്ങളിലേയും ഭൗതികസാഹചര്യം സാമ്പത്തികനില, സാമൂഹിക സ്ഥിതി കുട്ടുകളുടെ അഭിരുചി എന്നിവയെല്ലാം മനസ്സിലാക്കുന്നതിന് സമഗ്രവിദ്യാഭ്യാസ സർവ്വേ നടത്തുക. പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനും കൊഴിഞ്ഞു പോക്ക് തടയുന്നതിനും കഴിയും.

25. പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി അദ്ധ്യാപകർ, വിദ്യാഭ്യാസവിചക്ഷണർ, പി. ടി. എ. പ്രസിഡന്റുമാർ പഞ്ചായത്തു ഭരണ സമിതി അംഗങ്ങൾ, സന്നദ്ധ പ്രവർത്തകർ, കേരള ശാസ്ത്രസാഹിത്യ പരിഷത്ത് പ്രതിനിധി എന്നിവരെ ഉൾപ്പെടുത്തി ഒരു വിദ്യാഭ്യാസ സമിതി രൂപീകരിക്കുക. ഇതിലൂടെ വിദ്യാഭ്യാസം ജനകീയമാക്കുക എന്ന ലക്ഷ്യത്തിലെത്തിച്ചേരാം.

26. തുടർവിദ്യാഭ്യാസത്തിന് കൂടുതൽ സൗകര്യങ്ങൾ ജനവിദ്യാകേന്ദ്രങ്ങളിൽകൂടി മെച്ചപ്പെടുത്തുവാൻ ശ്രമിക്കുക.

27. നവീന ബോധനരീതികളും പഠനോപകരണങ്ങളും ഉപയോഗിച്ച് പഠനം ഫലപ്രദവും രകസരവുമാക്കുക.


28. സയസ്കോർണ്ണർ, പൂർവ്വവിദ്യാർത്ഥിസമിതി നേച്ചർ ക്ലബ്ബുകൾ തുടങ്ങിയവയുടെ പ്രവർത്തനം ആരംഭിച്ച് മെച്ചപ്പെടുത്തുക.

29. അങ്കണവാടിയുടെ പ്രവർത്തനം പഞ്ചായത്തിലെ സാക്ഷരതാകോ- ഓർഡിനേറ്ററുടെ നേതൃത്വത്തിൽ പഞ്ചായത്തു കമ്മിറ്റി അവലോകനം നടത്തുക.


30. കൃഷി ചെയ്യാൻ കുട്ടികൾക്ക് ആഭിമുഖ്യം ഉണ്ടാക്കുന്നതിന് എല്ലാ സ്കൂളുകളിലും പച്ചക്കറിത്തോട്ടം ഉണ്ടാക്കുകയും പഞ്ചായത്ത് അടിസ്ഥാനത്തിൽ സമ്മാനം ഏർപ്പെടുത്തുകയും ചെയ്യുക.

31. C.H.C. യിലെ എം. എസ്സ്. എസ്സ്. പ്രവർത്തകരെ ആരോഗ്യവിദ്യാഭ്യാസത്തിന്റെ ഭാഗമായി അവലോകനം പഞ്ചായത്തിൽ വിളിച്ച് സാക്ഷരതാ തുടർവിദ്യാഭ്യാസ പരിപാടിയുടെ വോളന്റിയർമാരാക്കി പ്രവർത്തനം അവലോകനം നടത്തുക.

ആശംസകൾ . . .







സംസ്കാരം

1928 മുതൽ സമ്മിശ്ര സാംസ്കാരിക ബോധം നിലനിന്നിരുന്നു. ആദ്യത്തെ അഞ്ചു തെങ്ങിലെ സിറ്റി സൺ എന്ന് അറിയപ്പെട്ടിരുന്നവർ അരയൻമ്മാർ ആയിരുന്നു (മരയ്ക്കാർ ഇവരുടെ തൊഴില്ഡ മത്സ്യ ബന്ധനവും, കയർ വ്യവസായവും മായിരുന്നു. കോട്ട സ്ഥാപിക്കാൻ വന്നവരായ ബ്രാഹമണന്ഡ മാർക്ക് മഠമായി മാമ്പള്ളിയും ആരാധിക്കാൻ അമ്മകോവിലും മുത്തുമാരിയമ്മൻ കോവിലും സ്ഥാപിക്കപ്പെട്ടു. പഴയ രേഖകളിൽ സാംസ്കാരിക പാരമ്പര്യത്തിനായി 1948 ൽ വോൾഗാതീയേറ്റർ (ഇപ്പഴത്തെ ഗ്രൗണ്ടിനു സമീപാ) ഉണ്ടാക്കിയെങ്കിലും നീണ്ടു നിന്നില്ല. ഒരു വർഷം മാത്രമേ നിലനിന്നുംള്ളു. ആറാം വാർഡിൽ ചെക്കുംമൂട് കേന്ദ്രമാക്കി പ്രസിദ്ധമായ കഥകളി കേന്ദ്രം ഉണ്ടായിരുന്നവെന്നും പ്രസിദ്ധമായ ഗുസ്തി മത്സരവും നടന്ന സ്ഥലവും അഞ്ചുതെങ്ങ് കായലിൽ വള്ളം കളിയും നടന്നിരുന്നു വെന്ന് സൂചിപ്പിക്കുന്നു.

ഉൽകൃഷ്ടമായ ഒരു പപാരമ്പര്യത്തിന് പോരാട്ടം നല്കിയ പ്രദേശമായിരുന്നു അഞ്ചുതെങ്ങ്. ഫുൾ സൂട്ടും തൊപ്പിയും അണിഞ്ഞ പെൺകുട്ടികളും പുരുഷൻമാരും ഈ കടടലോര ഗ്രാമത്തിന്റെ വീഥികളിൽ നടന്നിരിന്നു.

അടിസ്ഥാന വർഗ്ഗത്തിന് അമ്പലങ്ങളിൽ ആരാധന നടത്താനും, പൊതു വഴിയിൽ കൂടിനടക്കാനും മാറു മറയ്ക്കാനും സ്വാതനന്ത്ര്യമില്ലാതിരുന്ന കാലത്ത് ക്ഷേത്ര പ്രവേശന വിളംബരത്തിലൂടെ ഒരു സാമൂഹിക സ്ഫോടനം നടത്താൻ ചിത്തിര തിരുന്നാളിന് കഴിഞ്ഞു.

മതമേതായാലും മനുഷ്യൻ തന്നായാൽ മതി എന്ന ഉദ്ബോധനത്തിലൂടെ സാമൂഹ്യ അനീതിത്തെതിരെ പോരാടിയ ശ്രീ നാരായണ ഗുരുദേവൻ 75 കൊല്ലങ്ങൾക്ക് മുമ്പ് അഞ്ചുതെങ്ങ് ശ്രീ ജ്ഞാനേശ്വര ക്ഷേത്രവും സ്വാമി മഠത്തിലും പ്രതിഷ്ഠ സ്ഥാപിച്ചതും ഈ ഗ്രാമത്തിലാണ്. വിപ്ലവത്തിന്റെ വെടിച്ചില നക്ഷത്രമായിരുന്ന വക്കം മൗലവി സ്വാതന്ത്ര്യസമരത്തിനായി മറാകരി സ്വരൂപിച്ചതും ഈ കൊച്ചുഗ്രാമത്തിലാണ്. ഭാരതസ്വാതന്ത്ര്യത്തിന്റെ ആദ്യ വെല്ലു വിളികളായി ബ്രിട്ടീഷുകാരന്റെ [illegible] ഈ കൊച്ചു ഗ്രാമത്തിന്റെ വീരമാറിലാണ്.

ജാതി – മതഘടന

പഞ്ചായത്തിൽ മത്സ്യ തൊഴിലാളികളായ ലാറ്റിൻ കത്തോലിക്കരും, റോമൻ കത്തോലിക്കരും ഹിന്ദുക്കളും, 100 ഓളം മുസ്ലീം കുടുംബവുമുള്ളതാണ്. അഞ്ചുതെങ്ങ് ഗ്രാമം. എല്ലാ നാനാ ജാതി മതസ്ഥരും ഒരുമയോടെ ജീവിക്കുന്നതു കൊണ്ട് മത സൗഹാർദം നിലനിൽക്കുന്നു. ഇവിടെ വർഗ്ഗീയ ലഹളകൾ ഉണ്ടായില്ലായെന്നുള്ളത് ഈ കൊച്ചു ഗ്രാമത്തിന്റെ പ്രത്യേകതയാണ്.

ഉത്സവങ്ങൾ

അനേകം ഹിന്ദു ആരാധനാലായങ്ങൾ ഇവിടെ ഉണ്ട് ശ്രീ ജ്ഞാനേശ്വര ക്ഷേത്രം, സ്വാമീമഠം അമ്മൻ കോവിൽ, മുത്തുമാരിയമ്മൻ കോവിൽ ഇളയമ്മൻ നട, തങ്ങളുപ്പാപ്പൻ നട പഴയ നടസ 9 വാർഡജ് 6 ഃ മുടിപ്പുര ക്ഷേത്രം (7) കടകത്ത് കപാലീശ്വരം ക്ഷേത്രം. കായികക്കരനാച്ചി വിളാകം, മുലൈത്തോട്ടം, കോവിൽത്തോട്ടം ഏറത്ത്, ദൈവത്തും വാതുക്കൽ (വാർഡ് 8) വിടുതല വിളാകം, ഊരാൻ താഴ, വിളയിൽ താഴെ, വിളയിൽ, പ്ലാന്തോട്ടം, കളരിയിൽ (വാർഡ് 9) എന്നീ ക്ഷേത്രങ്ങളും ഉണ്ട്. ഈ ക്ഷേത്രങ്ങളിൽ ഭൂരിഭാഗവും ജനങ്ങളിൽ സംഭാവന സ്വീകരിച്ച് ഉത്സവം നടത്തുന്നവയാണ്.

മുസ്ലീം ആരാധനാലയമായി നെടുങ്ങണ്ടത്ത് ജുമാ മസ്ജിദ്, മുസ്ലീ ജമാഅത്ത് പള്ളി മാത്രമാണ് ഇവിടെയുളളത്. ഇവിടെ മതപ്രഭാഷണങ്ങളും റംസാൻ മാസത്തിലെ നോമ്പു പെരുന്നാൾ ഹജ്ജിനോടനുബന്ധിച്ചുള്ള ബലി പെരുന്നാൾ, നബിദിനവുമാണ് പ്രധാനപ്പെട്ട ആഘോഷങ്ങൾ.

ക്രിസ്ത്യൻ പള്ളികൾ

അഞ്ചുതെങ്ങ് പഞ്ചായത്തിൽ പുന്നതു പള്ളി, അഞ്ചുതെങ്ങ് സെൻ പീറ്റേഴ്സ് ചർച്ച്, ങോളി സ്പിരിറ്റ് ചർച്ച്, മാമ്പള്ളി എന്നീ ദേവാലയങ്ങളും മാമ്പള്ളിയിലും രണ്ടാം വാർഡ് ആർക്ക് വീടിന് സമീപവും ജംഗ്ഷനു സമീപം ഒരു കുരിശ്ശടിയും പഞ്ചായത്തിൽ ഉണ്ട്.

ക്രിസ്തുമസ്സിനോടനുബന്ധിച്ച് പിറവി ആഘോഷങ്ങളും ഈസ്റ്ററിനോടനുബന്ധിച്ച് സ്വർഗ്ഗാരോഹണ തിരുന്നാൾ, ധാന്യങ്ങൾ, കൊടിയേറ്റ് തിരുന്നാൾ തുടങ്ങിയവ നടക്കാറുണ്ട് ഈ ആഘോഷങ്ങളിൽ നാനാജാതി മതസ്ഥരും പങ്കെടുക്കുന്നുണ്ട്.

പ്രധാന രാഷ്ട്രീയ പ്രസ്ഥാനങ്ങൾ

അഞ്ചുതെങ്ങിലെ പ്രധാന രാഷ്ട്രീയ പ്രസ്ഥാനങ്ങൾ കമ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്), ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് എന്നിവയും 5 സി പി. ഐ ക്കാരും, 2 ജനതാദൾകാരും 5 കേരളാ കോൺഗ്രസ്സ് ജെ പ്രവർകത്തകരുമാണ് ഇവിടെയുള്ളത്. യുവജന വിഭാഗങ്ങളും പ്രവർത്തിക്കുന്നുണ്ട്. തൊഴിലാളി സംഘടനയായ സി. ഐ. ടി യു. എ എൻ. ടി യു. സിയും ഏ. ഐ. ടി. യു സിയും നിലവിലുണ്ട്. തൊഴിലാളി വർഗ്ഗത്തിനു പോലും രാഷ്ട്രീയ കാര്യങ്ങളിൽ താല്പര്യമുണ്ട്.

ചികിത്സാരീതികൾ

ആദ്യമാദ്യം പാരമ്പര്യ വൈദ്യന്മാരായിരുന്നു ചികിത്സാരീതികൾ നിശ്ചയിച്ചിരുന്നത്.

വിദ്യാഭ്യാസം

കുടിപ്പള്ളി കൂട്ടത്തിലെ ആശാൻമ്മാരുടെ നേതൃത്വത്തിലായിരുന്നു വിദ്യാഭ്യാസമുറകൾ തുടങ്ങിയത്. ഈ ഗ്രാമത്തിൽ 7 എൽപി സ്കൂളുകളും ഹൈസ്കൂൾ രണ്ടും, യു. പി. സ്കൂൾ 3 ഉം ഇംഗ്ലീഷ് മീഡിയം ഒരു സ്കൂളും പ്രവർത്തിക്കുന്നുണ്ട്.

കലാസാംസ്കാരിക സ്ഥാപനങ്ങൾ

സെഞ്ചറി ആർട്സ് & സ്പോർട്ട്സ് ക്ലബ്

സ്നേഹറാം ”

നയൻസ്റ്റാർ ”

സ്നേഹസാഗരം ”

ഫ്രണ്ട്സ് ”

ജനരഞ്ജന ”

പൈനിയർ ”

ആദർശ് ”

സാഗര ”

കലാഗ്രാമം മാമ്പള്ളി

ഷൈൻ സ്റ്റാർ

വിക്ടറി സ്പോർട്സ് & ആർട്ട് സ് ക്ലബ്

ആശാൻ മെമ്മോറിയൽ അസ്സോസിയേഷൻ

നേതാജി ആർട്സ് ക്ലബ്

നെടുംങ്കണ്ടത്ത് റീഡിംഗ് റും എന്നിവയാണ് സാംസ്കാരിക സ്ഥാപനങ്ങൾ ഇവയിൽ ജനരഞ്ജന, നയൻസ്റ്റാർ, പൈനിയർ ആശാൻ മെമ്മോറിയൽ അസോസിയേഷൻ എന്നിവരാണ് സാംസ്കാരിക പരിപാടികൾ നടത്തുന്ന സ്ഥാപനങ്ങൾ. ശാസ്ത്ര സാഹിത്യ പരിഷത്തും ഇവിടെ സജീവമാണ്.

കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്

ശാസ്ത്ര സാഹിത്യ പരിഷത്ത് സാമൂഹ്യസാംസ്കാരിക മേഖലകളിൽ നിരന്തരം ബന്ധപ്പെട്ടു പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിന്റെം സാക്ഷരതാ പ്രവർത്തനങ്ങൾക്ക് സജീവ പങ്കാളിത്തം ഉണ്ടായിരുന്നു. വിദ്യാഭ്യാസ മേഖലയിൽ വിജ്ഞാനോത്സവം, ബാലോത്സവം, പുസ്തക പ്രചരണം വനിതാരം, ശാസ്ത്ര കലാ

ജാഥ കാലിക പ്രാധാന്യമുള്ള സെമിനാറുകൾ, പഠന ക്ലാസുകൾ, അടുപ്പ് പ്രചരണം എന്നിവ നടത്തിവരുന്നു.

അഞ്ചുതെങ്ങ് പഞ്ചായത്ത് സാംസ്കാരിക കേന്ദ്രം

പഞ്ചായത്തിൽ ഒരു സാംസ്കാരിക കേന്ദ്രം ഉണ്ടെങ്കിലും ഇവിടെ പ്രവർത്തനം ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല.

അഞ്ചുതെങ്ങ് പഞ്ചായത്ത് ലൈബ്രറി

പഞ്ചായത്തിൽ പുസത്കങ്ങൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ലൈബ്രറി ഉണ്ട്. അതു തുടർന്നു പ്രവർത്തിക്കേണ്ടതായിട്ടുണ്ട്.

ജനവിദ്യാകേന്ദ്രങ്ങൾ (തുടർവിദ്യാഭ്യാസ പരിപാടി)

അഞ്ചുതെങ്ങ് ഗ്രാമ പഞ്ചായത്തിൽ 1, 2 വാർഡുകൾ ചേർത്ത് നവധാര ജനവിദ്യാ കേന്ദ്രം രജി: T. 123696, , 3, 4, വാർഡുകൾ ചേർത്ത് അക്ഷര ജ്വാല ജനവിദ്യാ കേന്ദ്രം രജി:T. 1238/96, 5, 7 വാർഡുകൾ ചേർത്ത് തീർതക്ഥം ജനവിദ്യാ കേന്ദ്രം രജി : T 1237/96, 8 , 9 വാർഡുകൾ ചേർത്ത് ആശാൻ സ്മാരക ജനവിദ്യാ കേന്ദ്രം രജി : T 1239/96 രൂപീകരിച്ച് തുടർ വിദ്യാഭ്യാസ പരിപാടികൾക്ക് ജനകീയ കമ്മിറ്റികൽ നേതൃത്വം നല്കുകയും ചെയ്യുന്നു. തുടർ വിദ്യാഭ്യാസ പരിപാടിക്ക് നേതൃത്വം നല്കുന്നതിന് ഒരു സാക്ഷരതാ - കോ-ഓർഡിനേറ്ററും പ്രവർത്തിക്കുന്നു.

സാംസ്കാരികരംഗത്തെ മൂല്യച്യുതികൾ :-

നാം എത്തപ്പെട്ട് ദിശയിൽ നിന്ന് തിരിച്ചു നോക്കുമ്പോൾ കരുതലോടെ നീങ്ങിയില്ലെങ്കിൽ ഭാവി ഭയാനകമായിയിരിക്കും വിവാഹക്കാര്യത്തിൽ പെണ്ണിനെ അയക്കുമോ എന്ന് ചോദിച്ചിരുന്ന സ്ഥാനത്ത് സ്വർണ്ണം ഉൾപ്പെടെ എന്തു കിട്ടുമെന്നാണ് അറിയേണ്ടത് സമൂഹ ബന്ധങ്ങൽ കുറഞ്ഞു വരികയും ദാമ്പത്യ ബന്ധങ്ങൾക്ക് കെട്ടുറപ്പ് ഇല്ലാത്തതിനാൽ വിവാഹ മോചനത്തിലും കൂട്ട ആത്മഹത്യകളിലും കലാശിക്കുകയുമാണ് കഷ്ടപ്പെട്ടു വളർത്തിയെടുത്ത മകൾ കൈവിട്ടു പോകുന്നതും നിത്യ സംഭവങ്ങളായി മാറുന്നു. ആവശ്യമുണ്ടെങ്കിലും ഇല്ലെങ്കിലും സാധനങ്ങൾ വാങ്ങി കൂട്ടി കടക്കെണിയിൽ വീഴുന്ന ഉപഭോക്തൃ സംസ്കാരം വളരുന്നു. പരസ്യങ്ങളിൽ കുടിങ്ങിദുരിതം വിലക്കുവാങ്ങുന്നവർ ഏറിവരുന്നു. അച്ചടക്കമില്ലാത്ത സമുഹമായതിനാൽ കുറ്റവാസനകൾ ഏറിവരികയും യുവജനങ്ങൾ തമ്പാക്കിനും ,നിജാം പാക്കിനും, കഞ്ചാവിനും,മദ്യത്തിനും അടിമയാവുകയും ചെയ്യുന്നു. മൊത്തത്തിൽ പ്രതികരണശേഷി നഷ്ടപ്പെട്ട ഒരു സമൂഹത്തിലാണ് നാം ജീവിക്കുന്നത്.

അനൗപചാരികവിദ്യാഭ്യാസത്തെ ശക്തിപ്പെടുത്തി ശക്തമായ ബോധവൽക്കരണ പ്രക്രിയയിലൂടെ നേരിടാൻ ജനകീയാസൂത്രണ പ്രക്രിയ കഴിഞ്ഞാൽ കാര്യശേഷിയുള്ള ഒരു യുവതലമുറയെ അടുത്ത നൂറ്റാണ്ടിനു ലഭ്യമാക്കാം.

പഞ്ചായത്ത് ലൈബ്രറിയെ മറ്റുള്ളവർക്കെല്ലാം മാതൃകയാവും വണ്ണംഉയർത്താൻ ശ്രദ്ധിക്കേണ്ടതാണ്. പകൽ മുഴുവൻ സമയംപ്രവർത്തിക്കുന്ന ഒരു റീഡിംഗ് 5 റൂമും,വിദ്യാർത്ഥികൾക്ക് വന്ന് റഫർ ചെയ്യാവുന്നതും അവർക്ക് സൈര്യമായിരുന്ന വായിക്കുവാൻ പറ്റുന്നതുമായ സൗകര്യവും ഉണ്ടാകണം. ഗ്രാമത്തിലെ ജനങ്ങളുടെ ദൈനംദിന ജീവിതമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ഒരു സാംസ്ക്കാരിക കേന്ദ്രമാവണം പഞ്ചായത്ത് ലൈബ്രറി .

കായിക സ്ഥാപനങ്ങൾ

കായികരംഗത്ത് ഗ്രാമത്തിന്റെ സ്ഥിതി ആശാവഹമല്ല. ഫുട്ബാളും കബടിയും പ്രചാരത്തിലുണ്ടായിരുന്നു. സർക്കാരിന്റെ കായികപദ്ധതികൾ താഴെ ത്തലത്തിൽ എത്തുന്നില്ല. ഇപ്പോൾ കബടികളിയും ക്രിക്കറ്റും, ഫുട്ബാളുമാണ് പഞ്ചായത്തിൽ നിലവിലുള്ളത്. ചില സംഘടനകൾ വാർഷികത്തിന്റെ ഭാഗമായി കായികമത്സരങ്ങൾ സംഘടിപ്പിക്കുന്നു.

കായികരംഗത്തെ പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും.

നമ്മുടെ ഗ്രാമത്തിലെ മുഴുവൻ കായിക സംഘടനകളെയും കൂട്ടിയിണക്കി ഒരു കേന്ദ്രസമിതി പഞ്ചായത്ത് രൂപികരിക്കണം കലാരംഗത്ത് ഉള്ളതുപോലെ സമിതി ഉണ്ടാക്കണം. സ്പോർട്ട്സും, ഗെയിംസും എങ്ങനെ നടത്തണമെന്ന് ഒരു പൊതു മാർഗ്ഗനിർദേശം ഈ ക്ലാബുകൾക്ക് നൽകണം.ഈ രംഗത്ത് പഞ്ചായത്തിലെ വിദ്ഗദ്ധരുടെ സേവനം ഉപയോഗിക്കണം അഞ്ചുതെങ്ങിലെ (വാർഡ് 6-ലെ)വാക്കൻ കുളം ഇതിനു പയോഗിക്കാൻ കഴിയുമോയെന്ന് നോക്കണം കേരളോത്സവം തുടങ്ങിയപരിപാടികൾ നടത്തി അവരെ ബ്ലോക്ക് മത്സരത്തിത്തിൽ പങ്കെടുപ്പിക്കേണ്ടതാണ്.

ദിനപത്രങ്ങളിൽ മലയാള മനോരമയും കേരളാകൗമുദിയും, ദേശഭിമാനിയും, മാതൃഭൂമിയും, ദീപികയും നിലവിലുണ്ടെങ്കിലും ഒന്നാംസ്ഥാനം നിൽക്കുന്നത് കേരളാകൗമുദിയാണ്.

വാരികകളിൽ മംഗളം, മലയാളമനോരമ ആഴ്ചപ്പതിപ്പുകൾ മുന്നിട്ടു നിൽക്കുന്നു.

കലാകൗമുദി, മാതൃഭൂമി ആഴ്ചപ്പതിപ്പുകൾക്കു

തരക്കേടില്ലാത്ത് വായനക്കാരുണ്ട് ഇന്ത്യാടുഡേയുടെ മലയാളപ്പതിപ്പും മലയാളനാടും, യുറീക്കായും, ശാസ്ത്ര കേരളവും പ്രചാരത്തിൽ ഉണ്ട്.

ഇലക്ട്രോണിക്കസ് മാധ്യമങ്ങളുടെ ആക്രമണം ആശങ്കാകുലമായ തലത്തിലേക്ക് വളർന്നിരിക്കുന്നു സൈനിക ആക്രമണത്തേക്കാൾ ഗുരുതരമാണ് സാംസ്കാരിക ആക്രമണം എന്ന തിരിച്ചറിവ് ടി.വി തുടങ്ങിയ ഇലക്ട്രോണിക് മാദ്ധ്യമങ്ങളിലേക്ക് അന്ധമായി തിരിയുന്ന ജനങ്ങളെ ബോദ്ധ്യപ്പെടുത്തേണ്ടിയിരിക്കുന്നു.


വിവാഹദിചടങ്ങുകൾ തങ്ങളുടെ പൊങ്ങച്ചം പ്രദർശിപ്പിക്കുവാനുള്ള അവസരമായി ചിലർ കരുതുന്നു. പല ഇടത്തരം കുടുംബങ്ങളും കടക്കെണിയിൽ വീഴാൻ ഇതു കാരണമായിട്ടുണ്ട്. നാടുമുഴുവൻ ഊട്ടി രണ്ടുനാൾ കഴിയുമ്പോൾ അന്യരിൽ നിന്നും കടമിരക്കണ്ട ഗതി കേട് പല വീടുകളുടേയും സഥിതിയാണ്. സ്ത്രീധനവും നമുക്ക് സങ്കൽപ്പിക്കാവുന്നതിവും മപ്പുറത്ത് എത്തിയിരിക്കുന്നു. ആദർശവാൻ മാരായ യുവതിയുവാക്കൾ ഇതിനെതിരായി രംഗത്തിറങ്ങോണ്ടതാണ് അങ്ങിനെയുള്ള വരെ എല്ലാവിധത്തിലും പ്രോത്സാഹിപ്പിക്കാൻ ഔദ്ദോഗിക സംവിധാനം തന്നെ തയ്യാറാക്കേണ്ടതാണ്.

കായികപ്രവർത്തനങ്ങൾ മൊച്ചപ്പടുത്തുന്നതിന് ഒരു നല്ല കളിസ്ഥലം (ഗ്രൗണ്ട്) കണ്ടെത്തുക.

പഞ്ചായത്തിലെ ടെലിവിഷൻ കേന്ദ്രങ്ങൾ

1.	കോട്ടയ്ക്കു സമീപം	വാർഡ്	1
2.	ഗൗണ്ടിനുസമീപം	”	2
3.	പുത്തൻമണ്ണ് ലക്ഷംവീട്	”	6
4.	പൈനിയർ അമ്മൻ കോവിൽ	”	6
5.	ആശാൻ സ്മാരകം	”	8

ആശംസകൾ . . .



പഞ്ചായത്ത് ഓഫീസ്

രോഗിക്കടവ്കടത്ത്

പുരുഷനും സ്ത്രീക്കും ഭരണഘടന തുല്യ അവകാശങ്ങൾ വിഭാവനം ചെയ്യുന്നുണ്ടെങ്കിലും സ്ത്രീകൾക്ക് ആവശ്യമായ പരിരക്ഷ ഇന്ന് ലഭിക്കുന്നുണ്ടോ എന്ന് സംശയമാണ്. നാടിന്റെ പല ഭാഗങ്ങളിലും സ്ത്രീ പീഡനത്തിന്റെ പരമ്പരകൾ അരങ്ങേറുന്നു. നമ്മുടെ പഞ്ചായത്തിലും ഒറ്റപ്പെട്ട സംഭവങ്ങളും ഉണ്ടാകാറുണ്ട്. സ്ത്രീയാണ് സമൂഹത്തിന്റെ നട്ടെല്ല്. അവ്രുടെ ഉന്നമനത്തിൽ ഊന്നി മാത്രമേ സമൂഹ പുരോഗതിയെ കുറിച്ച് ചിന്തിക്കാനാവൂ.

പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 55% സ്ത്രീകളാണെങ്കിലും പൊതുരംഗത്ത് അവരുടെ പങ്കാളിത്തം പരിമിതമാണ്. പുതിയ പഞ്ചായത്ത് രാജ് നിയമത്തിന്റെ ആവിർഭാവത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണ സമിതികളിൽ സ്ത്രീകൾക്ക് മൂന്നിലൊന്ന് പ്രാതിനിധ്യം ലഭിച്ചു. ഗ്രാമപഞ്ചായത്ത് സമിതിയിൽ 4 വനിതകളും ബ്ലോക്ക് പഞ്ചായത്ത് മെമ്പറായി ഒരു വനിതയെ തിരെഞ്ഞെടുത്തിട്ടുണ്ട്. നമ്മുടെ ജില്ലാ പഞ്ചായത്ത് അംഗവും വനിതായണ്.

വിവിധ മഹാളാ സംഘടനകൾ ഇവിടെ പ്രവർത്തിക്കുന്നെങ്കിലും സ്ത്രീകളുടെ സജീവ പങ്കാളിത്തം തുലോം പരിമിതമാണ്. സമൂഹത്തിൽ ഇന്ന് നിലനിൽക്കുന്ന പുരുഷമേധാവിത്തമാണ് ഒരു പരിധിവരെ ഇതിന് കാരണം. സ്ത്രീക്ക് ഏതു സമയവും യാത്ര ചെയ്യാനുള്ള സുരക്ഷിതത്വമില്ലായ്മയാണ് മറ്റൊരു കാരണം. ഭാരിച്ച വീട്ടുജോലികളും പുരുഷന്റെ സഹകരണമില്ലായ്മയും, സ്ത്രീകളുടെ ആത്മാഭിമാനകുറവ്, വിദ്യാസമ്പന്നരെങ്കിലും സമൂഹ്യബോധമില്ലായ്മ എന്നിവയും കാരണങ്ങളിൽചിലതാണ്. പൊതു പ്രവർത്തകരായ വനിതകളെ വിമർശിക്കുന്നതിൽ സ്ത്രീ–പുരുഷ ഭേദമില്ല.

സ്ത്രീധനസമ്പ്രദായം. ഇപ്പോഴും സാർവ്വത്രികമായി നിലനിൽക്കുന്നു. സ്ത്രീകളുടെ ഭാഗത്തുനിന്ന് കാര്യമായ ചെറുത്തു നിൽപ്പ് കാണുന്നില്ല. സ്ത്രീധനത്തിന്റെ പേരിലുള്ള പീഢനങ്ങൾ ഇല്ലായെന്ന് പറയാമെങ്കിലും സമൂഹം സ്ത്രീധന രഹിതമായ വിവാഹങ്ങളെക്കുറിച്ച് ചിന്തിക്കുന്നില്ല. മറ്റു സ്ഥലങ്ങളിൽ കണ്ടുവരുന്നതുപോലെ ആഢംബര ഭ്രമവും ആഭരണ ഭ്രമവും സ്ത്രീകളിൽ കൂടുതലായികണ്ടുവരുന്നു.

പഞ്ചായത്തിൽ വീട്ടുജോലിതൊഴിലായി സ്വീകരിച്ചവരെക്കുറിച്ച് വ്യക്തമായ കണക്കുകൾ ലഭ്യമല്ല. ഒരു വലിയ വിഭാഗം സ്ത്രീകൾ വീട്ടമ്മമാരാണ്. മത്സ്യതൊഴിലാളി മേഖലയിലെ സ്ത്രീകൾക്ക് കടപ്പുറവുമായി ബന്ധപ്പെട്ടു ജോലിയുണ്ടായിരുന്നുവെങ്കിലും ഇപ്പോഴും തൊഴിൽ രഹിതർ ഉണ്ട്. മത്സ്യ ഉൾപാദനരംഗത്തെ മുടരിപ്പാണ് കാരണം.

കൂടുതലും മത്സ്യതൊഴിലാളി സ്ത്രീകൾ കുടും

ബനാഥമാരായികണ്ടുവരുന്നു. സ്ത്രീകൾ ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്ന കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. പുരുഷന്റെ ക്രിയാത്മകസഹകരണം അവർക്ക് ലഭിക്കുന്നില്ല.

വനിത പ്രശ്നങ്ങൾ

1. സ്ത്രീകളുടെ ഇടയിൽ രൂക്ഷമായ തൊഴിലില്ലായ്മ നിലനിൽക്കുന്നു.
2. ബഹുജനസംഘടനകളിൽ കൂടുതൽപേർ പ്രവർത്തിക്കുന്നില്ല. നേതൃസ്ഥാനത്തേക്ക് ഉയർത്തപ്പെടുന്നില്ല.
3. സ്ത്രീജന്യ രോഗങ്ങൾക്ക് ആവശ്യമായ ചികിത്സ ലഭിക്കാനുള്ള സാഹചര്യം പഞ്ചായത്തിൽ ഇല്ല.
4. സ്ത്രീധന നിരോധന നിയമം ശരിയായ നിലയിൽ നടപ്പാക്കാൻ കഴിയുന്നില്ല.
5. കലാ സാംസ്കാരിക രംഗങ്ങളിൽ സ്ത്രീകൾ കടന്നു വരുന്നില്ല.
6. ലൈബ്രറികൾ വേണ്ട രീതിയിൽ ഇല്ല.
7. വനിതകൾക്ക് സ്വയം തൊഴിൽ സ്ഥാപനങ്ങൾ ഇല്ല.
8. സ്ത്രീകൾക്ക് മത്സ്യകച്ചവടത്തിനായി ചന്തകളിൽ സമയാസമയം എത്തുന്നതിനുള്ള യാത്രാ സൗകര്യം ഇല്ല.
9. മഹിളാ സമാജങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ല.

പ്രശ്നം

1. മദ്യപാനികളായ പുരുഷന്മാരിൽനിന്നും സ്ത്രീകൾക്ക് വളരെയധികം പീഡനങ്ങൽ സഹിക്കേണ്ടിവരുന്നു.
2. സ്ത്രീകളുടെയിടയിൽ നിരവധി അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നിലവിലുണ്ട്.
3. നമ്മുടെ പഞ്ചായത്തിലെ ആശുപത്രിയിൽ പ്രസവ സൗകര്യം ഇല്ല.
4. വീടുകളിൽ മാത്രം ഒതുങ്ങിക്കൂടുന്ന സ്ത്രീകളുടെ അദ്ധ്വാനശേഷി പാഴായിപ്പോകുന്നു.
5. സ്ത്രീധനം എന്നദുരാചാരം കുടുംബങ്ങളെ മാനസികമായി തകർക്കുന്നു.
6. അർഹതയുള്ള പലവർക്കും വിധവാപെൻഷൻ ലഭിക്കുന്നില്ല.
7. വ്യാജമദ്യവും, വിദേശമദ്യവും സുലഭമാണ്.

പരിഹാരമാർഗ്ഗങ്ങൾ

1. മദ്യനിരോധനം പൂർണ്ണമായി നടപ്പാക്കണം.
2. സാമൂഹ്യക്ഷേമ പദ്ധതി പ്രകാരം പെൻഷൻകിട്ടാൻ അർഹതയുള്ള സ്ത്രീകൾക്ക് കൃത്യസമയത്തു നൽകാനുള്ള സംവിധാനം ഉണ്ടാകണം.
3. സ്ത്രീധനസമ്പ്രദായത്തിനെതിരെ പ്രതികരിക്കാൻ സ്ത്രീകളെ ബോധവൽക്കരിക്കുകയും വനിതാ നേതൃത്തവത്തിലുള്ള സംഘടനകൾക്ക് രൂപംകൊടുക്കുക പ്രവർത്തിക്കാൻ സൗകര്യം ഉണ്ടാക്കികൊടുക്കുക
4. പഞ്ചായത്തുതല ഒരു വനിതാ സഹായസഹകരണസംഘം രൂപികരിക്കുക.
5. പച്ചക്കറികൃഷി, ഔഷധസസ്യകൃഷി എന്നിവ സ്ത്രീകൾക്ക് മുൻകൈ നൽകി ആരംഭിക്കണം.
6. പൊതുസ്ഥലങ്ങളിലും സ്കൂളുകളിലും പ്രാഥമികാവശ്യം നിർവഹിക്കാനുള്ള സൗകര്യം ഉണ്ടാക്കുക.
7 മാർക്കറ്റിലും തൊഴിൽ ശാലകളിലും സ്ത്രീകൾക്ക് പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യം ഉണ്ടാക്കുക.
8. വനിതാപോലീസ് സ്റ്റേഷൻ ഉണ്ടാവണം.
9. വനിതകൾക്ക് വനിതാ സഹകരണസംഘം നിലവിൽ ഇല്ല.
10. സ്ത്രീകൾക്ക് ചന്തകളിൽ പ്രാഥമിക ആവശ്യം നിറവേറ്റുന്നതിനുള്ള സൗകര്യം ഇല്ല.
11. മത്സ്യ കച്ചവടം നടത്തുന്നതിന് ചന്തകളിൽ ഷെഡ് ഇല്ല.
12. പഞ്ചായത്തിന്റെ കീഴിൽ പൊതുവായ ചന്ത ഇല്ല.
13. മത്സ്യ സ്ത്രീതൊഴിലാളികളെ പഞ്ചവത്സര സമ്പാദ്യപദ്ധതിയിൽ ഉൾപ്പെടുത്തുക.
14. കയർ മേഖലയിൽ വനിതകൾക്ക് കൂടുതൽ തൊഴിലവസരം ഉണ്ടാകാനുള്ള സംവിധാനം ഉണ്ടാകണം.
15. വനിതാ പോലീസ് സ്റ്റേഷനും, വനിതാ കമ്മീഷന്റെ സെല്ലും ഈ പഞ്ചായത്തിൽ തുടങ്ങണം.
16. മത്സ്യതൊഴിലാളി മേഖലയിലെ സ്ത്രീകളുടെ തൊഴിലില്ലായ്മ വളരെ പഠനാർഹമായ വിഷയമാണ്. അവർക്ക് മറ്റു മേഖലകളിൽ തൊഴിൽ

കണ്ടെത്താൻവേണ്ട പരിശീലനവും സഹായവും നൽകണം.

17. ഈ പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ പഠിപ്പിക്കുന്ന വനിതകൾ അതാതു വിദ്യാലയങ്ങളിലെ പെൺകുട്ടികൾക്ക് ആത്മാഭിമാനം സാമൂഹിക ഉന്നമനം എന്നിവയെക്കുറിച്ച് പ്രത്യേക ക്ലാസ്സുകൾ കൊടുക്കണം. വായനാശീലം വളർത്തുവാനും വായിക്കുന്ന വിഷയങ്ങൾ തിരെഞ്ഞെടുക്കുവാനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകണം. സഞ്ചരിക്കുന്ന ഒരു ലൈബ്രറി സംവിധാനം ഫലപ്രദമായിരിക്കും.

18. വനിതകൾക്ക് നിയമസഹായം നൽകാൻ പഞ്ചായത്തു തലത്തിൽ ഒരു സൗജന്യനിയമ സഹായസെൽ രൂപീകരിക്കണം. സ്ത്രീകളുടെ അയൽകൂട്ടങ്ങൾ സംഘടിപ്പിക്കുകയും അവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്ത് പരിഹാരം കണ്ടെത്തുകയുംമാവാം.

19. സ്ത്രീകൾക്കുവേണ്ടി സ്വയംതൊഴിൽ സംരംഭമായി തുടങ്ങാവുന്ന ഏതാനും വ്യവസായങ്ങൾ താഴെ ചേർക്കുന്നു.

- നോട്ടു പുസ്തകനിർമ്മാണം
- അച്ചാറുകൾ, കറിപൗഡറുകൾ, ജാം, സ്കോഷ് എന്നിവ
- ചന്ദനത്തിരി നിർമ്മാണം
- മെഴുകുതിരി നിർമ്മാണം
- കളിക്കോപ്പ് നിർമ്മാണം
- കരകൗശല വസ്തുക്കൾ
- ചൂല് നിർമ്മാണം
- ഹോം നഴ്സുമാരുടെ സൊസൈറ്റി

മേൽപ്പറഞ്ഞ വ്യവസായങ്ങൾ ചെറുകിട വ്യവസായങ്ങളായും സഹകരണമേഖലയിലും തുടങ്ങാം. DWCRA-ൽ നിന്ന് സാമ്പത്തികവും സാങ്കേതികവുമായ സഹായം ലഭ്യമാണ്. പരമ്പരാഗത വ്യവസായങ്ങളായ കയർ, മത്സ്യം ഉണക്ക്, അച്ചാർ തയ്യാറാക്കൽ, മേഖലകളിൽ പുത്തൻ ഉണർവ്വ് ഉണ്ടായാൽ സ്ത്രീകളുടെ തൊഴിൽ സാദ്ധ്യതകൾ വളരെ വർദ്ധിക്കും.

പുരുഷനോടൊപ്പം സമൂഹത്തിന്റെ എല്ലാ മേഖലകളിലും അർഹമായ സ്ഥാനം ലഭിക്കുവാനുള്ള സ്ത്രീയുടെ ന്യായമായ അവകാശത്തെ പുരുഷൻ അംഗീകരിക്കുകയും അതുനേടികൊടുക്കേണ്ടത് സ്വന്തം കടമയായി സ്വീകരിക്കുകയും വേണം. ജന്മസിദ്ധമായ ശാരീരികമാനസ്സിക പരിമിതികളെ സ്വയം വിമർശനാത്മകമായി വിലയിരുത്തി സമൂഹത്തിന്റെ നിലനില്പിനും നന്മയ്ക്കുംവേണ്ടി സ്ത്രീ- പുരുഷന്മാർ അവരുടെ പ്രവർത്തനം പരസ്പരപൂരകമാക്കേണ്ടി പഠിക്കുന്നു.

വനിത നിർദ്ദേശങ്ങൾ

മേൽപ്പറഞ്ഞ പ്രശ്നങ്ങൾ പരിഹരിക്കാൻ പഞ്ചായത്തിനും സന്നദ്ധ സംഘടനങ്ങൾക്കും വളരെയേറം കാര്യങ്ങൾ ചെയ്യാനാവും. തുന്നൽ, പായ്നെയ്ത്ത്, കൈത്തറി നിർമ്മാണം, കരകൗശല വസ്തുക്കളുടെ നിർമ്മാണം എന്നീ മേഖലകളിൽ സ്ത്രീകൾക്ക് പരിശീലനം നൽകണം. പഞ്ചായത്തുകളിലെ വിവിധ വാർഡുകൾ കേന്ദ്രീകരിച്ച് സ്ത്രീകൾതന്നെ ഇക്കാര്യത്തിൽ നേതൃത്വം നൽകണം. ഇങ്ങനെ പരിശീലനം ലഭിക്കുന്നവർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ എറ്റെടുത്ത് നടത്താവുന്നതാണ്. വ്യാവസായവകുപ്പ് അതിൽവേണ്ട സഹായങ്ങൾ ചെയ്തു കൊടുക്കുന്നുണ്ട്. കൃഷി വികസനത്തിന്റെ ഭാഗമായി സ്ത്രീകൾക്ക് പുതിയ തൊഴിൽ മേഖലകൾ കണ്ടെത്താനാകും. എല്ലാ വീട്ടമ്മമാരും അടുക്കളത്തോട്ടം വച്ചു പിടിപ്പിക്കുന്നത് അഭികാമ്യമാണ്. മത്സ്യതൊഴിലാളിമേഖലയാലി സ്ത്രീകളുടെ തൊഴിലില്ലായ്മ വളരെ പഠനാർഹമായ വിഷയമാണ്. അവർക്ക് മറ്റു മേഖലകളിൽ തൊഴിൽ കണ്ടെത്താൻവേണ്ട പരിശീലനവും, സഹായവും നൽകണം മത്സ്യസംസ്കരണത്തിന് ആവശ്യമായ സംവിധാനം ഉണ്ടാക്കുക

പഞ്ചായത്തിനകത്തുള്ള മത്സ്യകച്ചവടത്തിനായി പോകുന്ന് സ്ത്രീകളുടെ സർവ്വേ എടുത്ത് അവരുടെ വിപണനസൗകര്യം മെച്ചപ്പെടുത്തുക.

ആധുനിക രീതിയിലുള്ള വനിതമാർക്കറ്റ് സ്ഥാപിക്കുക.


വനിതപാർക്കുകൾ സ്ഥാപിക്കുക

സ്ത്രീകളെ അപമാനിക്കുന്ന തരത്തിലുള്ള പോസ്റ്ററുകൾ പ്രദർസിപ്പിക്കുന്നത് പഞ്ചായത്ത് തടയുക.

വനിതകൾക്കായി മാവേലി സ്റ്റോർ സ്ഥാപിക്കുക. പകൽ സമയങ്ങളിൽ പൈപ്പുകളിൽ വെള്ളം വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.



പണി പൂർത്തിയാകുന്ന അഞ്ചുകെട്ട് സർവ്വീസ് വില്ലകളിലൊന്ന്



ടൂറിസം മേഖലയിൽ വികസനം കൊതിക്കുന്ന പൊന്നിൻ തുരുത്ത്

സഹകരണം

വ പഞ്ചത്തിന്റെ ഉൽപ്പത്തിതൊട്ട് ഗോത്രവർഗ്ഗ സംസ്കാരങ്ങളിലൂടെ കടന്നുവന്ന മാനവരാശിയുടെ ചരിത്രംതന്നെ സഹകരണത്തിന്റെയും കൂട്ടായ്മയുടേയുമാണ്. ദേശീയ പ്രസ്ഥാനവും, രാഷ്ട്രപിതാവും ജനകോടികളെ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുപ്പിച്ചത് സഹകരണാടിസ്ഥാനത്തിലൂടെയാണ്. സ്വാതന്ത്ര്യപുലരിക്കുശേഷം ഭരണഘടനയിലെ പ്രാഥമികാവശ്യങ്ങളായ ഭക്ഷണം, വസ്ത്രം, കിടപ്പാടം, തൊഴിൽ എന്നിവ നടപ്പിലാക്കുന്നതിന് സഹകരണ പ്രക്രിയ ആവശ്യമായിവന്നു. ജ്ഞാനബാധ്യതയിലാണ്ടുപോയ കർഷകരെ മോചിപ്പിക്കാൻ ഒരു സഹകരണ [illegible] മാത്രമേ കഴിയൂ എന്നു തിരിച്ചറിഞ്ഞുകൊണ്ട് [illegible] 1904-ൽ സഹകരണ നിയമത്തിന്റെ (കോപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് 1904) അടിസ്ഥാനത്തിൽ രൂപീകൃതമായ കാർഷിക വായ്പാ സംഘങ്ങളുടെ ആവിർഭാവത്തോടെയാണ് ഭാരതത്തിൽ സഹകരണ പ്രസ്ഥാനത്തിന് തുടക്കം കുറിക്കുന്നത്.

അഞ്ചുതെങ്ങിൽ 1944-ൽ അമ്മൻകോവിലിൽ ചേർന്ന യോഗത്തിൽവച്ച് ഒരു ദിവസംകൊണ്ട് 13,000 രൂപ ആയോഗത്തിൽ സ്വരൂപിച്ചാണ് അഞ്ചുതെങ്ങ് സർവ്വീസ് സഹകരണസംഘം രൂപം കൊള്ളുന്നത്. തിരുന്നൽവേലി രജിസ്ട്രാർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരിച്ചത് ആദ്യ പ്രസിഡന്റും ഫാദർ മാർക്ക് ഫീ ഫെർണാണ്ടസ്സും, സെക്രട്ടറി വാമദേവൻ വക്കീലുമാണ്.

അഞ്ചുതെങ്ങ് പഞ്ചായത്തിലെ സഹകരണ മേഖലയിൽ കാര്യമായ പ്രവർത്തനം നടത്താൻ ഇനിയും കഴിഞ്ഞിട്ടില്ല. എന്നാൽ കയർ തൊഴിലാളി മേഖലയിൽ 3 സഹകരണസംഘങ്ങളും മത്സ്യതൊഴിലാളി മേഖലയിൽ 6 സഹകരണസംഘങ്ങളും അതിൽ കാര്യക്ഷമതയുള്ള 2 സംഘങ്ങളും ഉണ്ട്. ഒരു കോ-ഓപ്പറേറ്റീവ് ഒരു ബാങ്കും ഒരു ഹൗസിംഗ് സൊസൈറ്റിയും നിലവിലുണ്ട്.

1. [illegible]
2. നെടുംങ്ങണ്ട ഈസ്റ്റ് കയർ വ്യവസായ സഹകരണസംഘം
3. ആശാൻ കയർ വ്യവസായ സഹകരണസംഘം
4. അഞ്ചുതെങ്ങ് ഭവന നിർമ്മാണ സഹകരണ സംഘം
5. മാമ്പള്ളി-നെടുംങ്ങണ്ട മത്സ്യതൊഴിലാളി വികസന സഹകരണസംഘം
6. പുത്തൂർ-താഴംപള്ളി മത്സ്യവികസന സഹകരണസംഘം
7
8
9
10

മത്സ്യതൊഴിലാളി മേഖലയിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന ഒട്ടനവധി സർവ്വീസ് സൊസൈറ്റികളു മുണ്ട്.

അഞ്ചുതെങ്ങ് സർവ്വീസ് സഹകരണ ബാങ്കിനെക്കുറിച്ച്

1.	സ്ഥാപനത്തിന്റെ പേര്	അഞ്ചുതെങ്ങ് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 3166
2.	പ്രവർത്തന പരിധി	അഞ്ചുതെങ്ങ് ഗ്രാമ പഞ്ചായത്ത് അതിർത്തി മുഴുവൻ
3.	ക്രെഡിറ്റ് / നോൺക്രെഡിറ്റ്	ക്രെഡിറ്റ്
4.	പ്രവർത്തനം ആരംഭിച്ചവർഷം	1959
5.	ആകെ അംഗങ്ങൾ	4006
6.	ഒരു ഓഹരിയുടെ വില	10 രൂപ
7.	അംഗീകൃത ഓഹരി മൂലധനം	15, 000, 00 (പതിനഞ്ച് ലക്ഷം)
8.	പിരിഞ്ഞ് കിട്ടിയ ഓഹരി മൂലധനം	4, 94, 104 രൂപ
9.	സർക്കാർ ഓഹരിയുണ്ടോ	ഇല്ല
10.	ഉണ്ടെങ്കിൽ ലഭിച്ചതുക	ഇല്ല
11.	പരമാവധികടം എടുക്കാവുന്ന തുക	98,82,080 രൂപ

II പൊതു ജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപങ്ങൽ 1995-96

	a) സ്ഥിരം	11,65,731 രൂപ
	b) ഹ്രസ്വകാലം	24, 13, 255 രൂപ

III നൽകിയിട്ടുള്ള വായ്പകൾ 1995 - 96

a.	കാർഷിക വായ്പകൾ	ഇല്ല
b.	മറ്റു വായ്പകൾ സാധാരണ വായ്പകൾ	16,26,300 രൂപ
c.	പ്രത്യേക വായ്പകൾ a. കച്ചവട വായ്പകൾ	1,87,950 രൂപ

സ്ഥാപനത്തിന്റെ ചെലവുകൾ

1995-96

1) Establishment charges - Rs.1,71,753

2) Contingennies - Rs. 80,980

വായ്പാ സഹ: സ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ

1. റേഷൻകട (പൊതുവിതരണം)
2. ചിട്ടികൾ
3. കൺസ്യൂമർ
4. മരണാനന്തരസഹായ നിധി (അംഗങ്ങൾക്ക്)

നൽകിയത് കിട്ടാനുള്ളത് വായ്പകൾ

സാധാരണ വായ്പകൾ 11, 09,324 രൂപ (ഒരു വർഷം)

പ്രശ്നങ്ങൾ

● അഞ്ചുതെങ്ങ് സർവ്വീസ് സഹകരണ ബാങ്ക്

ഈ പഞ്ചായത്തിലെ ഗൾഫ്കാരുടെ പണം ഈ ബാങ്കിൽ നിക്ഷേപിക്കുന്നില്ല. ജനങ്ങളുടെ വിശ്വാസക്കുറവ് സ്വന്തമായി ലോക്കർ സംവിധാനമോ, കെട്ടിടമോ ഇല്ല. പഞ്ചായത്തിലെ സഹകരണ ബാങ്കുകളെ സംരക്ഷിക്കാനുള്ള ഉത്തര വാദിത്വത്തിൽ നിന്നും മാറി മാറി വരുന്ന സർക്കാരുകൾഓരോ ക്രമ പ്രശ്നങ്ങളും പറഞ്ഞ് ഒഴിഞ്ഞു മാറുന്നു. പഞ്ചായത്തിലെ ജനങ്ങളിൽ ഇനിയും അംഗങ്ങളായി വരേണ്ടവർ എത്തുന്നില്ല.

●● കയർ തൊഴിലാളി സഹകരണ സംഘങ്ങൾ

ആവശ്യത്തിനു പണി സാധനങ്ങൾ കിട്ടുന്നില്ല. പഞ്ചായത്തിലെ 3 സഹകരണ സംഘങ്ങളിൽ കൂടി 394 തൊഴിലാളികൾ പണി ചെയ്യുന്നു. അവർക്ക് നൂറോളം തൊഴിൽ ദിനങ്ങൾ മാത്രമേകിട്ടുന്നുള്ളൂ ഇത് അവരുടെ ജീവിതരീതിയെ കാര്യമായി ബാധിക്കുന്നു. തൊഴിലാളിക്ക് കിട്ടുന്ന കൂലി 31 രൂപയാണ്. ഉല്പാദിപ്പിക്കുന്ന കയർ സമയാസമയം വിറ്റഴിയുന്നില്ല മുതലപ്പൊഴി മൂടുന്നതു മൂലം ഒരു വർഷത്തിൽ മൂന്നു പ്രാവശ്യമെങ്കിലും ആഴ്ചകളോളം പണി നിർത്തി വയ്ക്കുന്നു. വൈദ്യുതി ഇല്ലായ്മയും പ്രധാനകാരണമാണ്. തൊഴിലാളികൾക്ക് സംഘങ്ങളിൽ പണി ചെയ്യുവാൻ താല്പര്യകുറവ് കാണുന്നു കാരണം സ്ഥിരം ജോലി ലഭിക്കാത്തതും ഒരു കാരണമായി നിലനിൽക്കുന്നു. ഇത്രയും തൊഴിലാളികൾ പണിചെയ്യുന്ന ഈ മേഖലയിൽ 9,34,870 രൂപ മാത്രം വാർഷിക വരുമാനം ലഭിക്കുന്നു. ഇതിനായി ചെലവാക്കിയത് 2,05,368 രൂപയാണ്. ഇതിനാൽ ഓരോ തൊഴിലാളിക്കും 1,70,498 രൂപ വീതം കുടിശ്ശികയിട്ടുണ്ട്. ഇപ്പോഴും ഈ വ്യവസായം മുടങ്ങിക്കിടക്കുന്നു കാരണമായി നിലനിൽക്കുന്നു. ഈ മേഖലയിൽ കുറച്ചു കൂടി സാമ്പത്തികം സർക്കാർ ചെലവാക്കിയാൽ നല്ലൊരു വ്യവസായ മേഖല കെട്ടിപ്പടുക്കാം.

പാൽ വ്യവസായത്തിന് മുതൽക്കൂട്ടാവുന്ന ഒരു ക്ഷീരവ്യവസായ സഹകരണ സംഘങ്ങളും പഞ്ചായത്തിൽ ഇല്ല.

ക്ഷീര സാധനങ്ങളെക്കുറിച്ച :-

1. അഞ്ചുതെങ്ങ് പഞ്ചായത്തിൽ ആധുനിക സൗകര്യത്തോടുകൂടിയ ഒരു ക്ഷീര സംഘം ഉണ്ടാവണം.
2. നല്ലയിനം കറവു മാടുകളെ അംഗങ്ങൾക്ക് ലഭിക്കുവാനുള്ള സംവിധാനം സംഘം മുഖേന ഉണ്ടാക്കണം, കാരണം ഇപ്പോൾ പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്ന പാൽഉപയോഗത്തിന് തികയാതെ വരുന്നു. കൂടുതൽ അംഗങ്ങൾ കറവുമാടുകളെ വളർത്തുന്നതിന് പരിശീലനം കൊടുക്കുക.
3. ക്ഷീര കർഷകരെ പ്രോത്സാഹിപ്പിക്കുവാൻവിവിധ മേഖലകളിൽ അവാർഡുകൾ ഏർപ്പെടുത്തുക.
4. മൃഗ സംരക്ഷണവകുപ്പിന്റെ സേവനം തക്ക സമയത്ത് ലഭ്യമാക്കണം.
5. പഞ്ചായത്തുതലത്തിലും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ക്ഷീര വികസനത്തിനു ലഭ്യമാകുന്ന ആനുകൂല്യങ്ങൾ ക്ഷീര സംഘങ്ങളിലാക്കി വിതരണം ചെയ്യുക.

വിവിധ മേഖലകളിൽ നടപ്പിലാക്കേണ്ട പദ്ധതികൾ

കാർഷിക മേഖല

1. എല്ലാ കർഷകരെയും അംഗങ്ങളാക്കി ഓഹരി മൂലധനം വർദ്ധിപ്പിക്കുക അർഹതയുള്ളവരെ അംഗങ്ങളാക്കുക
2. സഹകരണ അവബോധം യുവജനങ്ങളിൽ വളർത്തിയെടുക്കണം
3. വ്യത്യസ്ത തൊഴിൽ മേഖലകളുമായി ബന്ധപ്പെട്ട് പുതിയ സഹകരണ സംഘങ്ങൾ രൂപീകരിക്കുക.
4. വനിതകൾക്ക് (പ്രാമുഖ്യം) 3 വനിതാ സംഘങ്ങൾ പഞ്ചായത്തിൽ രൂപികരിച്ച്
    1. മസാല - കറിപൗഡർ നിർമ്മാണം
    2. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം
    3. ഔഷധ സസ്യകൃഷി
    4. കയർ വ്യവസായം
    5. ചന്ദനത്തിരി നിർമ്മാണം
    6. മെഴുകുതിരി നിർമ്മാണം
    7. സോപ്പ് നിർമ്മാണം
    8. ബലൂൺനിർമ്മാണം
    9. കോഴി - ആടുമാടു വളർത്തൽ
    10. മത്സ്യ സംസ്ക്കരണ കേന്ദ്രം
    11. നാളികേര സംസ്ക്കരണ കേന്ദ്രം
    12. സാങ്കേതിക വിദ്യ പരിശീലന കേന്ദ്രം

13. പ്ലാസ്റ്റിക് നിർമ്മാണ കേന്ദ്രം

14. ടൂറിസം കേന്ദ്രം

15. അച്ചാറുകൾ

16. വനിതാ ടൈപ്പ്റൈറ്റിംഗ് കേന്ദ്രം

5. തെങ്ങു കൃഷിക്ക് അനുയോജ്യ പ്രദേശമായതിനാൽ സഹകരണ ബാങ്ക് വളം ഡിപ്പോ തുടങ്ങുക

കയർ ഉല്പന്നങ്ങൾ ഉണ്ടാക്കുന്ന ശാലയുണ്ടാവണം (കയർ ഉല്പന്നശാലയുണ്ടാവണം)

തൊഴിൽ സാദ്ധ്യതകൾ

പഞ്ചായത്ത് കേന്ദ്രീകരിച്ച് വനിതാ സംഘങ്ങൾ രൂപീകരിച്ചാൽ മുകളിൽ പ്പറഞ്ഞ തൊഴിൽ സംരംഭങ്ങൾ തുടങ്ങി ഇത്തരം സംഘങ്ങൾ തുടങ്ങുകവഴി നൂറു പേർക്ക് പ്രത്യക്ഷമായും 150 പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കും.

വളം നിർമ്മാണ യൂണിറ്റ് സഹകരണ മേഖലയിൽ അനുവദിച്ചാൽ നൂറു പേർക്ക് തൊഴിൽ സാധ്യത കൈവരുന്നതാണ്.

നിർദ്ദേശിച്ച പട്ടികജാതി സഹകരണ സംഘവും ലേബർ കോൺട്രാക്ട് സഹകരണ സംഘവും രൂപീകരിക്കുകയാണെങ്കിൽ ഏറ്റവും ചുരുങ്ങിയത് 35 പേർക്ക് തൊഴിൽ ലഭിക്കും.

പഞ്ചായത്തിൽ കൺസ്യൂമർ സഹകരണ സംഘം, വനിതാ സഹകരണ സംഘം ലേബർ കോൺട്രാക്ട് സഹകരണ സംഘം കോഴി വളർത്തൽ സഹകരണ സംഘം ആട വളർത്തൽ സഹകരണ സംഘം പ്രൈമറി അഗ്രോ കോംപ്ലക്സ് സഹകരണ സംഘം എന്നിവ രൂപീകരിക്കേണ്ടതാണ്.

സഹകരണ രംഗത്തെ വളർച്ചക്കായി പഞ്ചായത്തിലെ സഹകാരികളെ ഉൾക്കൊള്ളിച്ച് ഒരു സഹകരണ സെൽ രൂപീകരിക്കാവുന്നതും സഹകരണ സംഘങ്ങൾക്ക് ആവശ്യമായ വിദഗ്ദ്ധ ഉപദേശങ്ങളും നിർദ്ദേശങ്ങളും ഈ സെൽമുഖേന നൽകാവുന്നതും സംഘങ്ങളുടെ പ്രവർത്തനങ്ങളെ അവലോകനം ചെയ്യാവുന്നതുമാണ്. സഹകരണ രംഗത്ത് വിവിധ മേഖലകളിലെ വളർച്ച് ആവശ്യമായി ഈ പഞ്ചായത്തു ഒരു വൻ തുക മുതൽ മുടക്കായി പ്രതീക്ഷിക്കുന്നു. ഈ തുക കണ്ടെത്തി മുതൽ മുടക്കിയാൽ പഞ്ചായത്തിലെ ആയിരം പേർക്ക് പ്രത്യക്ഷമായും പരോക്ഷമായും ജോലി ലഭിക്കുകയും പഞ്ചായത്തിലെ 3000 കുടുംബങ്ങളിൽ സാമ്പത്തിക അഭിവൃത്തിയുണ്ടാക്കുകയും ചെയ്യുന്നു. മഹാത്മാഗാന്ധി വിഭാവനം ചെയ്ത ഗ്രാമ സ്വരാജ് എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനും ഒരു വലിയ പങ്ക് സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ച വഴി സാധിക്കുന്നത്.

സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം ഇവിടെ നിർദ്ദേശിച്ച രൂപത്തിലും ഭാവത്തിലും നടപ്പിലാക്കുക വഴി അഞ്ചു തെങ്ങ് പഞ്ചായത്തിലെ കാർഷിക രംഗത്തും തൊഴിൽ രംഗത്തും സമൂലമായ മാറ്റം വരുത്താൻ സാധിക്കും, സാമ്പത്തിക മേഖലയിൽ ഒരു കുതിച്ചു ചാട്ടത്തിന് ഈ പഞ്ചായത്തിനെ സജ്ജമാക്കാൻ കഴിയുന്നതുമാണ്.

ഗ്രാമങ്ങളുടെ സാമ്പത്തിക സാമൂഹിക,സാംസ്ക്കാരിക വികാസത്തിന് നിർണ്ണായകമായ പങ്ക് വഹിക്കാൻ കഴിയുന്ന പ്രസ്ഥാനമെന്നനിലയിൽ അഞ്ചുതെങ്ങ് പഞ്ചായത്തിൽ സഹകരണ രംഗത്ത് ഇതിന്റെ ഭാഗമായി നടപ്പിലാക്കേണ്ട പദ്ധതികളെ സംബന്ധിച്ചുള്ള ഈ വികസന റിപ്പോർട്ട് ചർച്ചകൾക്ക് മുൻഗണന നിശ്ചയിക്കുന്നതിനുമായി സമർപ്പിക്കുന്നു.

വിഭവസമാഹരണം

ആസൂത്രണ പ്രക്രിയവികേന്ദീകൃതമാകുമ്പോൾ വിഭവസമാഹരണം ഗ്രാമപഞ്ചായത്തിലും നടക്കേണ്ടിയിരിക്കുന്നു. വികസനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും ഇതാവശ്യമാണ്. വിഭവസമാഹരണത്തെക്കുറിച്ച് ചിന്തിക്കുന്നതിനു മുൻപായി നമ്മുടെ പഞ്ചായത്തിന്റെ നിലവിലുള്ള സാമ്പത്തിക സ്ഥിതിയൊന്ന് പരിശോധിക്കാം. പഞ്ചായത്തിന്റെ വരുമാനത്തെനികുതി വരുമാനമെന്നും നികുതിയേതരവരുമാനമെന്നും രണ്ടായി തരം തിരിക്കാം. തൊഴിൽ നികുതി, കെട്ടിടനികുതി, വിനോദനികുതി , എന്നിവയിൽ നിന്നാണ് തനതു നികുതി വരുമാനം. നികുതിയേതര വരുമാനത്തിൽ സർക്കാർ ഗ്രാന്റുകൾ തന്നെ പ്രധാനം ഇതിൽ നിർബന്ധമായും ലഭിക്കേണ്ടവയും സർക്കാരിന്റെ വിവേചനാധികാരം ഉപയോഗിച്ച് നൽകുന്നവയും ഉണ്ട്. ഇവയ്ക്കു പുറമെ പഞ്ചായത്തു വക സ്വത്തിൽ നിന്നുള്ള വരുമാനവും ലൈസൻസ് ഫീസ് മുതലായവയും ഉണ്ട്.

തനതു നികുതി വരുമാനം

കെട്ടിട നികുതി 6.12.96 വരെ 4644 കെട്ടിടങ്ങളാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. ഇവയിൽ 2431 എണ്ണം നികുതി യിൽ നിന്നും ഒഴിവാക്കപ്പെട്ടവയാണ്. കുടിലുകൾ മതപരമായ ആവശ്യത്തിനുള്ളവ, ചാരിറ്റബിൾ കാര്യങ്ങൾക്ക് ഉപയോഗിക്കുന്നവ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയാണ് നികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ ശേഷിക്കുന്ന 2213 കെട്ടിടങ്ങളിൽ നിന്നാണ് നികുതി ഈടാക്കുന്നത് അതായത് പഞ്ചായത്തിലെ 35%- കെട്ടിടങ്ങൾക്കുമാത്രമാണ് കെട്ടിട നികുതി ഇന്നു നിലവിലുള്ളത്

തൊഴിൽ നികുതി

പഞ്ചായത്തിലെ ജനങ്ങളുടെ പ്രധാനതൊഴിൽ മത്സ്യബന്ധനവും കയർ പിരിയുമാണ് എന്നാൽ ഈ പഞ്ചായത്തിൽ പുറമേ നിന്ന് വന്ന് തൊഴിൽ ചെയ്യുന്ന വരടക്കം ഉണ്ട്. തൊഴിൽ നികുതിയിനത്തിൽ പ്രതിവർഷ വരുമാനം 42,390 രൂപയാണ്.

മറ്റു നികുതികൾ

നമ്മുടെ പഞ്ചായത്തിൽ മറ്റു നികുതികളായി കിട്ടുന്നത് വിനോദനികുതിയാണ് ഒരു സിനിമാതീയേറ്റർ മാത്രമാണ് ഇവിടെയുള്ളത് 9517 രൂപയാണ് വിനോദനികുതിയിനത്തിൽ കിട്ടിയിട്ടുള്ളത്.

നികുതി യേതര വരുമാനം

ഇതിൽ വസ്തു കൈമാറ്റ നികുതിയുടെ വിഹിതം അടിസ്ഥാന ഭൂ നികുതിയിൽ നിന്നുള്ള വിഹിതം വെഹിക്കിൾ ടാക്സ് കോംപൻസേഷൻ

എസ്റ്റാബ്ലീഷ്മെന്റ് ഗ്രാന്റ് വസ്തുകൈമാറ്റ നികുതി വിഹിതം, സെപ്ഷ്യൽ ഗ്രാന്റുകൾ J.R.Y അൺടൈഡ് ഫണ്ട് എന്നിവ ഉൾപ്പെടുന്നു. ഇതിനുപുറമേ പഞ്ചായത്തു വകസ്വത്തുകളിൽ നിന്നുള്ള ആദായം , ലൈസൻസ് ഫീസുകൾ എന്നിവയും ഉണ്ട്.

95–96 വർഷത്തിൽ J.R.Y പദ്ധതി യിൽ 82,200 രൂപയും അൺടൈഡ് ഫണ്ട് 25,4500 രൂപയും ലഭിച്ചിട്ടുണ്ട്.

മനുഷ്യാദ്ധ്വാനം

എല്ലാ ഗ്രാമസഭാ റിപ്പോർട്ടുകളിലും മനുഷ്യാദ്ധ്വാനം വികസന പ്രവർത്തനങ്ങളിൽ സംഭാവന ചെയ്യാമെന്ന നിഗമനത്തിൽ എത്തിച്ചേർന്നിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിലെ പ്രധാനപ്പെട്ട വിഭവം മനുഷ്യ വിഭവം തന്നെ. ഉൽപ്പാദനഘടകങ്ങൾ എത്രയുണ്ടെങ്കിലും (തൊഴിൽ ശക്തി ഒഴികെ)മനുഷ്യാദ്ധ്വാനം കൂടാതെ അതിനെ ഉപയോഗിക്കുവാൻ കഴിയുകയില്ല.

മനുഷ്യാദ്ധ്വാനം ഉപയോഗിക്കാവുന്ന മേഖലകൾ റോഡുകൾ ശുദ്ധജല വിതരണം എന്നിവയാണ്. ഇവ സംരക്ഷിക്കുന്നതിനുവേണ്ടി അതാതു പ്രദേശത്തെ സാമൂഹ്യപ്രവർത്തകരെ ഉൾപ്പെടുത്തി പൊതു മുതൽ സംരക്ഷണസമിതി രൂപീകരിക്കുകയും അതാത് പ്രദേശത്തെ മരാമത്ത് പണികൾ ഇത്തരം സമിതികളെ ഏൽപ്പിക്കുകയും ചെയ്താൽ പാഴ്ച്ചെലവ് ഒഴിവാക്കാം.മനുഷ്യാദ്ധ്വാനം പഠനനിലവാരം ഉയർത്താനും ആരോഗ്യവിദ്യാഭ്യാസത്തിനും കൃഷിക്കും, വ്യവസായത്തിനും തുടങ്ങിയ ഒട്ടനവധി മേഖലകളിൽ ഉപയോഗിക്കാം സാംസ്കാരിക സംഘടനകൾക്കുള്ള സ്വാധീനത്തെ നമുക്കു ഉപയോഗിക്കാൻ കഴിയണം . അതു കൊണ്ട് ഈ സംഘടനകളുടെ ഇടപെടൽ ഈ മേഖലയിൽ വമ്പിച്ച മാറ്റങ്ങൾ ഉണ്ടാക്കും.

സാദ്ധ്യതകൾ

1. പഞ്ചായത്തു നൽകാനുള്ള വെള്ളക്കര ക്കുടിശ്ശിക എഴുതിത്തള്ളണം
2. പഞ്ചായത്തുകൾക്കുള്ള ഉപാധിരഹിത ഫണ്ടിന്റെ വിനിയോഗത്തിന് സർക്കാർ ഏർപ്പെടുത്തിയ ഉപാധികൾ പിൻവലിക്കണം.
3. സന്നദ്ധസംഘടനകൾക്കുള്ള സഹായ പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്താനുള്ള പദ്ധതി രജിസ്റ്റർ ചെയ്ത വികസന സമിതികൾക്ക് കേന്ദ്ര ഗവൺമെന്റ് ഏജൻസികളിൽ നിന്ന് പലവിധ വികസനപ്രവർത്തനങ്ങൾക്കായി പ്രോജക്ട് അടിസ്ഥാനത്തിൽ ധനസഹായം ലഭിക്കും.
4. വിവാഹങ്ങൾ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുമ്പോൾ ഫീസ് ഏർപ്പെടുത്തണം.
5. ഗ്രാമവികസന ബോർഡിൽ നിന്ന് ലോൺ എടുത്ത് കമ്മ്യൂണിറ്റിഹാളും ഷോപ്പിംഗ് ക്ലോംപ്ലക്സും പണിയാവുന്നതാണ്.
6. ഉദ്യോഗസ്ഥരിൽ നിന്നും കച്ചവടക്കാരിൽ നിന്നും ആണ് തൊഴിൽ നികുതി പിരിക്കുന്നത് ഉയർന്ന കാർഷിക വരുമാനമുള്ള കൃഷിക്കാർ മറ്റു തൊഴിലുകൾ ചെയ്യുന്നവർ എന്നിവരേയും തൊഴിൽ നികുതിയുടെ പരിധിയിൽ കൊണ്ടു വരേണ്ടതാണ്
7. പഞ്ചായത്തിന് ഒരു ക്രെഡിറ്റ് പ്ലാൻ തയ്യാറാക്കണം
8. പുതുക്കിപ്പണിത കെട്ടിടങ്ങളുടെ നികുതിയും പരിഷ്ക്കരിക്കണം.
9. പഞ്ചായത്തിന്റെ ചെലവുകൾ സുതാര്യമാക്കുവാനുള്ള നടപടിസ്വീകരിക്കുക ഉദാ:– കണക്കുകൾ അച്ചടിച്ച് പ്രസിദ്ധീകരിക്കുക, ഗ്രാമസഭകളിൽ അവതരിപ്പിക്കുക
10. ഇപ്പോൾ നികുതിയിൽ നിന്നൊഴിവാക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങൾ പുന:പരിശോധിച്ച് നികുതി ഏർപ്പെടുത്തിയ കെട്ടിടങ്ങളുടെ തന്നെ അസ്സെസ്സ്മെന്റ് നടത്താൻ സ്വീകരിക്കുന്ന മാനദണ്ഡങ്ങളെക്കുറിച്ച് പൊതുജനങ്ങളെ അറിയിക്കേണ്ടതാണ്.
11. നിർമ്മാണപ്രവർത്തനങ്ങൾക്കും മറ്റ് സാമൂഹ്യ പ്രവർത്തനങ്ങൾക്കും സന്നദ്ധ പ്രവർത്തനങ്ങൾ പരമാവധി പ്രയോജനപ്പെടുത്താം
12. വിദ്യാഭ്യാസ ആരോഗ്യപ്രവർത്തനങ്ങൾക്ക് പൊതുകാര്യ പ്രസക്തരിൽ നിന്ന് ധനസഹായം സംഭാവനയായി സ്വരൂപിക്കാവുന്നതാണ്.

പട്ടിക 1

ഗ്രാന്റ് രജിസ്റ്ററും, സ്പെഷ്യൽ ഗ്രാന്റ് രജിസ്റ്ററും

VRM രൂപ	VTC രൂപ	അടിസ്ഥാനനികുതി 25% രൂപ	75% രൂപ	JRY രൂപ	അൺടൈഡ് ഫണ്ട് രൂപ	ML രൂപ	SP/Ground
1	2	3	4	5	6		
തുക 14215	44537	71621	108456	82,200/-	254500/-	ഇല്ല	ഇല്ല


പട്ടിക 2

വാർഡ്	വ്യവസായ വ്യാപാരം	ഹോട്ടലുകൾ	സാധാരണ കടകൾ	മറ്റുള്ളവ	ആകെ	ആകെ ഫീസ്
1	2	3	4	5		
I to IX	72	3	130	16	221	8390


പട്ടിക 3

ചെലവ് സംബന്ധിച്ച വിവരങ്ങൾ

ഇനം	തുക
1	2
ഭരണം	702844.50
പൊതുമരാമത്ത്	7042.00
വിദ്യാഭ്യാസം	8091.00
ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം	14428.00
തെരുവുവിളക്കുകൾ കത്തിക്കുന്നത്	40488.00
മറ്റുള്ളവ	38081.00
ആകെ	810974.00



അഞ്ചുതെങ്ങം മുതലപ്പൊഴി



അഞ്ചുതെങ്ങ് കോട്ട

പട്ടിക 3

വരവ് സംബന്ധിച്ച വിവരങ്ങൾ(1995-96)

ഇനം	പിരിച്ചത്	
1	2	
കെട്ടിട നികുതി	32831.15	
സർവ്വീസ് ചാർജ്ജ്	-	
തൊഴിൽ നികുതി	42390.00	
വാഹനനികുതി	-	
വിനോദനികുതി	9517.00	
അഡി. വിനോദിനികുതി	5603.00	
പ്രദർശനനികുതി	1782.00	
പ്രദർശനനികുതിയിന്മേലുള്ള സർചാർജ്ജ്	452.00	
ചന്തവരവ്	27301.60	
ലാന്റ് സെസ്സ്	-	
ലൈസൻസ്ഫീസ്	83390.00	
കെട്ടിടനികുതി ചാർജ് ലൈബ്രറി സെസ്സ്	1508.25	
വസ്തുകൈമാറ്റനികുതി 75%	108456.00	
വസ്തുകൈമാറ്റനികുതി 25%	71621.00	
സർക്കാർ ഗ്രാന്റുകളും മറ്റും ഒഴികെയുള്ള		
മറ്റു വരവുകൾ	14974.39	
സംഭാവന	-	
ഡെപ്പോസിറ്റ്	2130.51	
മറ്റുള്ളവ (സർക്കാർ ഗ്രാന്റുകൾ)	512637.00	
ആകെ	83,9594.90	

സേവനമേഖലയിലെ ജീവനക്കാരെ സംബന്ധിച്ച വിവരങ്ങൾ

വിദ്യാഭ്യാസം

എണ്ണം	സർക്കാർ	സഹകരണ	സ്വകാര്യ	ആകെ
സ്ഥാപനങ്ങൾ	3	–	8	11
ജീവനക്കാർ	23	–	124	147

ആരോഗ്യം

എണ്ണം	സർക്കാർ	സഹകരണ	സ്വകാര്യ	ആകെ
സ്ഥാപനങ്ങൾ	3	–	1	4
ജീവനക്കാർ	37	–	2	39

മറ്റ് സേവന മേഖലകൾ

എണ്ണം	സർക്കാർ	സഹകരണ	സ്വകാര്യ	ആകെ
സ്ഥാപനങ്ങൾ	11	3	1	15
ജീവനക്കാർ	59	9	5	73

പഞ്ചായത്ത് രാജ് നിയമപ്രകാരം മറ്റു വകുപ്പുകളിൽ നിന്നും അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ

വകുപ്പ്	പദ്ധതിയേതരവിഹിതം	ആകെ	പദ്ധതിവിഹിതം
മൃഗസംരക്ഷണം	3000	3000	–
ആരോഗ്യം	5500	5500	–
കൃഷി	8000	8000	–
ഹരിജനക്ഷേമം	1000	1000	–
മറ്റുള്ളവ	31240	31240	–
ആകെ	48740	48740	–

വികലാംഗരെ സംബന്ധിച്ചവിവരങ്ങൾ

വികലാംഗർസർവേഫാം പട്ടിക

വാർഡ്	പുരുഷൻ	സ്ത്രീകൾ	ആകെ
1	13	12	25
2	12	9	21
3	6	9	15
4	9	7	16
5	5	15	20
6	14	12	26
7	12	5	17
8	18	14	32
9	17	7	24
ആകെ	106	81	187

(പഞ്ചായത്തിൽ മൊത്തം 187 പേർ വികലാംഗരാണെന്ന് കണ്ടുപിടിച്ചിരിക്കുന്നു.)




കട്ടമരം

സ്മരണാഞ്ജലി



എ.ജി. പെരേര
മുൻ പഞ്ചായത്ത്പ്രസിഡന്റ്



റ്റി.പി. നടരാജൻ
മുൻ മെമ്പർ

പട്ടികജാതി–പട്ടികവർഗ്ഗം

ആദിദ്രാവിഡർ എന്നറിയപ്പെട്ടിരുന്ന ജലവിഭാഗം ഇന്ന് പലപേരുകളിലാണ് അറിയപ്പെടുന്നത്. ആര്യന്മാരുടെ വരവോടുകൂടി അടിമത്തം അനുഭവിച്ചു തുടങ്ങിയ ഈ ദ്രാവിഡവിഭാഗം അതായത് പട്ടികജാതി–പട്ടികവിഭാഗം ഇന്നും ഈ സ്ഥിതിയിൽനിന്നും മോചിതമായിട്ടില്ല. ഹരിയുടെ ജനം എന്ന് ഗാന്ധിജി പേരിട്ട ഈ വിഭാഗത്തെ അടിമത്തത്തിന്റെ ചൂഷണത്തിന്റെയും കൈകളിൽനിന്നും മോചിപ്പിക്കാൻ പൂർണ്ണമായും സാധിച്ചിട്ടില്ല. സ്വാതന്ത്ര്യാനന്തരഭാരതത്തിൽ ഇന്ത്യയുടെ പലഭാഗങ്ങളിലും ആവിർഭവിച്ച് സാമൂഹ്യനവോത്ഥാന പ്രസ്ഥാനങ്ങളുടേയും പുരോഗമന പ്രസ്ഥാനങ്ങളുടെയും പ്രവർത്തനങ്ങളുടേയും പോരാട്ടങ്ങളുടേയും ഫലമായി പട്ടികജാതി–വർഗ്ഗക്കാർക്ക് നിയമനിർമ്മാണ സഭകളിലേക്കും ഉദ്യോഗസ്ഥതലങ്ങളിലേക്കും കടന്നുവരാൻ കഴിഞ്ഞു. എങ്കിലും നമ്മുടെ പഞ്ചായത്തിലെ പട്ടികജാതിക്കാർക്ക് മറ്റു ജാതിമത വിഭാഗങ്ങളോടൊപ്പം എത്തിച്ചേർന്നിട്ടില്ല.

ഈ അവസ്ഥയ്ക്കുള്ള പ്രധാന കാരണം പരാധീനതയും വിദ്യാഭ്യാസ പിന്നോക്കാവസ്ഥയും തന്നെ പട്ടികജാതി മേഖലയിൽ ഗവൺമെന്റ് രൂപകല്പന ചെയ്ത പദ്ധതികളൊന്നും യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭിക്കാറില്ല എന്നതാണ് പ്രശ്നം. പഞ്ചായത്തിൽ ഒരു കോളനി ഉള്ളത് ആറാം വാർഡ് പുത്തൻനട കോളനിമാത്രമാണ്. നെടുംങ്ങണ്ട മലവിള ലക്ഷംവീട് കോളനിയാണെങ്കിലും അംഗീകാരമില്ല.

കർഷകതൊഴിലാളികളുടെ ഒരു നിരയാണ് ഉള്ളത്. സ്വയം തൊഴിൽ കണ്ടെത്താനുള്ള പ്രവണത കുറവാണെന്നുപറയാം. ഗൾഫ് മേഖല, സ്വകാര്യസ്ഥാപനങ്ങൾ എന്നിവയിൽ ജോലിയുള്ളവരും കുറവാണ്. കർഷകതൊഴിലാളികളായ സ്ത്രീകൾ പ്രധാനമായും ഓല മുടയുന്നവർ മാത്രമാണ്. വിദ്യാഭ്യാസരംഗത്ത് ഇപ്പോഴും പിന്നോക്കാവസ്ഥ നിലനിൽക്കുന്നു.

ആരോഗ്യപരിപാലനരംഗത്ത് പ്രത്യേകക്ഷേമപരിപാടികളൊന്നും നിലവിലില്ല. പൊതുവെയുള്ള ആരോഗ്യപരിപാടികളുടെ ഭാഗമായി ഇവരിൽ ഗർഭിണികൾക്കും കുട്ടികൾക്കും പരിരക്ഷനൽകുന്നുണ്ട്. പരിസരശുചീകരണത്തിന് സമഗ്രമായ പരിപാടികളൊന്നും ആവിഷ്ക്കരിക്കപ്പെട്ടിട്ടില്ല.

സ്ത്രീപുരുഷന്മാർ പല സംഘടനകളിലും പ്രവർത്തിക്കുന്നുണ്ടെങ്കിലും നേതൃത്വപരമായി കാര്യമായ പങ്ക് വഹിക്കുന്നില്ല. സാംസ്കാരിക സംഘടനകളിലും പ്രവർത്തിക്കുന്നവരുടെ എണ്ണം വളരെ കുറവാണ്. കലാകായികരംഗങ്ങളിൽ ചുരുക്കം പേർ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവർക്കുവേണ്ട പ്രോത്സാഹനം ലഭിക്കുന്നില്ല.

ഗ്രാമസഭനിർദ്ദേശങ്ങൾ

1. പട്ടികജാതിക്കാർക്കു ലഭിക്കേണ്ട ആനുകൂല്യങ്ങളെക്കുറിച്ച് ബോധവൽക്കരണം
2. IRDP ലോൺ, കർഷകതൊഴിലാളി പെൻഷൻ എന്നിവ കാലതാമസം കൂടാതെ ലഭ്യമാക്കാനുള്ള സാഹചര്യം ഉണ്ടാക്കണം.
3. കലാസാംസ്ക്കാരിക സംഘടനകൾ ഉണ്ടാക്കുക.
4. മലവിള ലക്ഷംവീട് കോളനിയാക്കി അംഗീകരിക്കുക
5. IRDP പദ്ധതിയിൽ ചെറുകിടവ്യവസായങ്ങൾ തുടങ്ങുക.
6. ഫർണിച്ചർ നിർമ്മാണതൊഴിൽ സംരംഭകരുടെ സൊസൈറ്റി രൂപീകരിക്കുക.
7. പൊതു ശ്മശാനം ഉണ്ടാവണം
8. വീടുകൾ പുതുക്കിപണിയാൻ ധനസഹായം
9. സാമ്പത്തികമായി ഉയർന്നവർക്ക് ആനുകൂല്യങ്ങൾ നല്കാതെ അവ താഴെയുള്ളവർക്ക് ലഭ്യമാക്കണം.
10. സാക്ഷരതാ പ്രവർത്തനവും, തുടർ വിദ്യാഭ്യാസവും നടത്തുക.

സാദ്ധ്യതകൾ

1. പട്ടിക ജാതിക്കാർക്കായി ക്ഷേമ പ്രവർത്തനത്തിനുവേണ്ടി പഞ്ചായത്തുതല സെൽ രൂപീകരിക്കുക.
2. കലാ-കായികപ്രതിഭകളെ കണ്ടെത്തി പഞ്ചായത്തു ദത്തെടുത്ത് അവർക്കുവേണ്ടി സഹായ സഹകരണങ്ങൾ ചെയ്തു കൊടുക്കണം.
3. കലാസാംസ്ക്കാരിക രംഗങ്ങളിലും ബഹുജന സംഘടനകളിലും പ്രവർത്തിക്കാനും നേതൃത്വ പരമായ പങ്ക് വഹിക്കാനും പ്രേരിപ്പിക്കുക.
4. എല്ലാ വാർഡുകളിലും പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് സ്വന്തമായി വീടു നിർമ്മിക്കുന്നതിന് വായ്പ ലഭ്യമാക്കുക.
5. നിലവിലുള്ള വായ്പാതുക വർദ്ധിപ്പിക്കുക.
6. വായ്പ നല്കുന്നതിനുള്ള നിബന്ധനകൾ ലഘൂകരിക്കുക.
7. വൈദ്യുതി എത്താത്ത എല്ലാ വീടുകൾക്കും സൗജന്യമായി വൈദ്യുതി എത്തിക്കണം.
8. പട്ടികജാതി-വർഗ്ഗ വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിന് കോളനികൾ കേന്ദ്രീകരിച്ച് ട്യൂഷൻ സെന്റർ സ്ഥാപിക്കണം.
9. ഭൂരഹിതരെ പുനരധിവസിപ്പിക്കുന്നതിന് സർക്കാർ സഹായത്തോടെ സ്ഥലം വാങ്ങുന്നതിനുള്ള നടപടിയെടുക്കുക.
10. പഞ്ചായത്തിൽ സഹകരണസംഘം ഉണ്ടാകണം.
11. ക്ഷയം, കുഷ്ഠം തുടങ്ങിയ രോഗങ്ങൾ ബാധിച്ച പട്ടികജാതി/വർഗ്ഗക്കാർക്ക് ഗവൺമെന്റ് അനുവദിച്ചിട്ടുള്ള പെൻഷൻ അവർക്കുതന്നെ ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുക.
12. പരിസര ശുചീകരണത്തിന് സന്നദ്ധസംഘടന രൂപീകരിക്കുക.
13. മിശ്ര വിവാഹങ്ങൾ സംഘടിപ്പിക്കുക.
14. സമൂഹത്തിന്റെ മുഖ്യധാരയിലേക്കുകൊണ്ടുവരാൻ മറ്റു സംഘടനകളും സന്നദ്ധപ്രവർത്തനം നടത്തേണ്ടതാണ്.
15. സാമ്പത്തിക സമ്പാദ്യപദ്ധതികളിൽ പണം നിക്ഷേപിക്കാൻ സ്ത്രീകളെ പ്രോത്സാഹിപ്പിക്കുക.
16. പട്ടികജാതിയുവ വനിതകൾക്കും, യുവാക്കൾക്കും പ്രത്യേക ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കണം.
17. പഞ്ചായത്തിൽ പട്ടികജാതിക്കാർ കൂടുതൽ ഉള്ള പ്രദേശങ്ങളെ കോളനികളായി പ്രഖ്യാപിക്കുക.

സാമൂഹിക ക്ഷേമം

അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിൽ സർവ്വേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം 1433 ആണ് എന്നാണ് ഗ്രാമവികസന വകുപ്പിന്റെ കണക്കിൽ കാണുന്നത് ഇത് ശരിയല്ല. യഥാർത്ഥത്തിൽ അർഹരായ ധാരാളം പേർ ഒഴിവാക്കപ്പെട്ടിരിക്കുന്നു. നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ 124 ആണ് ഇതിൽ സഹായം ലഭിച്ചതു വഴി ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്തിയ കുടുംബങ്ങൾ 21 ആണ്.

പട്ടിക 1

വാർഡ് നമ്പർ	സർവേപ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം	ഇതിൽ SC/ST കുടുംബങ്ങൾ	നാളിതുവരെ സാമ്പത്തികസഹായം ലഭിച്ച കുടുംബങ്ങൾ	ഇതിൽ SC/ST	സഹായം ലഭിച്ചതുവഴി ദാരിദ്ര്യരേഖയ്ക്കു മുകളിലെത്തിയ കുടുംബങ്ങൾ	ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ)
1	2	3	4	5	6	7
I to IX	143	106	124	30	21	1412

ഡി.ഡബ്ല്യൂ. സി.ആർ. എ

പത്തുമുതൽ പതിനഞ്ച് വരെ അംഗങ്ങൾഉള്ള വനിതാഗ്രൂപ്പുകൾക്കാണ ധനസഹായം ലഭിക്കുന്നത്. ഐ. ആർ.ഡി.പി യുടെ അനുബന്ധ പരിപാടിയായ ഈ പദ്ധതി കാര്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ ഏറെയുള്ള പ്രദേശമായിരുന്നിട്ടു കൂടി പഞ്ചായത്തിൽ ഒരു യൂണിറ്റു മാത്രമേ പ്രവർത്തിപ്പിക്കുവാൻ കഴിഞ്ഞുള്ളൂ വളരെ പുരോഗതി ഒന്നും യൂണിറ്റിൽ നിന്നും ഉണ്ടായിട്ടില്ല.

ട്രൈസം

ഗ്രാമീണ മേഖലയിൽ യുവതീ-യുവാക്കൾക്കുള്ള സ്വയം തൊഴിൽ സംരംഭകർക്കുള്ള പരിശീലനപദ്ധതിയായ ട്രൈസം പദ്ധതി പഞ്ചായത്തിൽ നിലവിലുണ്ട് ചെറുകിട കുടിൽ വ്യവസായ മേഖലകളിൽ സാങ്കേതിക പരീശീലനം നൽകി വായ്പയും, സബ്സിഡിയും വഴി നിശ്ചിത തൊഴിലുകളിൽ ഏർപ്പെടുത്തതിന് ധനസഹായം നൽകുന്നതാണ് ഈ പദ്ധതി.

പട്ടിക 2

വാർഡ്	പരിശീലനവിഷയത്തിന്റെ പേര്	പരീശീലനം ലഭിച്ച വരുടെ എണ്ണം	സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം.	ഇതരതൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ	അവശേഷിക്കുന്നവർ
1	2	3	4	5	6
	ബുക്ക് ബയിന്റിംഗ്	2	2		
	പ്ലാബിംഗ്	1	1		
	വയർമാൻ	1	1		
	കൊപ്ര പ്രോസ്സസിംഗ്	6	6		

പട്ടിക 4

DWCRA പദ്ധതി പ്രകാരം രൂപപ്പെട്ട് തൊഴിൽ സംരംഭങ്ങളുടെ വിവരം

വാർഡ്	തെഴിൽ സംരംഭത്തിന്റെ ഇനം	ആരംഭിച്ച വർഷം	പ്രവർത്തികുന്ന അംഗങ്ങളുടെ എണ്ണം	പ്രവർത്തനക്ഷമത സംബദ്ധിച്ച കുറിപ്പ്
1	2	3	4	5
VII	കൊപ്രാപ്രോസ്സസിംഗ്	1993-94	10	5മാസം കൊണ്ട് പ്രവർത്തിക്കുന്നില്ല

പട്ടിക 5

ഭവനനിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം

വാർഡ് നമ്പർ	വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം IRDPസർവ്വേ പ്രകാരം	വിവിധ പരിപാടികളിലായി അനുവദിച്ചവീടുകൾ	പൂർത്തീകരിച്ചവീടുകൾ	അനുവദിച്ചതിൽ ഇനി പൂർത്തിയാക്കാനുള്ള വീട്	ഇനിയും അനുവദിക്കേണ്ട വീടുകളുടെ എണ്ണം
1	2	3	4	5	6
1-9	729	IAY -7 MWS -2 JRY -1	4 2 1	3	722

പട്ടിക 6

കക്കൂസുകൾ സംബന്ധിക്കുന്ന വിവരം

വാർഡ് നമ്പർ	സാനിട്ടറി കക്കുസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം IRDP പ്രകാരം	വിവിധ പദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകളുടെഎണ്ണം (1992 നുശേഷം)	പൂർത്തികരിച്ചവയുടെ എണ്ണം	ഇനികക്കുസുകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം
1	2	3	4	5
1–9	1014	574	574	859

പട്ടിക –9

ഗ്രാമീണ കൈതൊഴിലുകൾക്ക് ആധുനിക ഉപകരണങ്ങൾ നല്കുന്ന പരിപാടി (RAP)

വാർഡ് നമ്പർ	IRDP സർവ്വേ പ്രകാരം ഗ്രാമീണ കൈത്തൊഴിലുകാരുടെ എണ്ണം	സഹായം ലഭിച്ചവരുടെ എണ്ണം	ഇനിസഹായത്തിന് അർഹതയുള്ളവരുടെ എണ്ണം	കുറിപ്പ്
1	2	3	4	5
I to IX	12	4	5	

പ്രശ്നങ്ങൾ

1. ഈ പഞ്ചായത്തിലെ തീരപ്രദേശ അങ്കണ വാർഡുകൾ ശക്തിപ്പെടുന്നില്ല.
2. അർഹതപ്പെട്ടവർക്ക് പെൻഷൻ കിട്ടുന്നില്ല
3. വൃദ്ധമന്ദിരം ഇല്ല
4. അങ്കണവാടികളുടെ പ്രവർത്തനം അവലോകനം നടത്തുന്നതിനുള്ള ജനകീയ കമ്മറ്റികളുടെ ഇടപെടൽ ഇല്ല.
5. പോഷകമൂല്യആഹാരങ്ങളുടെ അളവിൽ എത്തുന്നുണ്ടോയെന്ന് പരിശോധിക്കുവാൻ രക്ഷകർത്താക്കൾ തയ്യാറാകുന്നില്ല.
6. അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടം ഒന്നിനും ഇല്ല.
7. അർഹമായ കുടുംബങ്ങൾക്ക് എല്ലാ സാമൂഹ്യ ക്ഷേമ പദ്ധതിപ്രകാരം സഹായം ലഭിക്കുന്നില്ല.
8. ഐ.ആർ.ഡി.പി പോലുള്ള പദ്ധതികളെ ക്കുറിച്ചുള്ള അറിവില്ലായ്മ
9. ഗ്രാമസഭകൾ നിലവിൽ വന്നെങ്കിലും സാമൂഹ്യ ക്ഷേമമേഖലകളിൽ ഉദ്യോഗസ്ഥമേധാവിത്വം ആനുകൂല്യം ലഭിക്കാതെ വരുന്നത്
10. ഐ.ആർ.ഡി.പി ലോണെടുക്കുന്നവർ ചൂഷണത്തിനു വിധേയമാവുന്നു.
11. അസംസ്കൃതവസ്തുകൾക്ക് പ്രാദേശികകമ്പോളത്തിൽ കൂടുതൽ വില നൽകേണ്ടിവരുന്നു.
12. ക്ഷേമപദ്ധതികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മുൻഗണനാക്രമം നിശ്ചയിക്കുന്നത് ജനകീയമായ രീതിയിലല്ല

13. സംയോജിത ശിശുവികസന പദ്ധതിയുടെ കാര്യക്ഷമതയില്ലായ്മ

14. വനിതാസമാജങ്ങളുടെ അപര്യാപ്തത സ്ത്രീകളുടെ വിവിധ ക്ഷേമപദ്ധതി കളെക്കുറിച്ചുള്ള ബോധവൽക്കരണത്തെ ബാധിക്കുന്നു. നിലവിലുള്ള മഹിളാസമാജങ്ങളുടെ പ്രവർത്തനം തൃപ്തികരമാകുന്നില്ല.

നിർദ്ദേശങ്ങൾ

1. അങ്കണവാടി ജീവനക്കാരുടെ വേതനം ഉയർത്തുക ശരിയായ കുട്ടികളുടെ മനശാസ്ത്ര പരിശീലനം അദ്ധ്യാപകർക്കും ഹെൽപ്പർമാർക്കും നൽകുക

2. IRDP സർവ്വേയിൽ അർഹരായവരെ തിരെഞ്ഞെടുക്കുന്നത്ഗ്രാമസഭകളായിരിക്കണം

3. അങ്കണവാടികളുടെ പ്രവർത്തനം പഞ്ചായത്തിൽ രണ്ടുവാർഡുകൾ ചേർന്ന് പ്രവർത്തിക്കുന്ന ജന വിദ്യാകേന്ദ്രങ്ങളെ കൂട്ടിയിണക്കി പ്രവർത്തനങ്ങൾ വിലയിരുത്തുകയും പരിപാടികൾ ആവിഷ്കരിക്കുകയും ചെയ്യുക.

4. പഞ്ചായത്തിന്റെ പുറമ്പോക്ക് സ്ഥലങ്ങളിൽ അങ്കണവാടികൾക്ക് സ്ഥിരം കെട്ടിടങ്ങൾ ജനവിദ്യാകേന്ദ്രങ്ങളുമായി ചേർന്ന് ഉണ്ടാക്കികൊടുക്കുക

5. ട്രൈസം പരിശീലനം നല്കുന്നവർക്ക് തൊഴിൽ സാദ്ധ്യത ഉറപ്പുവരുത്തണം

6. എല്ലാധനസഹായവും ഏകീകരിച്ച് പഞ്ചായത്തു വഴി വിതരണം ചെയ്യുക.

7. പെൻഷനുകൾ അനുവദിക്കുന്നത് വാർഡ് വികസനസമിതിയുടെ ശുപാർശയനുസരിച്ച് പഞ്ചായത്തായിരിക്കണം, കൃത്യതപാലിക്കാൻ ഇതു സഹായിക്കും

8. അങ്കണവാടികൾക്ക് ആവശ്യമായ ഉപകരണങ്ങൾ നല്കുക

9. ആനുകൂല്യങ്ങളെക്കുറിച്ച് എല്ലാവർക്കും അറിയാൻ സാഹചര്യം ഉണ്ടാക്കണം

10. സംരക്ഷകരില്ലാത്ത വൃദ്ധജനങ്ങൾക്കു വേണ്ടി വൃദ്ധസദനം സ്ഥാപിക്കണം

12. പൊതു ശ്മശാനം സ്ഥാപിക്കണം

13. മദ്യവർജ്ജനബോധവൽക്കരണം നടത്തണം

14. പഞ്ചായത്തിൽ 5 പലവ്യജ്ഞനമാവേലിസോറ്റാർ ഉണ്ടാവണം

15. വെള്ളപ്പൊക്കംമൂലവും, കടൽക്ഷോഭവും ഉണ്ടാകുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ രണ്ടു റിലീഫ് ക്യാമ്പുകൾ പഞ്ചായത്തിൽ ആരംഭിക്കണം

16. പഞ്ചായത്തിൽ ഒരു വില്ലേജാഫീസും, താലൂക്കാഫീസിന്റെ ഒരു ചെറിയവിങ്ങും ഉണ്ടാകണം

17. സപ്ലൈ ഓഫീസിന്റെ പ്രവർത്തനം ബ്ലോക്ക് തലത്തിൽ വ്യാപിപ്പിക്കണം

18. ഭൂരഹിതകർഷകർക്ക് സ്ഥലം വാങ്ങി വീടുവയ്ക്കണം

19. പട്ടയം ഇല്ലാത്തവർക്ക് പട്ടയം നൽകുവാനും, കിട്ടാത്തവർക്ക് എത്രയും പെട്ടെന്ന് ലഭിക്കാനുമുള്ള നടപടി സ്വീകരിക്കണം

20. പെൻഷനുകൾ മണിഓർഡറായി അയയ്ക്കുക

21. അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിന് സ്വന്തമായി ഓഫീസ്മന്ദിരം നിർമ്മിക്കുക.

22. പൊന്നിൻതുരുത്തിൽ ടൂറിസം പദ്ധതി നടപ്പിലാക്കുക

തീരദേശപഞ്ചായത്ത് എന്ന നിലയിൽ ടൂറിസം വികസനത്തിന് സാദ്ധ്യതയുണ്ട് അഞ്ചുതെങ്ങ് പഞ്ചായത്തിനോട് ചേർന്നു കിടക്കുന്ന അകത്ത് മൂറികായലിലെ "പൊന്നിൻതുരുത്ത്" (തുരുത്തിൽ) ടൂറിസ്റ്റുകളെ ആകർഷിക്കുന്ന ടൂറിസ്റ്റ് കേന്ദ്രമായി പ്രഖ്യാപിക്കുക.

23. വാർഡ് 4(കോട്ടയ്ക്കപ്പുറം), 5 (തീരദേശത്ത്) 6 (ലക്ഷം വീട്) 8 (കോപിൻതോട്ടം) എന്നീ ഭാഗങ്ങളിൽ പുതിയ അങ്കൻവാടികൾ തുടങ്ങണം.

24. അങ്കണവാടികളിൽ ക്ലാസ്സുകൾ തീർന്നാൽ വൈകുന്നേരങ്ങളിൽ ഒരു മണിക്കൂർ ജനവിദ്യാകേന്ദ്രങ്ങളുമായി ചേർന്ന് തുടർ വിദ്യാഭ്യാസപരിപാടിയും ഹൈസ്ക്കൂൾ,കോളേജ് യുവവനിതകൾ, അമ്മമാരുടെ ഒത്തു ചേരൽ രണ്ടാഴ്ചകളിൽ ഒരു ദിവസം നടത്തുക

25. പഞ്ചായത്തുതല സന്നദ്ധസംഘടനരൂപീകരിച്ച് പ്രവർത്തനം സജീവമാക്കണം

26. സാമൂഹ്യ ക്ഷേമരംഗത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ ഉദ്ദേശിച്ചുകൊണ്ടുള്ള കേന്ദ്ര സംസ്ഥാന ഗവർമെണ്ടുകളുടെ ദാരിദ്ര്യനിർമ്മാർജനപദ്ധതികളേയും തൊഴിൽ പദ്ധതികളേയും കുറിച്ച് വാർഡ് തലത്തിൽ ബോധവൽക്കരണ

ക്ളാസ്സുകൾ നടത്തുക

27. പട്ടികജാതി/പട്ടികവർഗ്ഗക്ഷേമത്തിനും വനിതാ ക്ഷേമത്തിനുമുള്ള പദ്ധതികളേയും കുറിച്ചുള്ള വിവരങ്ങൾ അംഗീകൃതകോളനികളിലും അങ്കണവാടികളിലും, ജനവിദ്യാകേന്ദ്രങ്ങളിലും പ്രസിദ്ധപ്പെടുത്തുക.

28. റേഷൻ കടകളിലൂടെ പലവ്യജ്ഞനങ്ങളുടെ വിതരണം സ്ഥാപിക്കുക

29. വിതരണംചെയ്യുന്ന സാധനങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുക. അവലോകനസംവിധാനങ്ങൾ ഉണ്ടാക്കുക.

30. IRDP ലോൺ ഒരു വർഷം ഒരു വാർഡിൽ 20 പേർക്കെങ്കിലും കൊടുക്കണം.

സാദ്ധ്യതകൾ

കമ്മേഴ്സ്യൽ ബാങ്കുകൾ ഈ പഞ്ചായത്തിൽ നിന്നും ശേഖരിക്കുന്ന നിക്ഷേപത്തുകയുടെ ഗണ്യമായ ഭാഗം സംസ്ഥാനത്തിനു പുറത്തേക്ക് കൊണ്ടുപോകുന്ന സാഹചര്യം കഴിവതും അതാതു പഞ്ചായത്തിൽ തന്നെ പ്രത്യുൽപാദനമേഖലയിലേക്ക് ഊന്നൽ കൊടുത്തു കൊണ്ട് വായ്പകൾ കൊടുക്കുന്ന സംവിധാനം ഉണ്ടാകേണ്ടതുണ്ട്.

സഹകരണ ബാങ്കിനെ കൂടുതൽ ശക്തിപ്പെടുത്തുകയും വായ്പവ്യവസ്ഥകൾ ഉദാരമാക്കുകയും ജനങ്ങളുടെ വ്യത്യസ്ഥ ആവശ്യങ്ങൾക്ക് വായ്പകൾ ലഭ്യമാക്കുകയും വേണം.

ഗൾഫ്

പഞ്ചായത്തിലെ 1100 പേർ കേരളത്തിനു പുറത്ത് ജോലി ചെയ്യുന്നുണ്ട് ഇതിൽ ഗണ്യമായ ഒരു വിഭാഗം ഗൾഫിലാണ് 70 കളുടെ ആദ്യത്തിലാണ് ഗൾഫ് കുടിയേറ്റം ആരംഭിച്ചത് വളരെ താഴ്ന്ന സാമ്പത്തിക സ്ഥിതിയിൽ ഉണ്ടായിരുന്നവർ പോലും ഗൾഫിൽ ജോലി ചെയ്ത് അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തിയിട്ടുണ്ട്

ഗൾഫ് മേഖലയിലെ പണം കൂടുതലും കെട്ടിട നിർമ്മാണങ്ങൾക്കാണ് വിനിയോഗിച്ചിരിക്കുന്നത്. ഉൽപാദനമേഖലയിൽ അങ്ങനെയാരും മുതൽ മുടക്കിയിട്ടില്ല. വീടുനിർമ്മാണം കഴിഞ്ഞാൽ പിന്നെ ഭൂമി വാങ്ങാനാണ് ഇങ്ങനെ ഭൂമി വാങ്ങുന്നത് കൃഷിചെയ്യാനല്ല മറിച്ച് വിൽപ്പനയിൽ കൂടി ലാഭമുണ്ടാക്കാനാണ് സ്വകാര്യ പണമാണ് നിക്ഷേപമായി വരുന്നത്. ഇതിനു പുറമേ ഗൾഫ് പണമാണ് നിക്ഷേപമായി വരുന്നത്. ഇതിനു പുറമേ ഗൾഫ് പണം പൊതുവേ നിക്ഷേപമായി ധനകാര്യസ്ഥാപനങ്ങളിൽ വരുന്നെങ്കിലും NRE അക്കൗണ്ടുകൾക്ക് സൗകര്യമുള്ള കമേഴ്സ്യൽ ബാങ്കുകൾക്കാണ് ഈ നിക്ഷേപം കൂടുതൽ ലഭ്യമാകുന്നത് . വിദേശ ഇന്ത്യാക്കാർക്ക് ഇന്നു ലഭിക്കുന്ന ആനുകൂല്യങ്ങളിൽ ഒട്ടും കുറവു വരുത്താതെ തന്നെ NRE അക്കൗണ്ടു സൗകര്യം കൊടുക്കാൻ സർക്കാർ നടപടി സ്വീകരിക്കേണ്ടതുണ്ട്. ഇത് സഹകരണ ബാങ്കുകളെ ശക്തിപ്പെടുത്തുക എന്നതിലുപരി ഗ്രാമീണ വായ്പ മേഖലയെ വിപുലമാക്കാനും അതുവഴി ഹുണ്ടി കക്കാരുടെ നീരാളി പിടുത്തത്തിൽ നിന്ന് സാധാരണക്കാരെ രക്ഷിക്കാൻ സഹായിക്കുകയും ചെയ്യും.

മത രാഷ്ട്രീയ സാംസ്ക്കാരിക സംഘടനകൾക്ക് നമ്മുടെ ഗൾഫ് സുഹൃത്തുകളിൽ നിന്നും ഉദാരമായ സാമ്പത്തിക സഹായം ലഭിക്കാറുണ്ട്. എന്നാൽ നമ്മുടെ പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങളിൽ ഇവരെയും പങ്കാളികളാക്കാൻ വേണ്ട ശ്രമങ്ങൾ ഇനിയും നടത്തേണ്ടിയിരിക്കുന്നു. പഞ്ചായത്തിന്റെ വരുമാനത്തിലെ ഗണ്യമായ ഒരു ഭാഗം ചെലവഴിക്കപ്പെടുന്നത് റോഡുകളുടെ അറ്റകുറ്റപ്പണികൾക്കാണ്. JRY പോലുള്ള തൊഴിൽ ദാന പദ്ധതികൾ നടപ്പാക്കുമ്പോൾ അതിലെ കൂലി സംബന്ധിച്ച വ്യവസ്ഥകൾ പാലിക്കപ്പെടേണ്ടതുണ്ട് അതാകട്ടെ നമ്മുടെ നാട്ടിലെ യഥാർത്ഥ്യങ്ങളുമായി പൊരുത്തപ്പെടുന്നതുമല്ല. ഈ സ്ഥിതി വിശേഷം മുറിച്ച് കടക്കണമെങ്കിൽ ഗണ്യമായ പൊതുജന സാമ്പത്തിക പങ്കാളിത്തം ഉണ്ടായേ പറ്റൂ. ഇതിൽ തന്നെ ഓരോ റോഡിന്റെയും ഉപഭോക്താക്കളായി വരുന്ന,ഗൾഫ് മേഖലയിൽ തൊഴിലെടുക്കുന്നവരുടെ സാമ്പത്തിക സഹായങ്ങൾ സംഭരിക്കാൻ ശ്രമം നടത്തേണ്ടതാണ്.

സന്നദ്ധ പ്രവർത്തനങ്ങൾ

പൊതുകാര്യങ്ങൾക്കായി സന്നദ്ധസേവനം സംഘടിപ്പിച്ച് വിജയിപ്പിച്ചതിന്റെ സമ്പന്നമായ പാരമ്പര്യം ഉള്ളവരാണ് നമ്മൾ നമ്മുടെ പഞ്ചായത്തിലെ പ്രധാന ജല നിർഗ്ഗമന മാർഗ്ഗങ്ങളായിരുന്നു തോടുകൾ, ഇന്ന് വേണ്ടത്ര പരിരക്ഷിക്കപ്പെടാതെയും പല കാരണങ്ങളാലും പരസ്പരബന്ധം നഷ്ടപ്പെട്ടു കിടക്കുകയാണ്. യഥാർത്ഥത്തിൽ ഈ തോടുകൾക്ക് നമ്മുടെ ജീവിതത്തിലുള്ള പ്രാധാന്യം നാം മറന്നു പോയിരിക്കുന്നു. ഈ തോടുകൾക്ക് ആഴം കൂട്ടിയും ഇടക്കിടെ തടയണകൾകെട്ടിയും നിലനിർത്തിയെങ്കിലെ ഇന്ന് പഞ്ചായത്തിലെ പല ഭാഗങ്ങളിലും അനുഭവപ്പെടുന്ന വെള്ളക്കെട്ട് ഒഴിവാക്കുവാനും വേനൽക്കാലത്തെ വരൾച്ച തടയാനും സാധിക്കുകയുള്ളു. ഈ ജോലി സന്നദ്ധപ്രവർത്തനങ്ങളിൽക്കൂടി ചെയ്യാൻ നമ്മുക്ക് കഴിയേണ്ടതാണ്. നമ്മുടെ സ്കൂളിലെ വിദ്യാഭ്യാസ നില

വാരം ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നതിനായി സ്ക്കുൾ കോപ്ലക്സുകളും വിദ്യാ ജോതി തുടങ്ങിയ പദ്ധതി കളും നടപ്പിലാക്കണം ഈ പദ്ധതികൾ വിജയിപ്പിക്കുന്നതിനുവേണ്ടി നമ്മുടെ നാട്ടിലെ വിദ്യാസമ്പന്നരായ ആളുകളുടെ സന്നദ്ധസേവനം ഉപയോഗപ്പെടുത്താവുന്നതാണ് . പഠനകാര്യങ്ങളിൽ പിന്നോക്കം നില്ക്കുന്ന കുട്ടികൾക്ക് പ്രത്യേക ട്യൂഷൻ നല്കിയും പഠനസാമഗ്രികൾ നിർമ്മിക്കുന്നതിന് അധ്യാപകരെ സഹായിച്ചും ഇവർക്ക് ഈ രംഗത്ത് സന്നദ്ധസേവനം നടത്താവുന്നതാണ് അതാത് സ്ക്കുളുകളിലെ വിദ്യാഭ്യാസ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും P.T.A കൾ വളരെയധികം ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. കൂടുതൽ പങ്കാളിത്തം ഇക്കാര്യത്തിൽ ഉണ്ടാക്കാൻ ഇനിയും ശ്രമം നടത്തേണ്ടതുണ്ട്.

നിലവിലുള്ള പദ്ധതിയുടെ അവലോകനം

1992–93 മുതൽ 96–97 വരെ 125 കുടുംബങ്ങൾക്ക് IRDPസഹായം കൊടുത്തു. ഇതിൽ 29 വനിതകളും 32 ഹരിജനങ്ങളും ഉൾപ്പെടുന്നു. പത്തുപേർക്ക് ട്രൈസം പരീശീലനം കൊടുത്തു. 4പേർ ഹരിജനങ്ങളാണ്. 4 കരകൗശലതൊഴിലാളികൾക്ക് പണി ആയുധങ്ങൾ കൊടുത്തു 10 വനിതകൾക്കുള്ള DWCRA യൂണിറ്റ് രൂപീകരിച്ചു. ഇതിൽ 5പേർ ഹരിജനങ്ങളാണ് I.A.Y, M.W.S, JRY പദ്ധതിയിൽ 7 വീട് കൊടുത്തു നടപ്പുവർഷത്തിൽ 11 വീട് അനുവദിച്ചിട്ടുണ്ട് CRSPയിൽ രണ്ട് കക്കൂസുകൾ അനുവദിച്ചിട്ടുണ്ട്.

അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത് കെട്ടിടങ്ങളുടെ സ്ഥിതി വിവര പട്ടിക

വാർഡ്	കെട്ടിടങ്ങളുടെ എണ്ണം	ഓട്	ഓല	കോൺക്രീറ്റ്	ഒന്നിൽ ക്കൂടുതൽ നിലയുള്ള കെട്ടിടങ്ങളുടെ എണ്ണം
1	496	163	303	30	5
2	615	200	356	59	6
3	341	141	170	30	2
4	502	115	358	29	4
5	470	93	308	78	10
6	552	200	254	108	13
7	419	242	126	51	2
8	690	200	317	168	5
9	559	217	239	103	7
ആകെ	4644	1571	2431	656	54



ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

വിവിധ മേഖലകളെ കുറിച്ചുള്ള അവലോകനം ഉപസംഹരിക്കുന്നു. തുടർ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ട ടാസ്ക് ഫോഴ്സ് ഗ്രൂപ്പ് തല ചർച്ചകളിൽ ഉരുത്തിരിയുന്ന നിർദ്ദേശങ്ങൾ സ്കീമുകളും പ്ലാനുകളുമായി മാറ്റുക എന്ന സാങ്കേതിക പരിജ്ഞാനമാവശ്യപ്പെടുന്ന ജോലി നിറവേറ്റും, ഗ്രൂപ്പു തല ചർച്ചകളുടെ ക്രോഡീകരണ റിപ്പോർട്ടുകൾ ഈ വികസന രേഖയുടെ അനുബന്ധമായി പ്രസിദ്ധീകരിക്കേണ്ടതാണ്.

വികസന രേഖാ രചനയുടെ വിവിധതലങ്ങളിൽ സഹകരിച്ച എല്ലാവർക്കും നന്ദി പറയുന്നു.

ബി. എൻ. സൈജു രാജ് (K.R.P)
കൺവീനർ
ജനകീയാസൂത്രണ പ്രസ്ഥാനം
അഞ്ചുതെങ്ങ്
ഗ്രാമപഞ്ചായത്ത്

വികസന റിപ്പോർട്ട്
തയ്യാറാക്കിയതിൽ സഹായികൾ

1.	ക്ലറിലോറൺസ്	(Ward I)	19.	സലിത	,,
2.	ജോയി		20	ശ്രീജ	,,
3.	സിസ്റ്റർ മേരിക്കുട്ടി	ward 1	21.	വിജിമോൾ	Ward 7
4.	ലിയാമ്മ മുനിയാസ് (DRP)	ward 2	22.	ശശിലേഖ	,,
5.	റീറ്റ അലക്സ്	,,	23.	ഉദയസിംഹൻ	,,
6.	L. ആന്റണി	,,	24.	ഷാജി ,സജീവ്	,,
7.	ആന്റോ ആന്റണി		25.	സിസ്റ്റർ വത്സ	,,
8.	രേഖാ ബർണ്ണബാസ്	Ward 3	26.	സുനി. പി	Ward 8
9.	മേരിദാസൻ	,,	27.	രേഖ	,,
10.	വെങ്കിടാചലം	,,	28.	സജല	,,
11.	ഫ്രാൻസിസ്		29.	പ്രമീള സിദ്ധാർത്ഥൻ	,,
12.	അലോഷ്യസ്	Ward 4	30.	ജയശ്രീ രാമൻ	,,
13.	ബഞ്ചമിൻ ഫെർണാണ്ടസ് (DRP)		31.	രാജു S. DRP	Ward 9
14.	സിജി ദാസൻ	Ward 5	32.	സുന്ദരേശൻ	,,
15.	ഫ്രാൻസിസ്	,,	33.	ദേവരാജ്	,,
16.	ലതികാ കെ	Ward 6	34.	K. മജ്ന DRP	,,
17.	സുധ. എസ്	,,	35.	Y. ശശാങ്കൻ DRP	,,
18.	വത്സല അശോക്	,,	36.	എ. നടേശൻ	,,

ചെയർമാൻ
സ്റ്റാന്റിംഗ് കമ്മിറ്റി
അഞ്ചുതെങ്ങ് പഞ്ചായത്ത്

ഉപസംഹാരം

വികസനമെന്നാൽ റോഡും പാലവും തെരുവു വിളക്കുകളും മാത്രമാണർത്ഥമെന്ന മൂഢ വിശ്വാസം എങ്ങനെയോ നമ്മിൽ ആണ്ടുപോയിരുന്നു. എന്നാൽ അതിലുപരി നമ്മുടെ ദൈനം ദിന ജീവിതത്തിനാവശ്യമായ കാര്യങ്ങളിൽ കഴിയാവുന്നത്ര സ്വയം പര്യാപ്തമാവാൻ ശ്രമിക്കലാണ് വികസനം എന്നു നാമിപ്പോൾ തിരിച്ചറിയുന്നു. വേണ്ടത്ര കൃത്യമായ ധാരണയോടെയല്ലെങ്കിലും ഗ്രാമസഭകളിലും മറ്റു തുടർ പ്രവർത്തനങ്ങളിലും ഉണ്ടായ വിപുലമായ ജനപങ്കാളിത്തം ഇതിന്റെ തെളിവാണല്ലോ.

ലക്ഷ്യബോധത്തോടെയുള്ള ഈ പ്രവർത്തനം ഇനിയും കാര്യക്ഷമമായി നാം മുന്നോട്ടു കൊണ്ടുപോകേണ്ടതുണ്ട്. ഈ വികസന റിപ്പോർട്ടിൽ നാം സമാഹരിച്ചിട്ടുള്ള നമ്മുടെ പ്രശ്നങ്ങളും ആവശ്യങ്ങളും പദ്ധതികളായി മാറ്റി പ്രായോഗികമാക്കുന്ന ഘട്ടമാവുമ്പോൾ മുൻ കാലങ്ങളിലെപ്പോലെ നാം കാഴ്ചക്കാരല്ല, നടത്തിപ്പുകാരാണ് എന്ന യാഥാർത്ഥ്യം നമ്മുടെ ഉത്തരവാദിത്തം വർദ്ധിപ്പിക്കുന്നു.

ഈ ഉത്തരവാദിത്തം ആത്മവിശ്വാസത്തോടെ നമുക്കേറ്റെടുക്കാം. വികസനം സർക്കാരിന്റെ വിവിധ തലങ്ങളിലെ വികസനേതര താല്പര്യങ്ങളിൽ കുരുങ്ങിക്കിടക്കുന്ന ഇന്നത്തെ നിലമാറ്റിയെടുക്കാം, ജനപങ്കാളിത്തവും ജനജാഗ്രതയും ഇതിനായി കൂടുതൽ സമാഹരിക്കുമെന്ന് നമുക്ക് പ്രതിജ്ഞചെയ്യാം.

S. സുരേന്ദ്രൻ
(ചെയർമാൻ സ്റ്റാന്റിംഗ്. കമ്മിറ്റി)

പ്രാഥമിക സെൻസസ് സ്ഥിതി വിവരകണക്കുകൾ : -അഞ്ചുതെങ്ങ്

1	2		3		4		5		6		7		8		9		10		11		12		13		14	
വാർഡ് നമ്പർ	തൊഴിൽരഹിതർ		തൊഴിലാളികൾ		മറ്റുജോലികൾ		വാർത്താവിനിമയം സംഭരണം		വാണിജ്യം വ്യവസായം		നിർമ്മാണം		ഗാർഹികാവശ്യങ്ങൾക്കുള്ള പ്രാഥമികസംസ്കരണം		വീടുമായി ബന്ധപ്പെട്ട സേവനങ്ങൾ		വ്യവസായം വാണിജ്യം		മൃഗസംരക്ഷണം, വനം, മത്സ്യബന്ധനം, ഖനനം, ഓർക്കിഡ്, കൃഷിയിതര കാര്യങ്ങൾ		കാർഷികത്തൊഴിലാളികൾ		പോഷകർഷകർ		ആകെ ജനസംഖ്യ	
	F	M	F	M	F	M	F	M	F	M	F	M	F	M	F	M	F	M	F	M	F	M	F	M	F	M
1	562	352	X	X	8	12	X	1	169	11	x	x	x	5	1	1	x	x	x	425	x	x	x	x	178	455
2	989	560	x	x	34	89	x	4	149	14	x	3	x	9	x	1	x	x	x	533	x	x	x	x	183	654
3	507	402	42	60	2	9	x	7	110	6	x	x	x	1	x	x	x	x	x	194	16	26	14	33	142	276
4	900	643	1	2	3	14	1	11	154	19	x	x	x	x	x	x	x	x	3	566	x	x	x	x	162	618
5	862	541	3	9	12	10	x	x	210	15	x	1	10	2	x	x	x	x	x	x	536	x	16	x	232	580
6	804	503	x	x	23	114	x	25	128	73	1	15	73	45	1	1x	1	x	39	x	x	x	4	226	317	
7	555	338	2	5	22	33	6	54	111	64	x	57	111	32	8	14	x	x	1	72	x	x	x	1	259	327
8	613	403	3	1	20	46	4	50	59	58	2	34	206	70	x	x	x	x	2	104	8	17	12	16	313	395
9	620	442	41	81	33	40	x	41	13	53	x	19	200	40	22	20	x	x	x	58	7	24	1	16	276	311